5. ജില്ലയിലെ ഏററവും പ്രധാനവിള വായ നെല്ല്, മാർക്കററ ചെയ്യുന്നതിനു് ഒരു ജില്ലാ സഹകരണമാർക്കററിംഗ് സംഘം ഏർപ്പെടുത്തണമെന്നും ബേങ്ക് അക്കൌണ്ടത്തിൽ മുൻകൈയെടുക്കണമെന്നുമുള്ളതാണ് മ റെറാ രു തീരുമാനം.

തൃപ്പൂണിത്തുറ കൈത്തറിനെയ്ത്തു സഹകരണസംഘം

തൃപ്പൂണിത്തുറ കൈത്തറിനെയ്ത്തു സഹകരണസംഘത്തിൻെറ 4-ാമതു വാർഷികപൊതുയോഗം 1961 ആഗസ്റ്റ് 5-ാംനു- വൈകുന്നേരം 5 മണിക്കു് സംഘം പ്രസിഡണ്ടു് ശ്രീ. എ. ജി. രാഘവമേനോൻെറ അദ്ധ്യക്ഷതയിൽ കൂടി. സെക്രട്ടറിയുടെ സ്വാഗതപ്രസംഗം; അദ്ധ്യക്ഷൻെറ ഉപക്രമപ്രസംഗം എന്നിവയ്ക്കുശേഷം 60-61ലെ പ്രവർത്തനറിപ്പോർട്ടും 61-62ലേയ്ക്കുള്ള ബഡ്ജററും ചർച്ച്ചെയ്തു് അംഗീകരിച്ചു. തുടൎന്നു് ഏഴംഗങ്ങളടങ്ങിയ പുതിയ ഭരണസമിതിയെ തിരഞ്ഞെടുക്കുകയും ചെയ്തു. യോഗത്തിൽ ദേശീയ യൂണിയൻ പ്രതിനിധി ശ്രീ. കെ. എ. വൎഗ്ഗീസ്മാസ്റ്റർ ബി. എ., ബി. ടി. അവർകൾ ആദ്യവസാനം സന്നിഹിതനായിരുന്നു. ഒരു ചെറിയ ചായസല്ക്കാരത്തിനുശേഷം പ്രസിഡണ്ടിൻെറ ഉപസംഹാരത്തോടുകൂടി യോഗം പൎയ്യവസാനിച്ചു.

3280-ാംനമ്പർ തൃശ്ശൂർ കോ-ഓപ്പറേററീവ് മിൽക്ക് സപ്ലൈ യൂണിയൻ

യൂണിയൻെറ വാർഷികപൊതുയോഗം പ്രസിഡെണ്ടു് ശ്രീ. പി. ബാലകൃഷ്ണമേനോൻെറ അദ്ധ്യക്ഷതയിൽ നമ്പൂതിരി വിദ്യാലയത്തിൽ വെച്ചു കൂടുകയുണ്ടായി. 55—56, 56—57, 57—58, 58—59, 59—60 എന്നീ കൊല്ലങ്ങളിലെ ഡിപ്പാർട്ടുമെൻറിൽനിന്നും ആഡിററ ചെയ്ത കണക്കുകളും ഓഡിററു് ഉത്തരവുകളും വായിച്ചു പാസ്സാക്കുകയും 61—62ലേക്കു കമ്മിററി തയ്യാറാക്കിയ ബഡ്ജററു് എസ്റ്റിമേററു് അംഗീകരിക്കുകയും ചെയ്തു. 61—62ലെ ഭരണസമിതിയിലേയ്ക്കു മെ: പി. ബാലകൃഷ്ണമേനോൻ, എം. ഭാസ്കരമേനോൻ, ആർ. ഭാസ്കരമേനോൻ, കെ. എസ്സ്. മഹാദേവയ്യർ, ആർ. പോൾ തോട്ടാൻ എന്നിവരേയും, കേരള സഹകരണ ഇൻസ്റ്റിട്യൂട്ടിലേയ്ക്കു യൂണിയൻ പ്രതിനിധിയായി ശ്രീ. പി. മാധവമേനോനേയും തിരഞ്ഞെടുത്തു. 59—60ലെ ആദായത്തിൽനിന്നു 6 ശതമാനം ഡിവിഡണ്ടു കൊടുക്കുവാൻ തീരുമാനിച്ചു.

ഭരണറിപ്പോർട്ട്

തിരുമറയൂർ സർവ്വീസ്സ് ബാങ്ക്

809-ാം നമ്പർ തിരുമറയൂർ സർവ്വീസ് സഹകരണബാങ്കിൻെറ 1960-61ലെ ഭരണറിപ്പോർട്ടും കണക്കുകളും അയച്ചുകിട്ടിയിരിക്കുന്നു.

സംഘത്തിൽ 1355 അംഗങ്ങളും, 55,212 ക. ഓഹരിസംഖ്യയും നിലവുണ്ടു്. സംഘം റിപ്പോർട്ടുവർഷത്തിൽ 3,02,262ക. വായ്പ നല്കീയിരിക്കുന്നു. അതിൽ 36,683ക. പണ്ടം പണയത്തിന്മേലാണു്. 15,748ക. കാർഷികോല്പന്ന വായ്പയും, 1,39,136ക. ഹ്രസ്വകാലവായ്പയുമാകുന്നു. ആണ്ടവസാനം അംഗങ്ങളിൽനിന്നീടാകാൻ ബാക്കി നിലവു 2,75,064ക. 25നപ. യാണു്.

ഈ സംഘം ജില്ലാ ബാങ്കിൽ 28000ക.യ്ക്കുള്ള 280 ഓഹരികൾ എടുത്തിട്ടുണ്ടു്. 2,57,817 ക. 72. നപ.യാണു് ജില്ലാ ബാങ്കിൽ കൊടുത്തുവീട്ടാൻ ബാക്കി നിലവു്.

100ക.യിൽ താഴെയുള്ള 10 കുറികൾ സംഘം നടത്തിവരുന്നുണ്ടു്. ചില കുറികൾ വട്ടമെത്തി. ഒന്നിലും പിരിഞ്ഞുകിട്ടുവാൻ ബാക്കിയില്ല. 2000ക. സലയിലൊരു കുറി തുടങ്ങുവാൻ അനുമതിക്കപേക്ഷിച്ചിരിക്കുന്നു.

വിത്തു, വളം, കീടനാശിനി മുതലായ ഇനങ്ങളിൽ 57,745.04ക.യ്ക്കു സംഘം വിൽപന നടത്തിയിരിക്കുന്നു. 7455.71ക.യ്ക്കുള്ള വളം ആണ്ടവസാനം സ്റ്റോക്കുണ്ടു്. സംഘം കൃഷിവകുപ്പിൽനിന്നു തെങ്ങിൻതൈകൾ വാങ്ങി വിതരണംചെയ്യാനാരംഭിക്കുകയും, എന്നാൽ തൈകൾ പാകമാകാത്ത വിത്തു പാകി ഉണ്ടാക്കിയതാണെന്നു ബോദ്ധ്യമാകയാൽ നിൎത്തേണ്ടിവരികയും ചെയ്തുയുണ്ടായെന്നു റിപ്പോർട്ടിൽ പറഞ്ഞുകാണുന്നു. നേരാണെങ്കിൽ, കൃഷിവകുപ്പിനെക്കുറിച്ചിങ്ങനെയൊരാക്ഷേപം, ഇത്രയും നല്ല ഒരു സംഘത്തെക്കൊണ്ടു, പറയിക്കാനിടവരുത്തിയതു്, ഖേദകരമാണു്.

(8-ാംപേജിൽനിന്നു് തുടർച്ച്)

ശേഷിയും അദ്ദേഹത്തെ വിജയത്തിലേക്കുയർത്തി വിട്ടു. മുപ്പതാമത്തെ വയസ്സിൽ ഒരു മില്ലിന്റെ (New Lauark) പങ്കുകാരനും മാനേജരും ആകാനും ക്രമത്തിൽ അതിന്റെ ഉടമസ്ഥത മുഴുവൻ സ്വായത്തമാക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. കൊച്ചുന്നാളിലേ മില്ലിൽ ജോലിക്കു ചേർന്നു തൊഴിലാളികളുടെ ദുരിതങ്ങൾ അനുഭവിച്ചറിയാൻ കഴിഞ്ഞ അദ്ദേഹം, മില്ലിന്റെ ഉടമയായതും ദുരിതപൂരിതമായ അവരുടെ ജീവിതത്തിനാശ്വാസം നൽകുവാനുള്ള നടപടികൾ കൈക്കൊണ്ടു. ഹൃദയാലുത്വവും, വിശാലവീക്ഷണവുംകൊണ്ട് അക്കാലത്തെ വ്യവസായ ഉടമകളിൽനിന്നൊററപ്പെട്ടുനില്ക്കുന്നു റോബർട്ട് ഓവൻ.

ഓവന്റെ വിശ്വാസപ്രമാണം

അർത്ഥശാസ്ത്രചരിത്രത്തിൽ അസോസിയേഷനിസ്ററുകൾ എന്നറിയപ്പെടുന്ന ഒരു വിഭാഗത്തെപ്പററി പറഞ്ഞുകാണുന്നുണ്ട്. അക്കൂട്ടത്തിൽപ്പെട്ടയാളാണ് ഓവൻ. പരിതഃസ്ഥിതികളാണ് മനുഷ്യനെ സൃഷ്ടിക്കുന്നതെന്ന വാദക്കാരാണവർ. മനുഷ്യൻ സന്മാർഗ്ഗബോധവും സ്വഭാവനിഷ്ഠയും ഉള്ളവനാകണമെങ്കിൽ അതിനൊത്ത പരിതഃസ്ഥിതിയുണ്ടാക്കിക്കൊടുക്കണമെന്നും, അനുകൂലപരിതഃസ്ഥിതിയുണ്ടായാൽ അവനങ്ങനെ ആയിക്കൊള്ളുമെന്നും അവർ വിശ്വസിക്കുന്നു. മനുഷ്യൻ പരിതഃസ്ഥിതികളുടെ സൃഷ്ടിയാകയാൽ അവന്റെ കർമ്മങ്ങൾക്കുത്തരവാദി അവനല്ലെന്നും, അവന്റെ ദുഷ്കർമ്മങ്ങൾക്കവൻ ശിക്ഷാർഹനല്ലെന്നുമുള്ള വിശ്വാസഗതിയാണവർക്കുള്ളത്. സ്വർഗ്ഗനരകങ്ങളെക്കൂടി സ്പർശിക്കുന്ന വിശ്വാസഗതിയാണിത്. ഇതു മതവിശ്വാസങ്ങൾക്കും മതപ്രചാരകന്മാർക്കും എതിരാണല്ലോ. മതപ്രചാരകന്മാരെ ഓവൻ എതിർക്കുകതന്നെ ചെയ്തു. സ്വകാര്യസമ്പാദ്യത്തിലും, പരസ്പരമത്സരത്തിലും അടിയുറച്ചു നിൽക്കുന്ന മുതലാളിത്തവ്യവസ്ഥിതിയാണ് മനുഷ്യന്റെ പുരോഗതിയെ തടഞ്ഞുവെയ്ക്കുന്നതെന്നദ്ദേഹം സ്ഥാപിച്ചു. വ്യക്തിമത്സരത്തെയും, അന്യോന്യം വെട്ടിപ്പിടിച്ചു ലാഭമാർജ്ജിക്കുന്ന സമ്പ്രദായത്തെയും അദ്ദേഹമാക്ഷേപിച്ചു. പില്ക്കാലത്ത് അദ്ദേഹമേർപ്പെടുത്തിയ കമ്യൂണിസ്റ്റ് കോളനികളിൽ ഈ സമ്പ്രദായങ്ങൾ നിർമ്മാർജ്ജനം ചെയ്യുവാൻ ശ്രമിക്കുകയും ചെയ്തു. തൊഴിലാളികളുടെ കടുത്ത ദാരിദ്ര്യവും, മലിനവും കഠിനവുമായ പരിതോവസ്ഥയും കണ്ടു കരളലിഞ്ഞ അദ്ദേഹം അനുകൂലസാഹചര്യം സൃഷ്ടിച്ച് അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ യത്നിച്ചുവെങ്കിൽ അത്ഭുതപ്പെടുവാനില്ല. തത്വപ്രസംഗങ്ങളിൽ ഒതുങ്ങിക്കഴിയുവാനാഗ്രഹിക്കാത്തവരെസ്സംബന്ധിച്ചേടത്തോളം അങ്ങനെ സംഭവിക്കുക സ്വാഭാവികമാണല്ലോ.

പരിഷ്കരണനടപടികൾ

ന്യൂ ലാനാർക്കു ഫാക്ടറിയുടെ ഉടമാവകാശം ഓവൻ സ്വായത്തമാക്കിയെന്നു മുമ്പു പറഞ്ഞുപോയിട്ടുണ്ട്. ഉടമസ്ഥാവകാശം കൈയിലായതോടെ ഫാക്ടറിയിൽ തൊഴിലാളികളെസ്സംബന്ധിച്ചു പല പരിഷ്കാരങ്ങളും അദ്ദേഹം നടപ്പിൽ വരുത്തി. ജോലിസമയം ചുരുക്കുക, കുട്ടികളെക്കൊണ്ടു പണിയെടുപ്പിക്കലും, തൊഴിലാളികളിൽനിന്നു പിഴയീടാക്കലും നിർത്തലാക്കുക എന്നിവയാണ് ഓവൻ കൈക്കൊണ്ട പരിഷ്കൃതികളിൽ പ്രധാനങ്ങൾ.

വേലസമയം ചുരുക്കൽ

അക്കാലത്തൊരു ഫാക്ടറിയിൽ ഒരു തൊഴിലാളി ദിവസേന 16-ം, 17-ം മണിക്കൂറുക

റിപ്പോർട്ടുവർഷത്തിൽ സംഘത്തിന്റെ അററാദായം 3454.77ക.യാണ്. 1958-ലും, 1959ലും സംഘപ്രവർത്തനം നഷ്ടത്തിലായിരുന്നുവെന്നു കാണുന്നു. റിപ്പോർട്ടുവർഷത്തിൽ പൊതുയോഗം മൂന്നു തവണയും, കമ്മിററി 35 തവണയും എക്സിക്യൂട്ടീവ് കമ്മിററി 31 തവണയും ചേർന്നിട്ടുണ്ട്. സംഘപ്രവർത്തനം മാതൃകായോഗ്യവും, പ്രവർത്തകർ കാണിക്കുന്ന ഉത്സാഹം അഭിനന്ദനാർഹവുമാണെന്നു പറയേണ്ടിയിരിക്കുന്നു.

——

ളാണ് പതിവായി ജോലിചെയ്യേണ്ടിയിരുന്നതു്. ഫാക്ടറിയിൽ ജോലിചെയ്യുന്ന തൊഴിലാളികളോടല്ല, തങ്ങൾ വില കൊടുത്തു വാങ്ങിയ യന്ത്രങ്ങളോടായിരുന്നു മുതലാളിമാർക്കധികമിഷ്ടം. യന്ത്രങ്ങളെക്കൊണ്ടു കൂടുതൽ സമയം പ്രവർത്തിപ്പിക്കുന്നതിൽ തോന്നിയ വിഷമം അവർക്കു തൊഴിലാളികളെക്കൊണ്ടു 16-ം, 17-ം മണിക്കൂർ വേലചെയ്യിക്കുന്നതിൽ തോന്നിയില്ല. ഇതിനു വിപരീതമായി തൊഴിലാളികളെ മാനിച്ചേ കഴിയൂ എന്നു തോന്നി ഓവനു്. ഫാക്ടറിയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുപകരിക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. അതനുസരിച്ചു തന്റെ ഫാക്ടറിയിൽ വേലസമയം 17 മണിക്കൂറിൽനിന്നു 10 മണിക്കൂറായി അദ്ദേഹം വെട്ടിച്ചുരുക്കി. കൂലിയിൽ കുറവുവരുത്തിയില്ല എന്നുമാത്രമല്ല, സ്വല്പം കൂട്ടുകയും, ജോലി ചെയ്യുന്നേടത്തും, ജീവിക്കുന്നേടത്തും പല സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. തൊഴിലാളികൾക്കു ക്ഷേമാഭിവൃദ്ധിയും, സംതൃപ്തിയും അതുമൂലമുളവായി. ഓവന്റെ പരിഷ്കരണനടപടികൾ മററു മുതലാളിമാർക്കു രുചിച്ചില്ല; ദഹിച്ചുമില്ല. ഓവനെ അവർ കിറുക്കനായി കണക്കാക്കി. പണനഷ്ടംമൂലം കമ്പനി പൊളിയുമെന്നവർ ആശിച്ചു. പക്ഷേ സംഭവിച്ചതു മറിച്ചാണ്. ഓവന്റെ ഫാക്ടറിയിൽ ഉൽപാദനം വർദ്ധിക്കുകയും, കൂടുതൽ കാര്യക്ഷമമാവുകയുമാണുണ്ടായതു്. തൊഴിലാളികൾ സത്യസന്ധതയും, ആത്മാർത്ഥതയും ദീക്ഷിച്ചു. ഉള്ള സമയംകൊണ്ടവർ കൂടുതലദ്ധ്വാനിച്ചു. ജോലിയിൽ കൂടുതൽ ശ്രദ്ധ ചെലുത്തി. ഉൽപാദനം വർദ്ധിക്കുകമാത്രമല്ലായിരുന്നു ഫലം; ഉൽപന്നങ്ങളുടെ ഗുണവും മെച്ചപ്പെട്ടു. തങ്ങളുടെ വേല മേലന്വേഷണംചെയ്തിരുന്ന ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിട്ടുകൊള്ളുവാനവർ ഓവനോടാവശ്യപ്പെടുകയും മേലന്വേഷകരെക്കൂടാതെതന്നെ തങ്ങൾ ജോലി കൃത്യമായും കാര്യക്ഷമമായും നടത്തിക്കൊടുക്കുമെന്നു് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. ഫാക്ടറിയിലെ സാമഗ്രികളെ അവർ പൊന്നുപോലെ സൂക്ഷിച്ചു. എല്ലാമായപ്പോൾ ആദായവും വർദ്ധിച്ചു.

കുട്ടികളെക്കൊണ്ടു പണിയെടുപ്പിക്കൽ

കുട്ടികളെക്കൊണ്ടു പണിയെടുപ്പിക്കുന്നതു ഫാക്ടറിയുടമസ്ഥർക്കു ലാഭകരമാണ്. ജോലി പരിചയിപ്പിക്കുക എന്നതിന്റെ പേരിൽ കൂലി നൽകാതെയോ, നൽകുന്നെങ്കിൽതന്നെ നിസ്സാരക്കൂലി നൽകിയോ അവരെക്കൊണ്ടു പണിയെടുപ്പിക്കാം. ഇന്നു് ഒരൊത്ത മനുഷ്യനെക്കൊണ്ടു ചെയ്യിക്കുന്നതിൽ കൂടുതൽ സമയം അക്കാലത്തു് ഇംഗ്ലണ്ടിലെ ഫാക്ടറിയുടമകൾ പിഞ്ചുപൈതങ്ങളെക്കൊണ്ടു ജോലി ചെയ്യിച്ചിരുന്നു. കുട്ടികളുടെ ആരോഗ്യവും വളർച്ചയും മുരടിപ്പിക്കുന്ന ഏർപ്പാടാണിതു്. അങ്ങനെ സംഭവിക്കുന്നതു് ഒരു ദേശീയനഷ്ടവുമാകുന്നു. ലാഭം നോക്കി കുട്ടികളെ ജോലിക്കെടുക്കുന്നതുകൊണ്ടു മുതിർന്നവർക്കിടയിൽ തൊഴിലില്ലായ്മ വർദ്ധിക്കുന്നു. ഈ വസ്തുത തികച്ചും ബോദ്ധ്യപ്പെട്ടിരുന്ന ഓവൻ 10 വയസ്സിനു താഴെയുള്ള കുട്ടികളെ തന്റെ ഫാക്ടറിയിൽ ജോലിക്കെടുക്കുകയില്ലെന്നു നിശ്ചയിച്ചു. തന്നെയുമല്ല, തൊഴിലാളിക്കോളനികളിൽ തൊഴിലാളികളുടെ കുട്ടികൾക്കായി വിദ്യാലയങ്ങൾ സ്ഥാപിക്കുകയും, ക്ഷേമപ്രവർത്തനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

പിഴയിടൽ അവസാനിപ്പിച്ചു

തുച്ഛമായ കൂലി. അതിൽനിന്നു തൊഴിലുടമ പിഴയും ഈടാക്കിയാലോ! ചെറിയ പിഴകളല്ല; വലിയവതന്നെ. നിസ്സാരവീഴ്ച കണ്ടാൽ മതി; വലിയ പിഴയായി. തൊഴിലാളിയുടെ ജീവിതമാകുന്ന കത്തുന്ന തീയിൽ നെയ്യൊഴിക്കലാകുന്ന ഈ സമ്പ്രദായത്തെയും ഓവൻ എതിർത്തു. പിഴയിടലും ഒരു പിടിച്ചുപറിയാണെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. കുറഞ്ഞ കൂലി; അതൊരു ചൂഷണം. അതിൽനിന്നൊരു ഭാഗം പിഴയായി പിടിച്ചെടുക്കൽ; മറെറാരു ചൂഷണം. കുട്ടികളെ വിളിച്ചു ജോലി

ചെയ്യിച്ച മുതിർന്നവർക്കു തൊഴിലില്ലാതാക്കൽ; അങ്ങനെയുമൊരു ചൂഷണം. എല്ലാററിലും ഭയങ്കരമാണു് ഉള്ള കൂലി പൈസയായി കൊടുക്കില്ലെന്നതു്. ഫാക്ടറിയുടമ ഫാക്ടറിപരിസരത്തു സ്ഥാപിച്ചിരിക്കുന്ന പലചരക്കുകടകളിൽ നിന്നു സാധനമായി വാങ്ങിക്കൊള്ളണം അവർ കൂലി. പൊട്ട സാമാനം; കൂടിയ വില; അളവിലും തൂക്കത്തിലും വെട്ടിപ്പും. ഈ ചൂഷണമുറകളൊക്കെ തന്റെ ഫാക്ടറിയെ സംബന്ധിച്ചേടത്തോളം ഓവൻ അവസാനിപ്പിച്ചു. ഓരോ തൊഴിലാളിക്കും പ്രത്യേകം റിക്കാർഡു ഷീറെറപ്പെടുത്തി.

വേറെയും ചിലതു ചെയ്തു. ഫാക്ടറിയോടനുബന്ധിച്ചു് ആസ്പത്രികൾ സ്ഥാപിച്ചു. തൊഴിലാളികൾക്കതുമൂലം സൗജന്യവൈദ്യസഹായം ലബ്ധമായി. കുട്ടികൾക്കും, മുതിർന്നവർക്കും കായികവിനോദങ്ങൾക്കായി കളിസ്ഥലങ്ങളേർപ്പെടുത്തി. തൊഴിലാളികൾക്കു വിനോദയാത്രകൾക്കേർപ്പാടു ചെയ്തു. ഇന്നു തൊഴിലാളികൾക്കിടയിൽ ഗവൺമെന്റിന്റെ വകയായും ഫാക്ടറിയുടമകളുടെ വകയായും പല ക്ഷേമപ്രവർത്തനങ്ങളും നടക്കുന്നുണ്ടു്. നിയമമുണ്ടാക്കി നിർബ്ബന്ധിക്കുകയാൽ ഇന്നു് അതൊക്കെ നടക്കുന്നതാണു്. ഇന്നത്തെ ക്ഷേമപ്രവർത്തനങ്ങൾക്കും, അവയ്ക്കാധാരമായി നിൽക്കുന്ന നിയമനിർമ്മാണങ്ങൾക്കും മുന്നോടിയായി നിൽക്കുന്നതു റോബർട്ടു് ഓവൻ എന്ന മാന്യനാണെന്നു കാണാം. സംഘടിതശ്രമത്താലും, നീണ്ടു നടത്തിയ സമരംകൊണ്ടും തൊഴിലാളികൾ നേടിയെടുത്ത ഫാക്ടറിനിയമത്തിനും, മററവകാശങ്ങൾക്കും ഓവനോടു വലിയ കടപ്പാടുണ്ടു്.

A UNIQUE SCHEME IN THE HISTORY OF GENERAL INSURANCE
!!! OUR POLICY HOLDERS SHARE IN OUR PROFITS !!!

THE UNION CO-OP. INSURANCE SOCIETY LTD.

(Head Office:—U. C. I Bldg., Sir P. M. Road, Bombay—1)

BONUS to Policy-holders:

14 % of the net Premium paid back in 1959
DIVIDEND to Shareholders and Bonus to Policy-holders: 6¼% free of tax and 10% free of tax respectively in 1960

We offer: COMPOSITE PACKAGE POLICY
(Covering Fidelity Guarantee, Cash-in-Transit & Burglary risks)

at very nominal premium.

BANKERS' BLANKET POLICIES FOR BANKS.

For all your requirements in:-

Fire	Fidelity Guarantee	Cash-in Transit
Theft & Burglary	Workmens' compensation	Personal Accident
Motor	Machinery Breakdown	Marine
Pedal Cycle	Hire purchase guarantee	Radios
Cattle	Crop	Etc., etc., Insurances.

Please Contact:

SRI K. T. MENON Br. Secretary, Station Road, TRICHUR-1	Adm: Office: Sreemoolam Fine Arts Bldg., Main Road, TRIVANDRUM	KERALA STATE CO-OPT. MARKETING FEDERATION P. B. No. 80. CALICUT-1

Kerala Branch: VARAPPAN'S BLDG., BANERJI ROAD, ERNAKULAM.

Results of the Higher Diploma in Co-operation (H. D. C.)
Examination held in April 1961.

(Of the 3 Colleges at Trivandrum, Trichur and Kozhikode)

First Class:- Nil.

Second Class:-Register Nos. 11, 12, 23, 55, 57, 86, 99, 111, 172, 194.

Third Class:-Register Nos. 3, 4, 9, 14, 15, 16, 19, 20, 21, 22, 24, 25, 26, 28, 32, 35, 36, 37, 38, 47, 50, 51, 52, 58, 59, 61, 62, 64, 65, 67, 68, 71, 72, 73, 75, 77, 78, 81, 82, 83, 84, 85, 92, 93, 94, 97, 108, 109, 112, 115, 117, 119, 126, 127, 128, 130, 132, 133, 134, 138, 139, 140, 141, 142, 145, 146, 149, 150, 152, 154, 157, 159, 161, 162, 164, 165, 166, 167, 168, 169, 170, 171, 173, 175, 176, 177, 178, 181, 187, 190, 191, 193, 196, 197, 198, 199.

V. NARAYANA PILLAI,
Secretary, Board of Examiners.

Names of students who have come out successful in the Examination from the Co-operative College, Trichur.

	NAME	REG. NO.
Second Class		
1	Sri P. A. David	55
2	,, E. A. George	57
3	,, K. R. Rudran Nambudiri	86
4	,, K. J. Thomas	99
Third Class		
1	Sri K. Bhanudas	47
2	Kumari K. P. Dakshayani	50
3	Sri N. Damodara Kurup	51
4	,, K. C. Damodharan Nambudiripad	52
5	,, K. I. Gopalan	58
6	,, K. Hamza	59
7	,, M. C. James	61
8	,, John Cherian	62
9	,, P. T. Joseph	64
10	,, K. H. Joy	65
11	,, P. B. Kunji Moideen	67
12	,, T. A. Kunjanthony	68
13	Kumari K. Meenakshi	71
14	Sri P. M. Moideen Shah	72
15	,, K. Muraleedharan	73
16	,, M. Narayanan Nambudiri	76
17	,, T. A. Narayanan	77
18	,, C. A. Panicker	78
19	,, P. V. Peethambaran	81
20	Kumari A. P. Rajalakshmy	82
21	Sri N. G. Raman	83
22	,, T. N. Raman	84
23	Kumari M. A. Rosy	85
24	Sri S. L. Sebastian	92
25	,, A. Sethumadhavan	93
26	,, K. K. Sidharthan	94
27	,, K. K. Subramanian	97

Total Number sat for the Examination 59
Total Number came out successful 31

JOSEPH MUNDASSERY, PRINCIPAL.

BUDGET ESTIMATE OF THE COCHIN CENTRAL CO-OPERATIVE INSTITUTE LTD., FOR THE YEAR 1961-62.

RECEIPTS

	PARTICULARS	Budget for 1960-61	Actuals of 1960-61	Budget for 1961-62
1	Government grant (including balance due for the year 1960-61)	5000.00	925-00	4075.00
2	Contribution from C. B.	1000.00	1000-00	1000.00
3	Do from Marketing Society	1000.00	150.00	—
4	Subn. from Unions	60-00	75.00	36-00
5	Do from individual members	50.00	36-00	15.00
6	Interest on B. M. M. Fund	120.00	120-00	120-00
7	Magazine subscription	1500.00	815-85	1000.00
8	Co-op: Week Celebration	500-00	231-00	200.00
9	District Conference	500.00	278-00	1000.00
10	Interest on deposits	120-00	115.59	120.00
11	H. D. C. Course	9000-00	11617-50	10000-00
12	N. D. C. Course (new)	—	—	5000-00
13	Training Centere	3600-00	4404-05	3600-00
14	Miscellaneous	50.00	—	50.00
	TOTALS	22500.00	19767-99	26216.00
			DEFICIT	5105.00
			GRAND TOTAL	31321.00

DISBURSEMENTS

	PARTICULARS	Budget for 1960-61	Actuals of 1960-61	Budget for 1961-62
1	Establishment charges:-			
	Pay (including arrear pay and allowances for June '61)	1665-00	1594-50	1885-50
	Allowances	900-00	887.00	1068-00
	P. F. Contribution	106-50	99-63	118.50
2	Conveyance allowance	600.00	600.00	600-00
3	T. A., D. A., & S. F.	1000-00	663-50	1500.00
4	Office rent	150-00	150.00	150.00
5	Lighting charges	60-00	38-53	60.00
6	Printing & Stationery	75.00	62-97	100.00
7	Postage	75.00	68-62	100-00
8	Furniture	300.00	55.08	250-00
9	General Body meeting	100-00	56.07	100-00
10	Subn to Kerala Institute	50.00	50-00	50.00
11	B. M. M. Prize distribution	120.00	50.00	120-00
12	Library & Reading Room	150-00	95-81	100.00
13	Magazine Publication	5000.00	2440-82	4000-00
14	Co.op. Week celebration	800.00	680-18	800-00
15	District Conference	1500-00	1470-93	2000-00
16	Propaganda (Panchayat Conferance)	300-00	225-00	500-00
17	H. D. C. Course	9000-00	8808.72	10000-00
18	N. D. C Course (new)	—	87.67	4500.00
19	Co-op. Training Centre	3600-00	2744-27	3000-00
20	Office Expenses & Contingencies	150-00	77-43	319.00
	TOTALS	25701.50	21006-73	31321.00

(Sd.) P. MADHAVA MENON, Hon. Secretary.

കൊച്ചി കേന്ദ്ര സഹകരണകാര്യാലയം, ക്ലിപ്തം.

തൃശ്ശിവപേരൂർ.

1960 ജൂൺ 30-ാംനു- കൊണ്ടവസാനിച്ച 35-ാംവർഷത്തെ

ഭരണറിപ്പോർട്ട്

കാര്യാലയത്തിന്റെ 1-7-59 മുതൽ 30-6-60 വരെയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച ഒരു സംക്ഷിപ്തറിപ്പോർട്ടും കണക്കുകളും പൊതുയോഗത്തിന്റെ മുമ്പാകെ സമർപ്പിക്കുന്നതിനു നിർവ്വാഹകസംഘത്തിനു് അതിയായ സന്തോഷമുണ്ടു്.

അംഗങ്ങൾ. റിപ്പോർട്ടുവർഷത്തിൽ പുതിയ അംഗങ്ങൾ ചേരുകയുണ്ടായില്ല. കഴിഞ്ഞ വർഷത്തിലുണ്ടായിരുന്ന 12 യൂണിയനുകളും 2 കേന്ദ്രസ്ഥാപനങ്ങളും, 27 വ്യക്തികളുമാണു് കൊല്ലാവസാനത്തിൽ കാര്യാലയത്തിൽ അംഗങ്ങളായുള്ളതു്.

നിർവ്വാഹകസംഘം. 20 പേരടങ്ങിയ ഒരു നിർവ്വാഹകസംഘം കാര്യാലയത്തിന്റെ ഭരണം നടത്തിപ്പോരുന്നു. 4-10-1959ൽ കൂടിയ പൊതുയോഗത്തിൽവെച്ചാണു് ഇപ്പോഴത്തെ നിർവ്വാഹകസംഘാംഗങ്ങളെ തിരഞ്ഞെടുത്തതു്.

പ്രവർത്തനങ്ങൾ

(i) നിർവ്വാഹകസംഘത്തിന്റെയും കമ്മിററികളുടേയും യോഗങ്ങൾ. റിപ്പോർട്ടുവർഷത്തിൽ നിർവ്വാഹകസംഘം 4 തവണയും സ്റ്റാൻറിംഗ് കമ്മിററി 5 തവണയും പൊതുയോഗം 1 തവണയും യോഗം ചേർന്നു. മുൻകൊല്ലം നിർവ്വാഹകസംഘം 3 തവണയും, സ്റ്റാൻറിംഗ്കമ്മിററി 1 തവണയും പൊതുയോഗം ഒരു തവണയുമാണു് ചേർന്നിട്ടുള്ളതു്. എല്ലാ യോഗങ്ങളിലും ഹാജർ തൃപ്തികരമായിരുന്നു. കൂടാതെ, ഡിസ്ട്രിക്ടു് സഹകരണസമ്മേളനം, സഹകരണവാരാഘോഷം, കോളേജ്-ഹൈസ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഉപന്യാസമത്സരം തുടങ്ങിയവയുടെ നടത്തിപ്പിലേയ്ക്കു് ഏർപ്പെടുത്തപ്പെട്ട സ്പെഷൽ കമ്മിററികളുടെ യോഗങ്ങളും റിപ്പോർട്ടുവർഷത്തിൽ ചേരുകയുണ്ടായിട്ടുണ്ടു്.

(ii) മാസിക. കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ 'സഹകരണപ്രബോധിനി' തുടർന്നു പ്രസിദ്ധീകരിച്ചു. ഓണററി സെക്രട്ടറി ശ്രീ. പി. മാധവമേനോൻതന്നെയായിരുന്നു മാനേജിംഗ് എഡിററർ. സഹകരണവാരാഘോഷപ്പതിപ്പുൾപ്പെടെ റിപ്പോർട്ടുവർഷത്തിൽ 12 ലക്കങ്ങൾ പ്രസിദ്ധപ്പെടുത്തി.

(iii) സഹകരണവാരാഘോഷം. 1959 നവമ്പർ 7-ാംനു- ശനിയാഴ്ചയും തുടർന്നു 6 ദിവസവും അഖിലേന്ത്യാ സഹകരണയൂണിയനിൽനിന്നും ഡിപ്പാർട്ടുമെന്റിൽനിന്നും അയച്ചുകിട്ടിയ പരിപാടിയനുസരിച്ചു സഹകരണവാരമായി ആഘോഷിച്ചു. വാരം വിജയപ്രദമായി കൊണ്ടാടുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങളും സഹകരണസന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖകളും

അച്ചടിപ്പിച്ച യൂണിയനുകൾക്കും സഹകരണസംഘങ്ങൾക്കും അയച്ചുകൊടുത്തു. കാര്യാലയത്തിന്റെയും സ്ഥലം യൂണിയന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരു പ്രസംഗപരിപാടി തയ്യാറാക്കി പട്ടണത്തിലും പരിസരങ്ങളിലും ദിവസേന പൊതുയോഗങ്ങൾ നടത്തുകയും പ്രകടനങ്ങളും, വിദ്യാർത്ഥികളുടെ ഘോഷയാത്രകളും, മററു കലാപരിപാടികളുംകൊണ്ടു പൊതുയോഗങ്ങൾ മോടിപിടിപ്പിക്കുകയുമുണ്ടായി. ഇമ്മാതിരി പൊതുയോഗങ്ങളും, പ്രസംഗങ്ങളും, കലാപരിപാടികളുമൊക്കെ ഡിസ്ട്രിക്ടിന്റെ നാനാഭാഗത്തും യൂണിയനുകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുകയുണ്ടായി. ഓണററി സെക്രട്ടറിയും നിർവ്വാഹകസംഘാംഗങ്ങളിൽ പലരും പ്രസ്തുത യോഗങ്ങളിൽ പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. വാരാഘോഷത്തോടനുബന്ധിച്ച കോളേജ്–ഹൈസ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ സഹകരണത്തെ അധികരിച്ചുള്ള ഒരു ഉപന്യാസമത്സരം ഏർപ്പെടുത്തി ഓരോ ഗ്രൂപ്പിലും വിജയികളായവർക്ക് ബി. എം. മുല്ലോത്ത് മെമ്മോറിയൽ പ്രൈസ്സ് ഒന്നും രണ്ടും സമ്മാനങ്ങൾ വീതം സമാപനസമ്മേളനത്തിൽ വെച്ചു നൽകുകയുണ്ടായി.

(iv) ലൈബ്രറിയും വായനശാലയും. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിൽ ലൈബ്രറിയും വായനശാലയും നടത്തിവരുന്നുണ്ട്. ഇന്ത്യയിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ സഹകരണമാസികകളും പത്രങ്ങളും 'സഹകരണപ്രബോധിനി'ക്കു മാററമായി കിട്ടിക്കൊണ്ടിരുന്നു. ഇവയെല്ലാം വായനശാലയിൽ വെച്ചുപോരുന്നുണ്ട്.

(v) പ്രചരണവും ഗ്രാമപ്രസംഗങ്ങളും. കാര്യാലയം നല്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചു യൂണിയൻപ്രതിനിധികൾ സംഘങ്ങളുടെ പൊതുയോഗങ്ങളിൽ ഹാജരാവുകയും അവയുടെ മേലന്വേഷണം നടത്തുകയും ചെയ്തുവരുന്നുണ്ട്. നിർവ്വാഹകസംഘാംഗങ്ങളും അവരവരുടെ അതൃത്തിയിലുള്ള യൂണിയനുകളും സംഘങ്ങളും സന്ദർശിച്ച് അവയ്ക്കുവേണ്ട പ്രോത്സാഹനങ്ങൾ നല്കിവരുന്നു. ഓണററി സെക്രട്ടറി പതിവിൻപടി യൂണിയനുകളുടെ പൊതുയോഗങ്ങളിൽ ഹാജരാവുകയും അവയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച മേലന്വേഷണം നടത്തുകയും ചെയ്തുവരുന്നുണ്ട്.

(vi) സംഘപ്രവർത്തനങ്ങളെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ. കഴിഞ്ഞ ഡിസ്ട്രിക്ട് കോൺഫറൻസിലെ തീരുമാനമനുസരിച്ച കാര്യാലയത്തിന്റെ വ്യാപകാതൃത്തിയിൽപെട്ട സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചു ഒരു റിപ്പോർട്ടു തയ്യാറാക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. യൂണിയനുകൾ വഴി സംഘങ്ങളെ സമീപിച്ചു കിട്ടിയേടത്തോളം സ്ഥിതിവിവരക്കണക്കുകളുടെ വെളിച്ചത്തിൽ റിപ്പോർട്ടു തയ്യാറാക്കി അടുത്ത ഡിസ്ട്രിക്ട് സഹകരണസമ്മേളനത്തിൽ സമർപ്പിക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

(vii) സമ്മേളനങ്ങൾ. ഡിസ്ട്രിക്ട് സഹകരണസമ്മേളനം ഓണക്കാലത്തു കൊടുങ്ങല്ലൂർ വെച്ചു നടത്തുവാൻ വേണ്ട എല്ലാ ഏർപ്പാടുകളും ചെയ്തു. പതിവിൻപടി യൂണിയനുകൾ അതാതിന്റെ അതൃത്തിയിൽപെട്ട സംഘം പഞ്ചായത്തുദാരന്മാരുടെ സമ്മേളനങ്ങൾ വിളിച്ചുകൂട്ടി സംഘങ്ങളുടെ പ്രവർത്തനങ്ങളെപ്പററി ചർച്ചകൾ നടത്തുകയും അവയുടെ ഭാവി സുരക്ഷിതമാക്കിത്തീർക്കാൻ പരിപാടികൾ ആസൂത്രണം ചെയ്യുകയുമുണ്ടായിട്ടുണ്ട്. സമ്മേളനങ്ങളിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ മേൽനടപടികൾക്കായി ഡിപ്പാർട്ടുമെന്റിലേക്കയച്ചുകൊടുത്തിട്ടുണ്ട്.

(vii) സബ്ബ്ഓർഡിനേററ് പേഴ്സനൽ ട്രെയിനിംഗ്സെൻറർ, 1958 നവമ്പർ 1–ാംനു മുതൽ കാര്യാലയത്തിന്റെ മാനേജ്മെൻറിൽ ട്രെയിനിംഗ്സെൻറർ ഒരു ഫുൾടൈം സ്ഥാപനമായി ഗവമ്മേണ്ടിൽനിന്നും പരിഷ്കരിക്കയുണ്ടായി. 30 വിദ്യാർത്ഥികൾക്കു സ്റ്റൈപ്പൻറുണ്ട്. പ്രൈവററു വിദ്യാർത്ഥികളിൽനിന്നുള്ള ഫീസുപിരിവു റജിസ്ട്രാർ അവർകളുടെ അനുമതിയോടുകൂടി വിദ്യാഭ്യാസപ്ര

വത്തനങ്ങൾക്ക ചിലവഴിക്കാൻവേണ്ടി കാര്യാലയം വിശേഷിച്ചൊരു ഫണ്ടായി നിൎത്തിവരുന്നു. 1958 നവമ്പർ 1–ാംനു- മുതൽ 1960 ജൂൺ 30–ാംനു-വരെ ട്രെയിനിംഗ് സെൻടറിൽനിന്നുള്ള വരവുചിലവുകളുടെ ഒരു സ്റ്റേററ്മെൻറ് അനുബന്ധമായി ചേൎത്തിരിക്കുന്നു.

(ix) കോ ഓപ്പറേററീവ് കോളേജ്. ഗവൎമ്മേണ്ടിൽനിന്നുള്ള നിൎദ്ദേശമനുസരിച്ച കാര്യാലയത്തിൻെറ ആഭിമുഖ്യത്തിൽ എച്ച്. ഡി. സി. കോഴ്സ് തുടങ്ങുവാൻ ഒരു കോളേജ് ഏൎപ്പെടുത്തുന്നഭാരം ഏറെറടുത്തു. 1960 ജൂലായ് മുതൽ ക്ലാസ്സ് ആരംഭിക്കാനുള്ള നടവടികളെല്ലാം റിപ്പോർട്ടുവഷത്തിൽ ചെയ്തുതീക്കുകയുണ്ടായി.

(x) ധനകാര്യം. കാര്യാലയത്തിൻെറ കണക്കുകൾ ഡിപ്പാർട്ടുമെൻറൽ ആഡിററർ ശ്രീ. ഇ. രാമചന്ദ്രൻ ബി. കോം. വിശദമായി പരിശോധിച്ചിട്ടുള്ളതാകുന്നു. വരവുചിലവു സ്റ്റേററ്മെൻറും ബാക്കി പത്രവും ബന്ധപ്പെട്ട മററ സ്റ്റേററമെൻറുകളും അനുബന്ധമായി ചേൎത്തിരിക്കുന്നു.

ഗവൎമ്മേണ്ടിൽനിന്നും കഴിഞ്ഞകൊല്ലം കിട്ടിയ ഗ്രാൻറ് 3000ക. യുടെ സ്ഥാനത്തു് ഇക്കൊല്ലം 2500ക. മാത്രമേ അനുവദിച്ചുകിട്ടിയുള്ളു. സഹകരണവാരാഘോഷച്ചിലവുകൾക്ക ഗവൎമ്മേണ്ടിൽനിന്നും നല്കിവരാറുള്ള കോൺടിബ്യൂഷനും തന്നാണ്ടിൽ ലഭിക്കുകയുണ്ടായില്ല. തന്മൂലം, കാര്യാലയത്തിന്ന് അതിൻെറ വിദ്യാഭ്യാസം, പ്രചരണം തുടങ്ങിയ പ്രവൎത്തനങ്ങൾ നടത്തിക്കൊണ്ടുപോവാൻ റിപ്പോർട്ടുവഷത്തിൽ 2269ക. 93 ന. പ. നഷ്ടം സഹിക്കേണ്ടിവന്നു. സഹകരണകോളേജു പോലുള്ള സ്ഥാപനങ്ങൾ ഏറെറടുത്തു നടത്തിവരുന്ന കാര്യാലയത്തെ അൎഹിക്കുന്നവിധത്തിലുള്ള സഹായം നല്കി പ്രോത്സാഹിപ്പിക്കണമെന്ന ഞങ്ങളുടെ അപേക്ഷ ഗവർമ്മേണ്ടു ചെവിക്കൊള്ളുമെന്നു പ്രതീക്ഷിക്കുന്നു. പ്രസ്ഥാനത്തെ അഭിവൃദ്ധിപ്പെടുത്താനുള്ള ഞങ്ങളുടെ സംരംഭങ്ങളിൽ തൃശ്ശൂർ ജില്ലാ ബാങ്ക്, യൂണിയനുകൾ, തൃശ്ശൂർ–എറണാകുളം ജില്ലാ ഡെപ്യൂട്ടി റജിസ്റ്റ്രാർമാർ, അസി: റജിസ്റ്റ്രാർമാർ, ഡിപ്പാർട്ടുമെൻറൽ ഇൻസ്പെക്ടർമാർ എന്നിവർ ചെയ്തുതന്നിട്ടുള്ള സഹായസഹകരണങ്ങൾക്ക നന്ദി രേഖപ്പെടുത്തുന്നു.

ബോർഡിൻെറ അനുമതിപ്രകാരം,

പി. മാധവമേനോൻ,

ഓണററി സെക്രട്ടറി.

Audit order on the working of the Cochin Central Co-op. Institute for the year 1959-60.

Proceedings of the Deputy Registrar of Co-operative Societies(Audit)Kottayam

Sri T. V. John, B. A, Deputy Registrar (Audit)

No. Aud. 474/61. Dated: 10-6-1961

The accounts of the Cochin Central Co-operative Institute Ltd., No. 129 for the period from 1-7-1959 to 30-6-1960 as audited by the Departmental Auditor Sri E. Ramachandran are passed.

The statements of Receipts and Disbursements, and the balance sheet together with the other minor statements verified by the Auditor are appended.

The Institute was registered on 2-11-1924 and started work on the same day. This is the thirtyfifth year of the working of the Institute.

Membership: The membership of the Institute is 41 consisting of 12 Unions, 2 central institutions and 27 individuals. No new members were admitted or removed during the year.

Management: The management is vested in a Board of Directors consisting of 20 members. The last election was held on 4-10-1959.

ACTIVITIES

(1) **Meetings:** 4 meetings of the Board, 5 of the Standing Committee and one of the General Body were held during the year with fairly well attendance. Special committee meetings were also held during the year.

(2) **Magazine:** The 'Sahakarana Prabodhini' continued to be published during the year also and 12 issues of the magazine including the All India Co-operative Week Celebration Special were published.

(3) **Co-operative Week Celebration:** Co-operative Week Celebration was fairly well conducted from 7th November 1959 to 13th November 1959 according to the programme chalked out by the All India Co-operative Union and the Department.

(4) **Library & Reading Room:** During the year the Library and Reading Room was properly conducted.

(5) **Propaganda & Village Lectures:** Unions were doing regular propaganda work during the year according to the Instructions from the institute and occasional visits of societies were made by the members of the Board.

(6) **Subordinate Personnel Training:** The Training Centre was reorganised from 1st November 1958 on full time basis with stipend to candidates. The Principal and Lecturers appointed by Government and it (the Institute) has undertaken to conduct the H. D. C. Course under the orders of Registrar of Co-operative Societies.

(7) **Survey on the working of Societies:** On the basis of the statistics collected by the Institute a report is being prepared to be placed at the next District Co-operative Conference.

(8) **District & Panchayatdars' Conferences:** Arrangements are being made to conduct a District Co-operative Conference. Conferences of Panchayatdars' under the auspices of the various unions were organised during the year and resolutions were passed to improve the working of the institutions.

(9) **Finance:** During the year a sum of Rs. 2500/- has been received as grant from Government and no contribution has been received as contribution for the celebration of the Co-operative Week. A sum of Rs. 1940/50 nP. has been received as contribution and subscription from the Cochin Central Co-operative Bank and other Societies. The to tal expenditure during the year amounts to Rs. 7554/15 with a deficit of Rs. 3113.60.

General: The financial position of the Institute is unsatisfactory. Subscription for the 'Sahakarana Prabhodhini' and contributions by Unions are very heavily in arrears.

(Sd) T. V. JOHN,
DEPUTY REGISTRAR (AUDIT).

THE COCHIN CENTRAL CO-OPERATIVE INSTITUTE LIMITED, TRICHUR, No. 129.

Statement of Receipts and Disbursements for the year 1959-60.

RECEIPTS

No.	Item	Rs.	nP.
1	Deposits withdrawn from Central Bank:-		
	Savings Bank Account	6425	25
	Fixed Deposit Account	3000	00
	P. F. Account	210	00
2	P. F. Advance recovered	565	00
3	P. F. Contributions	274	26
4	Annual grant from Government	2500	00
5	Annual contribution from Central Bank	1000	00
6	Subscription from Unions	18	00
	Do Individual members	18	00
7	Magazine Subscriptions	643	50
8	Contribution towards Co-op. Week Celebration	261	00
9	Do Dt. Conference a/c	459	82
10	B. M. M. Fund (interest)	120	00
11	Onam advance recovered	101	00
12	Interest on deposits	89	73
13	Suspense account	75	00
14	Income from reorganised Training Centre	5326	69
	Total	21087	25
	Opening balance	6	36
	Grand Total	21093	61

DISBURSEMENTS

No.	Item	Rs.	nP.	Rs.	nP.
1	Deposits in Central Bank:-				
	Savings Bank account			4589	67
	Conference Reserve Fund a/c			3	32
	Fixed Deposit			3000	00
	P. F. account			403	56
2	P. F. Advance			210	00
3	Establishment and Contingencies:-				
	1 Pay of Establishment	1648	50		
	Allowances	900	00		
	P. F. Contribution	102	93		
	2 Secy.'s conveyance allowance	300	00		
	3 T. A. & Sitting fee	544	17		
	4 Office rent	150	00		
	5 Lighting charges	21	59		
	6 Registers & Stationery	33	78		
	7 Postage	50	73		
	8 Subscription for Periodicals	60	39		
	9 By law revision	46	63		
	10 General body meeting	85	44		
	11 Miscellaneous	61	97		
	Total	4006	13	4006	13
4	Magazine publication			2390	84
5	Co-operative Week Celebration			706	06
6	District Conference account			241	44
7	Conduct of Panchayatdars' conferences			295	00
8	Survey on working of societies			106	12
9	B. M. M. prize distribution			15	00
10	Reorganised Training Centre:-				
	Managerial expenses	4013	37		
	Furniture supplied	637	68	4651	05
11	Subscription to Kerala Co-op. Institute			50	00
12	Onam advance			101	00
13	Advance to Co-operative College			130	00
14	Suspense account			75	00
	Total			20974	19
	Closing balance			119	42
	Grand Total			21093	61

Sd. P. MADHAVA MENON,

Sd. E. RAMACHANDRAN,
Departmental Auditor.

Statement of Receipts and Disbursements in respect of fee income from private candidates undergone training of subordinate personnel at the reorganised Training Centre conducted under the management of the Institute from 1—11—'59 to 30—6—'60.

	RECEIPTS	Rs.	nP.
1	Tuition fees	4170	00
2	Cost of application forms	656	69
3	Advance from Institute	500	00
	TOTAL	5326	69

	DISBURSEMENTS	Rs.	nP.
1	Printing and stationery	94	97
2	Books and forms	17	56
3	Furniture and fittings	637	68
4	Rent and lighting charges	37	72
5	Travelling expenses	181	55
6	Office expenses and miscellaneous	97	90
7	Allowance to non official staff	3066	67
8	Do. to menials	17	00
9	Advance to Institute	1100	00
	TOTAL	5251	05
	CLOSING BALANCE	75	64
	GRAND TOTAL	5326	69

Income and Expenditure statement for the year ended 30—6—'60.

	RECEIPTS	Rs.	nP.	Rs.	nP.
1	Grant received from Government			2500	00
2	Contribution and subscription:				
	From Central Co-operative Bank	1000	00		
	From Unions	18	00		
	From individual members	18	00		
		1036	00		
	Add accrued	5803	31		
		6839	31		
	Less last yeas's	5749	31		
		1090	00	1090	00
3	Magazine account				
	Amount realised	643	50		
	Add accrued	8352	42		
		8995	92		
	Less last year's	7463	43		
		1532	49	1532	49
4	Contribution to Co-op. Week			261	00
5	Interest on deposits			89	73
	TOTAL			5473	22
	DEFICIT			2269	93
	GRAND TOTAL			7743	15

	EXPENDITURE	Rs.	nP.
1	Establishment and contingencies	4006	13
2	Magazine publication	2390	84
3	Co.operative Week celebration	706	06
4	Holding of Panchayatdars' Conferences	295	00
5	Survey on working of societies	106	12
6	Subn. to Kerala Co-operative Institute	50	00
7	Depreciation	189	00
	TOTAL	7743	15

Sd. P. MADHAVA MENON, *Hon. Secretary.*

Sd. E. RAMACHANDRAN, *Departmental Auditor.*

Statement of affairs of the Cochin Central Co-operative Institute Ltd., Trichur, as it stood on 30th June 1960.

	LIABILITIES	Rs.	nP.	Rs.	nP.
1	Suspense account			285	05
2	Subscription to A. I. C. I. A.			50	00
3	B. M. M. Fund			3685	27
4	Provident Fund			2695	13
5	Training Class Fund			5193	01
6	District Conference Fund			372	29
7	Reorganised Training Centre a/c			1313	32
	TOTAL			13594	07
	Previous year's surplus assets	14899	36		
	Less this year's deficit	2269	93		
	Surplus assets	12629	43	12629	43
	GRAND TOTAL			26223	50

	ASSETS	Rs.	nP.	Rs.	nP.
1	Cash on hand			119	42
2	Deposits in Central Bank:				
	Fixed Deposit	3000	00		
	Savings Bank a/c	4630	86		
	Supervision Fund a/c	30	00		
	District Conference account	168	94		
	P. F. account	1922	47		
		9752	27	9752	27
3	Provident Fund advance			1295	00
4	Subscriptions due			5803	31
5	Magazine subscription due			8352	42
6	Advance recoverable from College			130	00
7	Service connection security			20	00
8	Dead stock:				
	Furniture—Institute proper	207	20		
	With Training Centre	509	68	716	88
	Library books			34	20
	TOTAL			26223	50

Sd. P. MADHAVA MENON,
Hon. Secretary.

Sd. E. RAMACHANDRAN,
Departmental Auditor.

സഹകരണപ്രബോധിനി

ORGAN OF
THE COCHIN CENTRAL CO-OPERATIVE INSTITUTE, TRICHUR.

Vol. 33
1961
സെപ്തമ്പർ
No. 3

വിഷയവിവരം

1 കുറിപ്പുകൾ
i ജെ. എം.
ii ടി. കെ.
2 ബാങ്കിങ്ങ് നിയമങ്ങളിൽ വരുത്തിയ മാററങ്ങൾ
—കെ. പി. ആർ. മേനോൻ
3 സഹകരണത്തിൻെറ വികസനം
4 വികേന്ദ്രീകരണം—പൊള്ളയായ ഒരു മുദ്രാവാക്യം
—എം. എസ്സ്. എം.
5 സഹകരണസംഘങ്ങൾ—അവയുടെ വ്യക്തിമുദ്രകൾ
—പി. എൻ. മുസ്സത്, എം.എ., ജെ.ഡി., ന്യൂഡെല്ഹി
6 റോബർട്ട് ഓവൻ
—ടി. കെ. കുഞ്ഞപ്പൻ
7 ഉദ്യോഗസ്ഥപക്ഷവും അനുദ്യോഗസ്ഥപക്ഷവും
—എൻ. കെ. ശേഷൻ, എം.എ.
8 ഡിപ്പാർട്ടുമെൻറൽ സർക്കലറുകൾ
9 അനുദ്യോഗസ്ഥവിഭാഗം പുനസ്സംഘടിപ്പിക്കണം
10 കല്ലൂക്കര റീജിയനൽ ക്രെഡിററ് സൊസൈററി
11 റിപ്പോർട്ടുകൾ

പത്രാധിപർ: ജോസഫ് മുണ്ടശ്ശേരി, എം. എ.

സഹകരണപ്രബോധിനി

Vol. 33	സെപ്തമ്പർ 1961	No. 3

കുറിപ്പുകൾ

I

മൂന്നാംപഞ്ചവത്സരപദ്ധതിയും തൊഴിലാളി സഹകരണസംഘങ്ങളും

(ജെ. എം.)

മൂന്നാംപഞ്ചവത്സരപദ്ധതിയുടെ പൂർണ്ണരൂപം പാർളിമെണ്ടിൽ അവതരിപ്പിച്ചു പാസ്സാക്കിയിരിക്കയാണല്ലോ. സഹകരണത്തിന്നു മൂന്നാംപഞ്ചവത്സരപദ്ധതിയിൽ പതിവിലധികം പ്രാധാന്യം നല്കിക്കാണുന്നുണ്ട്. കാർഷികസഹകരണംതന്നെ അക്കൂട്ടത്തിൽ മുഖ്യം. എന്നാൽ ഒന്നും രണ്ടും പദ്ധതികളിൽ ലിങ്ങ്മാത്രമായി സൂചിപ്പിച്ചിരുന്ന ചില സഹകരണപരിപാടികൾക്കു മൂന്നാമത്തെ പദ്ധതിയിൽ അന്യപരിപാടികളോടൊപ്പം പ്രാധാന്യം കിട്ടിയിട്ടുണ്ട്. അക്കൂട്ടത്തിലൊന്നാണ് ലേബർ കോൺട്രാക്ട് സൊസൈററികൾ. പഞ്ചാബിലും ബോംബയിലും ആന്ധ്രയിലും രാജസ്ഥാനിലും അമ്മാതിരി സംഘങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞതായി പദ്ധതിയുടെ രേഖയിൽ പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ കാര്യം മിണ്ടിയിട്ടില്ല. ഇവിടെ ലേബർ കോൺട്രാക്ട് സൊസൈററികൾ നടാടെയേർപ്പെടുത്തിയതു കമ്മ്യൂണിസ്ററ ഭരണകാലത്തായതുകൊണ്ടാണോ അവയുടെ കാര്യം വിട്ടുകളഞ്ഞതെന്നറിഞ്ഞുകൂടാ. അമ്മാതിരി സംഘങ്ങൾ ഉണ്ടാക്കി അവയ്ക്കു മരാമത്തുപണികൾ ഏല്പിച്ചുകൊടുക്കുന്നതേ തെററ് എന്നായിരുന്നുവല്ലോ ഇവിടെ കുറെപ്പേർക്കുണ്ടായിരുന്ന അഭിപ്രായം. അക്കഥയെല്ലാം പോകട്ടെ. മൂന്നാംപഞ്ചവത്സരപദ്ധതിയിൽ ലേബർ കോൺട്രാക്ട് സൊസൈററികൾ സംഘടിപ്പിച്ച് അവയ്ക്കു മരാമത്തുപണികൾ വിട്ടുകൊടുക്കുന്നതു് ഒരു നയമായിത്തന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ് നമുക്കിപ്പോൾ കണക്കിലെടുക്കാനുള്ളതു്. കഴിഞ്ഞ കാലങ്ങളിൽ അഭിപ്രായമെന്തുതന്നെയായിരുന്നാലും പഞ്ചവത്സരപദ്ധതിയിൽ അധികൃതമായി നിർദ്ദേശിച്ചിട്ടുള്ളൊരു പരിപാടി നടപ്പാക്കുവാൻ സംസ്ഥാനഗവർമ്മെണ്ടിന്നു ചുമതലയുണ്ടല്ലോ.

തുടക്കത്തിൽ സംഘങ്ങൾക്കേല്പിച്ചുകൊടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളതു മൺപണി, കുറഞ്ഞതോതിലുള്ള കെട്ടിടംപണി, വലിയ എടുപ്പുകളുടെതന്നെ കുമ്മായംതേപ്പു തൊട്ടുള്ളവയാണ്. കെട്ടിടംപണിക്കു വെട്ടുകല്ലുതൊട്ടുള്ള ഇനങ്ങൾ മൊത്തമായി സപ്ലൈചെയ്യാനുള്ള കരാറും തൊഴിലാളിസഹകരണസംഘങ്ങൾക്കു വിട്ടുകൊടുക്കാമെന്നുണ്ട്. ചില്ലറ ജോലികൾ ചെയ്തു ചെയ്തു അഭിവൃദ്ധിപ്പെട്ടാൽ കാലാന്തരത്തിൽ വൻതോതിലുള്ള പണികളും ഏതാദൃശസംഘങ്ങളെ ഏല്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. കമ്മ്യൂണിസ്റ്റ് ഭരണകാലത്തിവിടെ ലേബർ കോൺട്രാക്ട് സൊസൈററികൾ ഏർപ്പെടുത്തിയപ്പോൾ

അവയെ ഏല്പിക്കാവുന്ന ജോലികളെപ്പററി ഏതാണ്ടിതൊക്കെത്തന്നെയാണ് പറഞ്ഞുവെച്ചിരുന്നതെന്നു തോന്നുന്നു.

സർക്കാർപണികൾ സംഘങ്ങളെ ഏല്പിക്കുമ്പോൾ ഗവർമ്മെണ്ടും ഉത്തരവാദപ്പെട്ട ഡിപ്പാർട്ടുമെണ്ടും മനസ്സിരുത്തിച്ചെയ്യേണ്ട ഏതാനും കാര്യങ്ങളും പദ്ധതിരേഖയിൽ എണ്ണിയെണ്ണിപ്പറഞ്ഞിട്ടുണ്ട്.

1. ഇന്നിന്നതരം പണികളാണ് സംഘങ്ങൾക്കു വിട്ടുകൊടുക്കേണ്ടതെന്നു മുൻകൂട്ടി തീരുമാനിക്കണം.

2. കഴിയുന്നേടത്തോളം തുടർച്ചയായി പണികൾ സംഘങ്ങൾക്കു കൊടുക്കാൻ നിഷ്കർഷിക്കണം.

3. ടെണ്ടർ വെപ്പിക്കാതെ തമ്മിൽ പറഞ്ഞൊക്കുന്ന റേറുകളിന്മേൽ വേണം സംഘങ്ങളെ പണികളേല്പിക്കുക.

4. അംഗീകരിക്കുന്ന റേറുകൾ, ഏല്പിക്കുന്ന പണികൾ നല്ല രീതിയിൽ ചെയ്തുതീർക്കുവാൻ സംഘങ്ങളെ സഹായിക്കുന്ന തരത്തിലേ ആകാവൂ.

5. ചെയ്തിത്തേടത്തോളം പണിക്കുള്ള ബില്ലുകൾ, താമസിപ്പിക്കാതെ പാസ്സാക്കിക്കൊടുക്കാൻ ശ്രദ്ധിക്കണം.

6. പണികൾ നടത്താൻ പ്രവർത്തകധനമായി വേണ്ടത്ര സംഖ്യ സംഘങ്ങൾക്കു കടമായി കൊടുക്കാൻ ഏർപ്പാടു ചെയ്യണം.

7. സംഘങ്ങൾക്കു വേണ്ടിവരുന്ന സാങ്കേതികോപദേശം അപ്പപ്പോൾ കൊടുക്കാൻ വേണ്ട ചട്ടംകെട്ടുകൾ വേണം.

8. കഴിയുന്നത്ര കൺട്രാക്ടർമാരെ ഒഴിവാക്കി സർക്കാർപണികൾ തൊഴിലാളിസഹകരണസംഘങ്ങളെ ഏല്പിക്കുന്നതു് ഒരു നയമായി അംഗീകരിക്കണം.

ഇപ്പറഞ്ഞ നിബന്ധനകളും ലേബർ കോൺട്രാക്ട് സൊസൈററികളേർപ്പെടുത്തിയ കാലത്തു കേരളഗവർമ്മെണ്ടിന്റെ ഉത്തരവുകളിൽ ഉൾക്കൊള്ളിച്ചിരുന്നു.

മൂന്നാംപഞ്ചവത്സരപദ്ധതിയിൽ ഇത്രയും വ്യക്തമായി ലേബർ കോൺട്രാക്ട് സൊസൈററികൾക്കുള്ള നയവും പരിപാടിയും പറഞ്ഞുവെച്ചിട്ടുള്ള സ്ഥിതിക്കു മേലിലെങ്കിലും കേരളത്തിൽ അമ്മാതിരി സംഘങ്ങളെ പ്രോത്സാഹിപ്പിക്കാനും കൺട്രാക്ടർമാരെ ക്രമേണ സർക്കാർ പണികളിൽ നിന്നൊഴിവാക്കാനും ശ്രമിക്കരുതോ? നമ്മുടെ പ്രഖ്യാപിതലക്ഷ്യം സോഷ്യലിസമായിരിക്കെ തൊഴിലാളികളെ സമുദ്ധരിക്കയും സാമ്പത്തികരംഗത്തുള്ള അസമത്വങ്ങളെ കുറച്ചുകൊണ്ടുവരികയും വേണമെന്നതു് ഇനിയും നീട്ടിവെയ്ക്കാവുന്ന ഒന്നല്ലല്ലോ.

II

(ടി. കെ.)

യൂണിയനുകളുടെ പുനഃസംവിധാനം

കൊച്ചി സഹകരണകാര്യാലയത്തിന്റെ കീഴിലുള്ള യൂണിയനുകൾ യോഗം ചേർന്നു്, യൂണിയനുകളുടെ പുനഃസംവിധാനക്കാര്യം ചർച്ച ചെയ്തിരിക്കുന്നു. ചർച്ച ചെയ്യാൻ ചേർന്ന യോഗത്തിൽ, തൃശ്ശൂർ ജില്ലയോടു ചേർക്കപ്പെട്ട മലബാറിന്റെ ഭാഗത്തുനിന്നുള്ള പ്രതിനിധികളും സംബന്ധിച്ചിരുന്നതായി കാണുന്നു. ഏതദ്വിഷയകമായി കേരള ഇൻസ്റ്റിററ്യൂട്ട് ഗവർമ്മെണ്ടിലേക്കു സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ചർച്ചകൾ നടന്നതു്. പുനഃസംവിധാനക്കാര്യത്തിൽ, യോഗം വ്യക്തമായ തീരുമാനമൊന്നും എടുത്തിട്ടില്ല. നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ നിർദ്ദേശങ്ങൾ തയ്യാറാക്കുവാൻ കാര്യാലയത്തെ ഏല്പിച്ചിരിക്കുകയാണ്. കാര്യാലയം അതു തയ്യാറാക്കി യൂണിയനുകൾക്കയച്ചുകൊടുക്കും. യൂണിയനുകളുടെ അഭിപ്രായമറിഞ്ഞു് ആവശ്യമെന്നു തോന്നുന്ന ഭേദഗതികളോടെ കേരള ഇൻസ്റ്റിററ്യൂട്ട് വഴി ഗവർമ്മെണ്ടിലേക്കു സമർപ്പിക്കുകയും ചെയ്യും. കേരള ഇൻസ്റ്റിററ്യൂട്ട് മുന്നോട്ടു വെച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കെന്തെല്ലാം ഭേദഗതികളാണ് കൊച്ചി കാര്യാലയം നിർദ്ദേശിക്കുവാൻ പോകുന്നതെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. എന്നാലും, യൂണിയനുക

ളുടെ പുനഃസംവിധാനക്കാര്യത്തിൽ, അതിന്നായൊരുങ്ങുന്നവർ ഓർത്തിരിക്കേണ്ട ചിലതിവിടെ രേഖപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്.

യൂണിയനുകളുടെ പുനഃസംവിധാനത്തിനൊരുങ്ങുന്നവർ, പ്രാദേശിക യൂണിയനുകളെ മാത്രം മുന്നിൽ കണ്ടാൽപോരാ. പ്രാദേശിക യൂണിയനുകൾ സഹകരണപ്രസ്ഥാനത്തിലെ അനുദ്യോഗസ്ഥവിഭാഗത്തിന്റെ അടിയിലെ കണ്ണി മാത്രമാകുന്നു. അവിടുന്നങ്ങോട്ട് സ്റ്റേറ്റ് ലെവൽവരെ അനുദ്യോഗസ്ഥമണ്ഡലത്തിനു രൂപം നല്കിയിട്ടുവേണം പ്രാദേശിക യൂണിയനുകളുടെ ഘടനയും ചുമതലകളും നിശ്ചയിക്കുവാൻ.

സഹകരണസംബന്ധമായ വിദ്യാഭ്യാസവും, പ്രചാരണവും, പ്രസിദ്ധീകരണവും (Education, propaganda and Publicity) അനുദ്യോഗസ്ഥപക്ഷത്തിന്റെ ചുമതലയായിട്ടാണിതുവരെ കരുതിപ്പോന്നിട്ടുള്ളത്. അതോടൊപ്പം സംഘങ്ങളുടെ സാമാന്യമായ മേലന്വേഷണവും അനുദ്യോഗസ്ഥവിഭാഗത്തിനു നടത്താവുന്നതാണ്. പ്രത്യേകിച്ചുള്ള മേലന്വേഷണവും ഫിനാൻസിങ്ങ് ബാങ്കിലേയ്ക്കുള്ള പരിശോധനയും സംഘങ്ങളുടെ വായ്പാപേക്ഷകൾ പരിശോധിച്ചു ശുപാർശ ചെയ്യലുംവരെ പ്രാദേശിക യൂണിയനുകൾ നടത്തിപ്പോന്നിരുന്നു. മലബാറിലിപ്പോഴും ഇതൊക്കെ നടക്കുന്നുവെന്നാണ് പറയപ്പെടുന്നത്. വായ്പാപേക്ഷകൾ പരിശോധിച്ചഭിപ്രായം പറയാൻ യൂണിയനുകൾക്കുള്ള അധികാരം ഒരു എക്സിക്യൂട്ടീവ് ഓർഡറനുസരിച്ചു നിർത്തലാക്കപ്പെട്ടിട്ടുണ്ട്. പ്രത്യേക സാഹചര്യത്തിൽ മലബാറിനെ സംബന്ധിച്ചേടത്തോളം, ഓർഡർ പൂർണ്ണമായും പ്രാബല്യത്തിൽ വന്നിട്ടില്ലെന്നേയുള്ളു. ഏറെ താമസിയാതെ, ഓർഡർ മലബാറിലും പൂർണ്ണ പ്രാബല്യത്തിൽവരും എന്നതിനു സംശയമില്ല. അതുകൊണ്ടു മലബാറിലെ യൂണിയനുകളുടെ ഘടന കേരളമാകെ നടപ്പാക്കുക എന്ന പ്രശ്നം ഉദിക്കുന്നേയില്ല.

പ്രാഥമികസംഘങ്ങൾ ചേർന്ന പ്രാദേശിക യൂണിയൻ, പ്രാദേശിക യൂണിയനുകൾ ചേർന്ന് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് — ഇതാണ് കൊച്ചിയിലും തിരുവിതാംകൂറിലും നിലവിലിരുന്ന സമ്പ്രദായം. ആ സമ്പ്രദായം മാറിയിട്ടില്ല. ഈ രണ്ടു പ്രദേശങ്ങളിലും യൂണിയനുകൾക്കു കേന്ദ്രം ഇൻസ്റ്റിറ്റ്യൂട്ടാണ്. മലബാറിൽ ജില്ലാ ബാങ്കും. ജില്ലാ ബാങ്കിലെ ഒരു സീനിയർ ഇൻസ്പെക്ടരായിരിക്കും യൂണിയന്റെ മാനേജർ. ബാങ്കിന്റെ ഡയരക്ടർ ബോർഡിൽ ഓരോ യൂണിയനും പ്രാതിനിധ്യം ഉണ്ടായിരിക്കുകയും ചെയ്യും. അങ്ങിനെ ആയതുകൊണ്ട്, ബാങ്കിനു താല്പര്യമുള്ള കാര്യങ്ങൾ യൂണിയനുകൾ ശരിക്കും ശ്രദ്ധിച്ചുവെന്നു വരും. ബാങ്കുമായി ബന്ധിക്കപ്പെടാത്ത സംഘങ്ങളും കാണുമല്ലോ ഒട്ടനവധി. ചുമതലാനിർവ്വഹണം സമഗ്രസ്പർശിയാകണമെങ്കിൽ യൂണിയനുകൾ ബാങ്കിന്റെ ഘടകമായാൽ പോരാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഘടകമായിരിക്കുക തന്നെവേണം എന്ന് ഇതിൽനിന്നു വ്യക്തമാകുന്നു.

സഹകരണപ്രസ്ഥാനം ഏതാനും കടംവായ്പാസംഘങ്ങളിൽ ഒതുങ്ങിനിന്ന കാലത്ത്, സംഘങ്ങളുടെ കടംവായ്പാപേക്ഷകൾ പരിശോധിച്ചു ശുപാർശചെയ്യുന്ന ജോലി യൂണിയനുകൾക്ക് ഒരുവിധം നിർവ്വഹിക്കുവാൻ സാധിച്ചിട്ടുണ്ടെന്നു സമ്മതിക്കാം. പ്രസ്ഥാനമിന്നു ജീവിതത്തിന്റെ മിക്ക തുറകളിലും കയറി പ്രവർത്തിച്ചു വളർന്നുവരികയാണ്. കടംവായ്പാമണ്ഡലത്തിനുതന്നെ എന്തുമാത്രം വികാസം സംഭവിച്ചിരിക്കുന്നു. കർഷകന് അവന്റെ എല്ലാ ആവശ്യങ്ങൾക്കും വേണ്ട പണം യഥാ സന്ദർഭം എത്തിച്ചുകൊടുക്കുന്ന ചുമതലയാണ് ഇന്നു ഗ്രാമസംഘങ്ങൾക്കു വന്നു ചേർന്നിരിക്കുന്നത്. വായ്പാപേക്ഷകൾ യൂണിയനുകൾ പരിശോധിച്ചു ശുപാർശചെയ്യണമെന്നു വെയ്ക്കുന്നതുകൊണ്ടു കടംവായ്പാപ്രവർത്തനത്തെ സംബന്ധിച്ചേടത്തോളം പ്രത്യേകിച്ചൊരു മെച്ചവും ഉണ്ടാകാൻ പോകുന്നില്ല. വേണ്ടെന്നുവെച്ചാൽ ആവശ്യക്കാരനു വായ്പ അനുവദിച്ചുകിട്ടുവാനുള്ള കാലതാമസം കുറെ കുറയ്ക്കാമെന്നൊരു മെച്ചവുമുണ്ട്. ബാങ്കു നൽകുന്ന വാ

ട്ടുകളുടെ ശരിയായ വിനിയോഗവും, സംഘത്തിൻെറ ദൈനംദിനപ്രവൎത്തനവും പരിശോധിച്ചു യൂണിയനുകൾക്കു റിപ്പോർട്ടുചെയ്യാൻ കഴിയുമെങ്കിൽ അതല്ലേ കൂടുതൽ പ്രയോജനകരമായിരിക്കുക? അതോടൊപ്പം അവയ്ക്കായി പണ്ടേനാലേ നീക്കിവെച്ചിട്ടുള്ള വിദ്യാഭ്യാസം, പ്രചരണം, പ്രസിദ്ധീകരണം, തൎക്കങ്ങൾ പറഞ്ഞുതീൎക്കൽ, മാൎഗ്ഗനിൎദ്ദേശം മുതലായ മററു കൃത്യങ്ങളും നിൎവ്വഹിക്കാമല്ലോ. ഇതൊക്കെ ഒരുവിധം ഭംഗിയായും, കാൎയ്യക്ഷമമായും നടന്നിരുന്നതാണ്. ഇനിയും നടക്കും, യൂണിയനുകളുടെ റിപ്പോർട്ടുകളും, നിൎദ്ദേശങ്ങളും അധികാരികൾ പരിഗണിക്കുമെങ്കിൽ. പരിഗണിക്കുമോ ഇല്ലയോ എന്നു തിട്ടമായറിയുകയാണ് പുനഃസംവിധാനശ്രമക്കാർ ആദ്യമായി വേണ്ടതു്. യൂണിയനുകളുടെ പ്രവൎത്തനങ്ങൾക്കു ഒരു വിലയും കല്പിക്കപ്പെടുന്നില്ലെങ്കിൽ, പുനഃസംവിധാനംമാത്രമല്ല അവയുടെ അസ്തിത്വംതന്നെ ആവശ്യമില്ലെന്നു വരുമല്ലോ.

യൂണിയനുകൾ സഹകരണപ്രസ്ഥാനത്തിനാവശ്യഘടകമാണെന്നു സമ്മതിച്ചുകഴിഞ്ഞാൽ അവയുടേയും, അവയുടെ പ്രവൎത്തനങ്ങൾ തമ്മിലിണക്കാനും, സമരസപ്പെടുത്താനും ആവശ്യമായ മേൽഘടകങ്ങളുടേയും രൂപവും സ്വഭാവവും നിൎണ്ണയിക്കേണ്ടിവരും "A very small jurisdiction and a few societies will be a preferable arrangement", (വളരെ ചുരുങ്ങിയ പ്രവൎത്തനപരിധി; കുറച്ചു സംഘങ്ങളും; ഇതായിരിക്കും ഉത്തമം) എന്നു റാവുബഹദൂർ എ. വേദാചല അയ്യരും (Madras Bulletin of Co-operation Vol XIX No. 3. 1922.) "No Union should be made to supervise more than a limited number of societies, say 25 to 30." (ഒരു യൂണിയനു് ഒരു ഇരുപത്തഞ്ചു മുപ്പതു സംഘങ്ങളിലധികം മേലന്വേഷണത്തിനു നൽകരുതു് എന്നു ശ്രീ എ. ശിവരാമമേനോനും (Presidential Address of the 5th All Travancore Co-op: Conference, 1928) അഭിപ്രായപ്പെട്ടിരിക്കുന്നു. ഇന്നു കേന്ദ്രഗവൺമെണ്ടിൻെറ കമ്യൂണിററി ഡെവലപ്പ്മെൻറ് & കോ-ഓപ്പറേഷൻ മന്ത്രിവകുപ്പു പ്രാദേശികയൂണിയനുകൾ ബ്ലോക്കടിസ്ഥാനത്തിൽ വേണമെന്നാണാവശ്യപ്പെടുന്നതു്. അനുഭവജ്ഞാനവും, വിദഗ്ദ്ധാഭിപ്രായവും വെച്ചു നോക്കുമ്പോൾ ബ്ലോക്ക് അടിസ്ഥാനമായെടുത്താൽ പോരക്കേടില്ലെന്നാണ് ഞങ്ങളുടേയും അഭിപ്രായം.

ഉപരിഘടകങ്ങൾ സ്റ്റേററ് നിലവാരത്തിൽ മാത്രമായാൽ മതിയോ? ജില്ലാ നിലവാരത്തിലും സ്റ്റേററ് നിലവാരത്തിലും വേണോ? തീരുമാനിക്കപ്പെടേണ്ട മറെറാരു കാൎയ്യമാണ്. ശ്രീ. വേദാചലയ്യർ അഭിപ്രായപ്പെടുന്നതു്, 'A central agency is required in each District to co-ordinate the 'activities of local unions and the District Federation on the non-official side." (യൂണിയനുകളുടെ പ്രവൎത്തനങ്ങൾ കൂട്ടിയിണക്കുന്നതിനു ജില്ലകൾതോറും ഒരു കേന്ദ്ര ഘടകം ആവശ്യമാണ്. യൂണിയനുകളുടെ ജില്ലാ ഫെഡറേഷനായിരിക്കണം അനുദ്യോഗസ്ഥഭാഗത്തെ ജില്ലാ കേന്ദ്രം) എന്നാണ്. ജില്ലാ യൂണിയൻ ആവശ്യമാണെന്നു സഹകരണത്തിൻെറ കേന്ദ്ര മന്ത്രിവകുപ്പും നിൎദ്ദേശിച്ചിരിക്കുന്നു. ബോംബെ, യു. പി. മുതലായ സ്റ്റേററുകളിലിന്നു ജില്ലാ ഫെഡറേഷനുകൾ ഫലപ്രദമായി പ്രവൎത്തിച്ചുവരുന്നതായി കാണുകയും ചെയ്യുന്നു. എന്തുകൊണ്ടു നമുക്കും ആ സമ്പ്രദായം സ്വീകരിച്ചുകൂടാ? സ്വീകരിക്കേണ്ടതാവശ്യമാണെന്നു ഞങ്ങൾ പറയും.

സ്റ്റേററ്ലെവലിൽ ഇന്നൊരു സംഘടന പ്രവൎത്തിച്ചുവരുന്നുണ്ടു്, കേരള കോ-ഓപ്പറേറീവ് ഇൻസ്റ്റിട്യൂട്ട്. ജില്ലായൂണിയനുകൾ ഇല്ലാത്തതുകൊണ്ടു് അതു് ഇന്നു ജില്ലായൂണിയനുകളുടെ ഫെഡറേഷനല്ല. ജില്ലായൂണിയനുകൾ ഉണ്ടാക്കിക്കഴിഞ്ഞാൽ ഫെഡറേഷനായി മാറാം.

ഇങ്ങനെ ബ്ളോക്ക്, ജില്ല, സ്റ്റേററ് നിലവാരങ്ങളിൽ ഘടകങ്ങളുള്ള ഒരു രൂപമാണു്,

ബാങ്കിങ്ങ് നിയമങ്ങളിൽ വരുത്തിയ മാററങ്ങൾ

(ഒരവലോകനം)

(കെ. പി. ആർ. മേനോൻ)

III

അടുത്തകാലത്തുണ്ടായ ബാങ്കുകുഴപ്പത്തിനു ശേഷം നിക്ഷേപകക്ക് ബാങ്കിങ്ങ് സ്ഥാപനങ്ങളിൽ ഉണ്ടായിരുന്ന വിശ്വാസം ഏറെക്കുറെ നഷ്ടപ്പെട്ടിട്ടുണ്ടെന്ന കാര്യം തീർച്ചയാണല്ലോ. നഷ്ടപ്പെട്ടിട്ടുള്ള ഈ വിശ്വാസത്തെ വീണ്ടെടുക്കുവാനും നിക്ഷേപകക്ക് അവരുടെ നിക്ഷേപങ്ങൾക്കു പൂർണ്ണസുരക്ഷിതത്വം നൽകുവാനുംവേണ്ടി ബാങ്കുകളുടെ സാമ്പത്തികസ്ഥിതിയെ കൂടുതൽ ഭദ്രമാക്കുവാൻ റിസർവ് ബാങ്ക് ഉത്സാഹിക്കുന്നുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി അടുത്തകാലത്തു ചില ബാങ്കുകളെസ്സംബന്ധിച്ചു ചില നിർദ്ദേശങ്ങൾ റിസർവ് ബാങ്ക് മുന്നോട്ടുവെച്ചിട്ടുള്ളതു ശ്രദ്ധേയമാണ്.

1. ഇന്ത്യയിൽ പ്രവർത്തിക്കുന്ന ബാങ്കിങ്ങ്സ്ഥാപനങ്ങളുടെ അടച്ചുതീർന്ന മൂലധന (Paid up Capital) തുകയും കരുതൽനിധി Reserve) തുകയും ഒരു നിർദ്ദിഷ്ടകാലത്തിനുള്ളിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇന്ത്യൻ ബാങ്കുകളെസ്സംബന്ധിച്ചാണെങ്കിൽ മേൽപറഞ്ഞ തുക കുറഞ്ഞതു് മൊത്തനിക്ഷേപങ്ങളുടെ 7½ ശതമാനത്തോളം വരുന്ന ഒരു സംഖ്യയാക്കി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇന്ത്യയിൽ പ്രവർത്തിക്കുന്ന വിദേശബാങ്കുകൾക്കാണെങ്കിൽ തങ്ങളുടെ മൊത്തനിക്ഷേപങ്ങളുടെ അഞ്ചു ശതമാനം വരുന്ന തുകയെങ്കിലും മിനിമം മൂലധന (Paid up Capital) വും റിസർവും ആയി ഉണ്ടായിരിക്കണം. അററാദായത്തിൽനിന്നു മാററിവെച്ചോ അതോ മറെറതെങ്കിലും വഴിക്കോ ഈ സംഖ്യ തുടർന്നു നിലനിർത്തുവാൻ ബാങ്കുകൾ ബാദ്ധ്യസ്ഥപ്പെടുന്നുണ്ട്.

2. പുതുതായി തുടങ്ങുന്ന ഒരു ബാങ്കിങ്ങ് സ്ഥാപനത്തിൻെറ ഏററവും കുറഞ്ഞ അടച്ചുതീർക്കുന്ന മൂലധനം (Paid up Capital) ഇപ്പോഴത്തെ നിശ്ചിതസംഖ്യയിൽനിന്നും അഞ്ചു

കേരള ഇൻസ്റ്റിട്യൂട്ട് പ്രവർത്തകരോടൊപ്പം, അനുദ്യോഗസ്ഥസഹകരണവിഭാഗത്തിനു ഞങ്ങളും കാണുന്നതു്. ഈ രൂപം ഗവമ്മെണ്ടിനെക്കൊണ്ടംഗീകരിപ്പിക്കുവാൻ കഴിയുകയാണെങ്കിൽ — ഇന്ത്യയ്ക്കു പൊതുവായി കേന്ദ്രനിർദ്ദിഷ്ടരൂപമായതുകൊണ്ടു സ്റ്റേററ് അംഗീകരിക്കയില്ലെന്നു സംശയിക്കുവാൻ കാരണമില്ല — യൂണിയനുകളുടെ നിർദ്ദേശങ്ങൾക്കും, ശുപാർശകൾക്കും വിലകല്പിക്കപ്പെട്ടുകൊള്ളും. ബാങ്കുകൾ നല്കുന്ന കാർഷികകടംവായ്പകളുണ്ടല്ലോ, അവയുടെ ഒരു വിനിയോഗപരിശോധന (Follow up) വളരെ പ്രയോജനകരമായ ഒരേർപ്പാടാണ് നമ്മുടെ സാമ്പത്തികവികസനപരിപാടിയിൽ. വായ്പാപേക്ഷകൾ പരിശോധിച്ചു ശുപാർശചെയ്യൽ സ്വയംനാശകാരിണിയുമാകും ഇനിമേലിൽ.

രൂപം അംഗീകരിച്ചുകഴിഞ്ഞാൽ മൂന്നു നിലവാരത്തിലുമായി ഉണ്ടാകാവുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനച്ചിലവിനു വക കാണേണ്ടതും ഒരാവശ്യമാകും. കേരള ഇൻസ്റ്റിട്യൂട്ട് അതിനും ചില മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടല്ലോ. അതേപ്പററി ഞങ്ങളിപ്പോൾ പരാമർശിക്കുന്നില്ല. ആവശ്യമംഗീകരിച്ചാൽ പണമുണ്ടായിക്കൊള്ളും എന്ന അഭിപ്രായക്കാരാണ് ഞങ്ങൾ.

ലക്ഷമാക്കി ഉയർത്തുന്നുണ്ട്. ബോംബെയിലും കൽക്കത്തയിലും പ്രവർത്തിക്കുന്ന ബാങ്കുകൾക്ക യഥാക്രമം 20 ലക്ഷം കയും 15 ലക്ഷം കയും ആണെന്ന് നിശ്ചയിച്ചിരിക്കുന്നത്. വിദേശബാങ്കുകൾ ഇന്ത്യയിൽ എവിടെ പ്രവർത്തിക്കുന്നതായാലും രണ്ടാമത്തെ നിർദ്ദേശം ബാധകമാകുന്നതാണ്.

3. ഷെഡ്യൂൾഡ് ബാങ്കുകൾക്ക റിസവ് ബാങ്കിൽ നിക്ഷേപിക്കേണ്ടുന്ന സംഖ്യ ഭാവിയിൽ ആ ബാങ്കുകളുടെ മൊത്തനിക്ഷേപസംഖ്യയുടെ (total deposits) 5 ശതമാനമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള നിയമപ്രകാരം ഷെഡ്യൂൾഡ് ബാങ്കുകൾക്ക് റിസർവ് ബാങ്കിൽ നിർത്തേണ്ടുന്ന സംഖ്യ നിശ്ചിത സമയത്തേയ്ക്കു നിക്ഷേപകരിൽനിന്നും കിട്ടുന്ന ഡെപ്പോസിററുകളുടെ (Time deposits) അഞ്ചു ശതമാനവും അനിശ്ചിതകാലത്തേയ്ക്കുള്ളതും തുകകളുടെ സംഖ്യ അടക്കാവുന്നതും പിൻവലിക്കാവുന്നതും ആയ ഡെപ്പോസിററുകളുടെ (Current Deposits) അഞ്ചു ശതമാനവും ആണല്ലൊ.

4. ഇതിനും പുറമെ ബാങ്കുകൾ അവരുടെ നിക്ഷേപ (Deposits) ങ്ങളുടെ 22.5 ശതമാനം പണമായും (Cash) സ്വർണ്ണമായോ അല്ലെങ്കിൽ ബാദ്ധ്യതയില്ലാത്ത സെക്യൂരിട്ടികളായോ സമ്മതിയുള്ള നിക്ഷേപങ്ങളായോ സൂക്ഷിക്കേണ്ടതാണ്.

5. റിസവ് ബാങ്കിൽ ബാങ്കുകൾക്ക സൂക്ഷിക്കേണ്ട ബാലൻസുകളിൽ 15 ശതമാനം വരുന്ന പരിധിവരെ അയവ് വരുത്തുവാൻ റിസവ് ബാങ്കിന്ന് അധികാരമുണ്ടായിരിക്കും.

6. ബാങ്കുകൾ സൂക്ഷിക്കേണ്ടുന്ന ഏററവും കുറഞ്ഞ ബാലൻസുകളിൽ (Minimum balance) വരുന്ന കുറവിന്മേൽ ചുമത്തുന്ന പലിശ ഇന്നത്തെ നിലയിൽനിന്ന് അധികരിക്കേണ്ട നിർദ്ദേശമാണ് മറെറാന്ന്. പുതിയ നിർദ്ദേശപ്രകാരം ആകെ കിട്ടുന്ന ഡെപ്പോസിററുകളിൽ അഡ്വാൻസു തുടങ്ങിയ മററ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ (കരുതലായി) മിനിമം ബാലൻസുകളായി സൂക്ഷിക്കേണ്ടുന്ന സംഖ്യകളിൽ കുറവ് വന്നാലും നിർദ്ദിഷ്ടനിയമപ്രകാരം രക്ഷിക്കേണ്ടുന്ന ലിക്വിഡിററി അനുപാതത്തിലും (ആകെയുള്ള ഡെപ്പോസിററുകളും അവയിൽ പണമായി മാററാവുന്ന മററ തരത്തിലുള്ള നിക്ഷേപങ്ങളായും സൂക്ഷിക്കേണ്ടുന്ന നിക്ഷേപങ്ങളും (Deposits) തമ്മിലുള്ള അനുപാതം) കുറവു വന്നാലും ശിക്ഷയായി നിലവിലുള്ള ബാങ്കനിരക്കപ്രകാരമോ അതിൽനിന്ന് 3 ശതമാനം ഉയർന്ന നിരക്കിലോ പലിശ ചുമത്താവുന്നതാണ്. റിസർവ് ബാങ്കിന്റെ പുതിയ നിർദ്ദേശങ്ങൾ ബാങ്കുകളെ സംബന്ധിച്ചേടത്തോളം വളരെ കടുത്തതാണെന്ന് ബാങ്കുവക്താക്കൾ അഭിപ്രായപ്പെടുന്നുണ്ട്. വ്യവസായങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്നതിൽ ഒട്ടേറെ വിഷമതകൾ പുതിയ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുമ്പോൾ അനുഭവപ്പെടുമെന്ന് അവർ ഭയപ്പെടുന്നു. പക്ഷേ ഈ പ്രശ്നം മറെറാരു കോണിൽക്കൂടിയും വീക്ഷിക്കേണ്ടതായിട്ടുണ്ട്. മറെറല്ലാ കർത്തവ്യങ്ങളും ബാങ്കുകൾക്ക് ചെയ്തുതീർക്കുവാനുണ്ടെങ്കിലും നിക്ഷേപകരെ സംബന്ധിച്ചേടത്തോളം തങ്ങളുടെ നിക്ഷേപങ്ങൾക്ക് പൂർണ്ണ സുരക്ഷിതത്വം നേടേണ്ടതുണ്ട്. ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ റിസർവ് ബാങ്കിന്റെ പുതിയ നിർദ്ദേശങ്ങൾ സമയോചിതമാണെന്നുവേണം പറയുവാൻ. മേൽപറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിൽവരുത്തിയാൽ ബാങ്കുകളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന വാദത്തിനും അധികം അർത്ഥമുണ്ടെന്നു തോന്നുന്നില്ല. കാരണം വ്യവസായങ്ങൾക്ക് സാമ്പത്തികസഹായം നല്കുന്നതിൽ പണക്കമ്മി ബാങ്കുകൾക്ക് അനുഭവപ്പെട്ടാൽ ഇത്തരം ബാങ്കുകൾക്ക് റീഫൈനാൻസ് കോർപറേഷനിൽനിന്നും സാമ്പത്തിക സഹായം നേടാവുന്നതാണല്ലോ. പുതിയ വ്യവസ്ഥകൾ പ്രകാരം മൂലധനത്തിലും (Paid up Capital) മററം വരുത്തുന്ന മാററങ്ങൾ ഒരു നിർദ്ദിഷ്ടകാ

സഹകരണത്തിന്റെ വികസനം

സാമ്പത്തികവികസനപരിപാടികൾ ഫലത്തു നടപ്പിൽ വരുത്തുവാനൊരുപാധിയായി സഹകരണത്തെ നമ്മുടെ പഞ്ചവത്സരപദ്ധതികളും അംഗീകരിച്ചിട്ടുണ്ട്. പ്രസ്ഥാനത്തിന്റെ വികസനത്തിന്നായി ഓരോ പദ്ധതിയിലും വലിയ തുകകൾ വകയിരുത്താറുമുണ്ട്. ഒന്നാം പദ്ധതിയിൽ 7.11 കോടി ഉറപ്പിക വകയിരുത്തി. രണ്ടാംപദ്ധതിയിൽ 34 കോടി ഉറപ്പികയും. മൂന്നാംപദ്ധതിയിൽ 80 കോടി ഉറപ്പികയാണ് വകയിരുത്തീട്ടുള്ളതു്.

പദ്ധതികൾകൊണ്ടു സഹകരണപ്രസ്ഥാനത്തിന്നു വലിയ വളൎച്ചയുണ്ടായിട്ടുണ്ട്. ഒന്നും രണ്ടും പദ്ധതിക്കാലത്തു പ്രാഥമിക കാൎഷിക കടംവായ്പാസംഘങ്ങളുടെ, എണ്ണം 1,05,000-ൽ നിന്നു 2,10,000 ആയി വൎദ്ധിച്ചു. അവയിലെ അംഗത്വം 44 ലക്ഷത്തിൽനിന്നു 170 ലക്ഷമായും. ഈ സംഘങ്ങളെല്ലാംകൂടി നല്കിയ വായ്പയുടെ തുക 23 കോടി ഉറപ്പികയിൽനിന്നു 200 കോടിയായി വൎദ്ധിച്ചു.

മററു മണ്ഡലങ്ങളിലുമുണ്ടായിട്ടുണ്ട് ഇതുപോലുള്ള വൎദ്ധനവു്. ചുരുക്കത്തിൽ പറഞ്ഞോട്ടെ; 1959 ജൂൺ അവസാനത്തെ സ്ഥിതിവിവരങ്ങളാണിവ. അന്നത്തെ കണക്കനുസരിച്ചു കാൎഷികേതരസംഘങ്ങളുടെ എണ്ണം 2.84 ലക്ഷവും, അവയിലെ അംഗസംഖ്യ 248 ലക്ഷവുമാകുന്നു. നെയ്ത്തുകാരുടേതടക്കം വ്യവസായികസംഘങ്ങളുടെ എണ്ണം 25,000 ആണ്. കരിമ്പുകൃഷിക്കാരുടെ സംഘങ്ങൾ, ഉപഭോക്താക്കളുടെ സംഘങ്ങൾ, ഭവനനിൎമ്മാണസംഘങ്ങൾ തുടങ്ങി മററിനം സംഘങ്ങളുമുണ്ട് ഒട്ടേറെ. പഞ്ചസാരയുടെ ഉല്പാദനത്തിൽ നമ്മുടെ പഞ്ചസാര സഹകരണമില്ലുകളുടെ സംഭാവന ചെറുതല്ല. മൊത്തം ഉല്പാദനത്തിന്റെ 11.4 ശതമാനം വരും അതു്. പഞ്ചസാര സഹകരണമില്ലുകളുടെ വിജയം കണ്ടു അവയുടെ ഒരു ദേശീയ ഫെഡറേഷൻ രൂപീകരിച്ചിരിക്കുന്നു.

പ്രാഥമിക സഹകരണസംഘങ്ങളുടെ എണ്ണം 2.40 ലക്ഷമായും, അംഗത്വം 370 ലക്ഷമായും വൎദ്ധിപ്പിക്കണമെന്നാണ് മൂന്നാംപദ്ധതികൊണ്ടുദ്ദേശിക്കുന്നതു്. കൎഷകജനതയുടെ 60 ശതമാനത്തെ, അവയിലുൾക്കൊള്ളിക്കുവാനും ഉദ്ദേശിക്കുന്നു.

മൂന്നാംപദ്ധതിയിൽ ഹ്രസ്വകാല-മദ്ധ്യകാലവായ്പകൾക്കായി 530 കോടി ഉറപ്പികയും, ദീൎഘകാലവായ്പകൾക്കായി 150 കോടി ഉറപ്പികയുമാണ് വകകൊള്ളിച്ചിരിക്കുന്നതു്. രണ്ടാം പദ്ധതിയിൽ അതു് 200 കോടിയും, 25 കോടിയും ആയിരുന്നു. കടംവായ്പാപ്രവൎത്തനത്തിനുള്ള ഈ സംഖ്യകൾ റിസർവ്വുബാങ്കിൽനിന്നും അപ്പക്സ്ബാങ്കിൽനിന്നും നല്കുന്നതാണ്. ഇതിനുപുറമെ സഹകരണത്തിന്റെ വിവിധവശങ്ങളിൽ ധനാഗമമാൎഗ്ഗങ്ങൾ വേറെയും പലതുണ്ടാകും.

ലതശിന്നുള്ളിലെ റിസൎവ്വ് ബാങ്ക് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുള്ളു. കൂടാതെ ഒരു ബാങ്കിങ്ങ് സ്ഥാപനത്തിന്നു താല്ക്കാലികമായി ചില സാമ്പത്തികവിഷമതകൾ ഉണ്ടായാൽതന്നെയും ഈ നിരോധനങ്ങളുടെ പരിധിയിൽനിന്നു താല്ക്കാലികമായി ആ സ്ഥാപനത്തെ ഒഴിച്ചു നിൎത്താവുന്നതുമാണ്. റിസൎവ്വ് ബാങ്കിന്റെ നിൎദ്ദേശങ്ങൾ മററു രാജ്യങ്ങളിൽ നടപ്പിലുള്ള നിയമങ്ങളുമായി താരതമ്യപ്പെടുത്തുമ്പോഴും ഒട്ടും കടുത്തതാണെന്നു തോന്നുന്നില്ല. ഉദാഹരണമായി ബാങ്കിങ്ങ് ലോകത്തിൽ കുറേക്കൂടി ഉയൎന്ന നിലവാരം പുലൎത്തുന്ന ബ്രിട്ടനിൽ ബാങ്കുകൾ 30 ശതമാനമാണ് ലിക്വിഡിററി അനുപാതമായി ദീക്ഷിച്ചുവരുന്നതു്.

'വികേന്ദ്രീകരണം'—പൊള്ളയായ ഒരു മുദ്രാവാക്യം?

(എം. എസ്. എം.)

വിദ്യാഭ്യാസത്തിന്റെയും സഹകരണത്തിന്റെയും കൃഷികവികസനത്തിന്റെയും ഭരണസമ്പ്രദായത്തിന്റെയുമെല്ലാം മണ്ഡലങ്ങളിൽ കൂടെക്കൂടെ ഉയർന്നു കേൾക്കുന്ന ഒരു ഘോഷണമാണ് 'വികേന്ദ്രീകരണം'. ഏതു പരിഷ്കാരം നടപ്പിലാക്കുമ്പോഴും അതിന്റെ പിന്നിൽ ആദർശമായി പൊക്കിപ്പിടിക്കുന്നതു് ഈ 'വികേന്ദ്രീകരണ'ത്തെയത്രേ. ഇന്ത്യയിൽ 1947നു ശേഷം ഇത്രയേറെ ഉദ്ഘോഷിക്കപ്പെട്ടു കേൾക്കുന്ന മറ്റൊരു മുദ്രാവാക്യവുമില്ല. എന്നാൽ അനുഭവത്തിലോ? ഏതു രംഗത്തിലും നാൾക്കുനാൾ കേന്ദ്രീകരണമാണ് പൂർവ്വാധികം ശക്തിയോടെ നടന്നുകൊണ്ടിരിക്കുന്നതു്. ഒന്നിന്റെ പുതുമ നശിക്കുമ്പോൾ കേൾക്കാം മറ്റൊന്ന്. 'ജനാധിപത്യസോഷ്യലിസം', 'വൈകാരികസംയോജനം' എന്നിതൊക്കെത്തന്നെ അങ്ങനെ രൂപം കൊള്ളുന്ന ചില സിദ്ധാന്തങ്ങളാണെന്നു പലപ്പോഴും തോന്നിപ്പോകുന്നു. ഇതുതന്നെയാണ് 'ജനാധിപത്യപരമായ വികേന്ദ്രീകരണ'മെന്നു കേൾക്കുമ്പോഴും സമചിത്തതയോടെ ചിന്തിക്കാൻശീലിച്ചിട്ടുള്ളവർക്കു തോന്നുന്നതു്.

വാസ്തവത്തിൽ 'ജനാധിപത്യാധിഷ്ഠിതമായ വികേന്ദ്രീകരണ'മെന്നതു് ഇന്ത്യയ്ക്കു് ഒരു പുത്തനാശയമല്ലെന്നും അതു് ഇന്നത്തേക്കാൾ അഭിലഷണീയമായി പ്രവർത്തിച്ചിരുന്ന പുരാതനകാലത്തെന്നും ചരിത്രം പഠിച്ചിട്ടുള്ളവർക്കറിയാം. 'വില്ലേജ് റിപ്പബ്ലിക്കുകളുടെ ഒരു ഫെഡറേഷൻ' എന്നു വിളിക്കാവുന്ന 'ജനപദ'ങ്ങൾ വളരെ മുമ്പുതന്നെ—രാമായണത്തിന്റെ കാലത്തുതന്നെ—ഇന്ത്യയിൽ നിലനിന്നിരുന്നു. ഓരോ കൊച്ചു കൊച്ചു റിപ്പബ്ലിക്കുകളായി നിലകൊണ്ടിരുന്ന ഈ ജനപദങ്ങളിൽ ജനാധിപത്യത്തിന്റെ ആധുനികരീതിയിലുള്ളതല്ലെങ്കിലും ഇന്നും അഭിനന്ദനീയമായ ചില പ്രവണതകൾ

[ശേഷം 26-ാംപേജിൽ]

1959-60ൽ സഹകരണസംഘങ്ങളുടെ മൊത്തം ഓഹരിമൂലധനം 42 കോടി ഉറപ്പികയാണ്. മൂന്നാംപദ്ധതിയവസാനിക്കുമ്പോഴേക്കു് 85 കോടിയാക്കി വർദ്ധിപ്പിക്കാമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. പ്രാഥമികസംഘങ്ങളിലെ നിക്ഷേപങ്ങൾ 12 കോടിയിൽനിന്നു 42 കോടിയായും, അപ്പക്സ്ബാങ്കുകളിലേതു 60 കോടിയിൽനിന്നു 142 കോടിയായും ഉയർത്താമെന്നാണ് പ്രതീക്ഷ. ദീർഘകാലവായ്പകൾക്കു പണമുണ്ടാക്കുവാൻ ഒരു കാർഷികവികസനധനകാര്യകോർപ്പറേഷൻ ഉണ്ടാക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

കാർഷികവികസനത്തിനു് അവശ്യഘടകമാണ് മാർക്കറ്റിങ്ങ്. ആ ഘടകംകൂടി വികസിച്ചാലേ കാർഷികവികസനം സാദ്ധ്യമാകൂ. അതുകൊണ്ടു മാർക്കറ്റിങ്ങ് സഹകരണത്തിന്റെ വികസനവും മൂന്നാം പദ്ധതി ലക്ഷ്യമാക്കുന്നു. 1965-'66 ആകുമ്പോഴേയ്ക്കു 2500 സഹകരണമാർക്കറ്റിങ്ങ്സംഘങ്ങൾ ഉണ്ടാകണമെന്നാണ് വെച്ചിരിക്കുന്നതു്. അവയ്ക്കു കീഴിൽ 9200 ഗോഡൗണുകളും. ഇപ്പോൾ ഉള്ള ഗോഡൗണുകൾ 4100 ആണ്. മിച്ചംവരുന്ന ഭക്ഷ്യധാന്യങ്ങളുടെ നാലിൽ ഒന്നും, വാണിജ്യവിളകളുടെ മൂന്നിലൊന്നും വിററഴിയുന്നതു മാർക്കറ്റിങ്ങ്സംഘങ്ങൾവഴിയായിരിക്കണം, മൂന്നാംപദ്ധതിയവസാനിക്കുമ്പോൾ; ഇതാണ് ലക്ഷ്യം.

സഹകരണസംഘങ്ങൾ—അവയുടെ വ്യക്തിമുദ്രകൾ

(പി. എൻ. മൂസ്സതു്, എം. എ., ജെ. ഡി, ന്യൂഡെല്ഹി)

മനുഷ്യന്റെ സാമ്പത്തികജീവിതം ക്രമീകൃതമായും കാര്യക്ഷമമായും നയിക്കുന്നതിന്നു വ്യക്തിമാർഗ്ഗം, സമൂഹമാർഗ്ഗം, സഹകരണമാർഗ്ഗം എന്നിങ്ങനെ മൂന്നു മാർഗ്ഗങ്ങളാണുള്ളതു്. ഇന്നത്തെ മിശ്രസമ്പദ്‌വ്യവസ്ഥകളിൽ (Mixed Economies) ഈ മൂന്നു മാർഗ്ഗങ്ങളും സഹവർത്തിക്കുന്നുണ്ടു്. തൽഫലമായി, നമ്മുടെ ചുററുപാടുമുള്ള സാമ്പത്തികസംരംഭങ്ങളേയും അവയ്ക്കടിസ്ഥാനമായ മാർഗ്ഗത്തിന്നനുസരിച്ചു മുതലാളിത്തസംരംഭങ്ങൾ (സ്വകാര്യസംരംഭങ്ങൾ), സാമൂഹ്യസംരംഭങ്ങൾ (പൊതുസംരംഭങ്ങൾ), സഹകരണസംരംഭങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിക്കാവുന്നതാണു്.

മുതലാളിത്തസംരംഭങ്ങളിൽ ബഹുഭൂരിപക്ഷവും സ്വകാര്യലാഭത്തിന്നുവേണ്ടി വ്യക്തികൾ ഒററയ്ക്കോ യോജിച്ചോ നടത്തുന്നവയാണു്. വ്യക്തിയുടമകൾ (Individual Proprietorships), പങ്കാളിസംരംഭങ്ങൾ (Partnerships), കൂട്ടോഹരിക്കമ്പനികൾ (Joint Stock Companies) എന്നിവയാണു് ലാഭസംരംഭങ്ങളിൽ പ്രധാനമായവ. കൂടുതൽ ലാഭത്തിന്നും സാമ്പത്തികശക്തിക്കുംവേണ്ടി ഈ സംരംഭങ്ങൾ താല്ക്കാലികമായും സ്ഥിരമായും ഒന്നിച്ചുചേർന്നു കുത്തകസംരംഭങ്ങൾ (Monopolistic Undertakings) രൂപീകരിക്കാറുണ്ടു്.

മുതലാളിത്തവ്യവസ്ഥിതിയിൽത്തന്നെ ലാഭത്തിന്നല്ലാതെ പൊതുനന്മയ്ക്കുവേണ്ടി നടത്തപ്പെടുന്ന ധാർമ്മികസംരംഭങ്ങളും (Charitable Undertakings) അപൂർവ്വമായുണ്ടു്. ധർമ്മാസ്പത്രികൾ, അബലാമന്ദിരങ്ങൾ, അനാഥശാലകൾ ഇത്യാദി ഉദാഹരണങ്ങളാണു്.

സാമൂഹ്യസംരംഭങ്ങൾ അഥവാ രാഷ്ട്രസംരംഭങ്ങൾ മുൻസിപ്പാലിററികൾ, സ്റ്റേററുഗവൺമെണ്ടു്, കേന്ദ്രഗവൺമെണ്ടു് എന്നിങ്ങനെ പല പതനത്തിലുമുള്ള ഭരണകൂടങ്ങൾ നടത്തുന്ന വ്യാപാരസംരംഭങ്ങളാണു്. കമ്പിത്തപാൽ, ഗതാഗതം, വിദ്യുച്ഛക്തി വിതരണം തുടങ്ങിയ അത്യാവശ്യസേവനങ്ങൾക്കു പുറമെ വ്യവസായത്തിലും വാണിജ്യത്തിലും ഏർപ്പെട്ടിരിക്കുന്ന 'കോർപ്പറേഷനു'കളേയും രാഷ്ട്രസംരംഭങ്ങളിൽ ഉൾപ്പെടുത്താവുന്നതാണു്.

സഹകരണസംഘങ്ങൾ

സഹകരണത്തിന്റെ, അതായതു കൂട്ടുപ്രവർത്തനത്തിന്റെ, അടിസ്ഥാനതത്വങ്ങളനുസരിച്ചു നടത്തപ്പെടുന്ന സാമൂഹ്യ-സാമ്പത്തിക ഘടകങ്ങളാണു് സഹകരണസംഘങ്ങൾ. അവയ്ക്കു സാമൂഹ്യവും സാമ്പത്തികവുമായ വശങ്ങളുണ്ടു്. വ്യക്തികൾ സ്വേച്ഛാനുസാരം ഒന്നിച്ചുചേരുന്ന സംഘടനകൾ മാത്രമല്ലാ തങ്ങളുടെ പൊതു ആവശ്യങ്ങൾ സാധിക്കുന്നതിന്നു് ഒന്നിച്ചു പ്രവർത്തിക്കുന്ന സാമ്പത്തികസംരംഭങ്ങൾ കൂടിയാണു് ഈ സൊസൈററികൾ.

സാധാരണ കമ്പനി നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായിത്തന്നെ പല വിദേശരാജ്യങ്ങളിലും സഹകരണസംഘങ്ങൾ റജിസ്റ്റർ ചെയ്യപ്പെടുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ, ഇന്ത്യയിൽ സഹകരണ ആക്ടും, ചട്ടങ്ങളും, ഉപനിബന്ധനകളുമടങ്ങിയ ഒരു പ്രത്യേക സഹകരണനിയമംതന്നെയുണ്ടു്. ഈ നിയമമനുസരിച്ചാണു് ഇവിടെ സഹകരണസംഘങ്ങൾ റജിസ്റ്റർ ചെയ്യുന്നതും നടത്തിവരുന്നതും.

സഹകരണത്തിന്റെ വ്യാപ്തി വളരെ വിപുലമാണു്; സാമ്പത്തികജീവിതത്തിന്റെ ഏതു തുറയിലും അതു പ്രായോഗികവുമാണു്. അതിനാൽ പലതരത്തിലും പതനത്തിലുമുള്ള സംഘങ്ങളെ സഹകരണനിയമം അംഗീകരിക്കുന്നു

ണ്ടു്. അങ്ങിനെ വ്യക്തികൾ സമ്മേളിക്കുന്ന പ്രാഥമിക (Primary) സംഘങ്ങൾക്കു പുറമെ സംഘങ്ങൾ ഒന്നിക്കുന്ന പലതരം സെക്കണ്ടറി സംഘങ്ങളുമുണ്ടു്. പ്രാഥമികസംഘങ്ങൾ ഒററ സാമ്പത്തികപ്രവർത്തനം മാത്രം നടത്തുന്നവയാകാം. ഒന്നിലധികം സാമ്പത്തികപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവയാകാം. ഏകോദ്ദേശസംഘങ്ങളോ വിവിധോദ്ദേശസംഘങ്ങളോ ആകാം എന്നർത്ഥം. ഇപ്രകാരം നമുക്കു വായ്പസംഘങ്ങളും, വിപണനസംഘങ്ങളും, ഉല്പാദകസംഘങ്ങളും, വിതരണസംഘങ്ങളും, ക്ഷേമസംഘങ്ങളും, വിവിധോദ്ദേശസംഘങ്ങളും മററുമുണ്ടു്.

സംഘങ്ങളുടെ വ്യക്തിമുദ്രകൾ

സഹകരണസംഘങ്ങൾ സഹകരണതത്വങ്ങൾ അനുവർത്തിച്ചു പ്രവർത്തിക്കുന്ന സാമൂഹ്യ-സാമ്പത്തികസംരംഭങ്ങളാണെന്നു മുകളിൽ പ്രസ്താവിക്കുകയുണ്ടായി. സ്വാതന്ത്ര്യം, സമത്വം, ജനായത്തം, പൊതുക്ഷേമം, ധാർമ്മികമൂല്യം, പരസ്പരസഹായത്തിലൂടെയുള്ള സ്വയം സഹായം എന്നിവയാണു് സഹകരണത്തിൻെറ പ്രധാന തത്വങ്ങൾ. ഈ തത്വങ്ങളനുസരിച്ചു പ്രവർത്തിക്കുന്നവയാകകൊണ്ടു് സംഘങ്ങൾക്കു പൊതുവെ ചില ലക്ഷണങ്ങളുണ്ടാവുന്നതു സാധാരണമാണു്. ഈ പ്രത്യേക ലക്ഷണങ്ങളാണു് സഹകരണസംരംഭങ്ങളെ മററു സംഘടനകളിൽ (Associations)നിന്നും സംരംഭങ്ങളിൽ(Undertakings) നിന്നും വേർതിരിച്ചു നിർത്തുന്നതു്.

താഴെ വിവരിക്കുന്നവയാണു് സഹകരണസംഘങ്ങളുടെ വ്യക്തിമുദ്രകൾ:

1. സ്വച്ഛാശ്രിത സംഘടനകൾ (Voluntary Associations)

ഇന്നു സംഘടനകളുടെ കാലമാണു്. സംഘടനകൾ പാർട്ടി തുടങ്ങിയ രാഷ്ട്രീയസംഘടനകളോ, ചർച്ച് തുടങ്ങിയ മതസംഘടനകളോ, തൊഴിൽ സംഘടന തുടങ്ങിയ സാമ്പത്തിക സംഘടനകളോ ആവാം. സഹകരണസംഘങ്ങളും അപ്രകാരമുള്ള സംഘടനകളാണു്. അങ്ങിനെ വായ്പസംഘങ്ങൾ കടക്കാരുടേയും, ഉല്പാദനസംഘങ്ങൾ ഉല്പാദകരുടേയും, വിതരണസംഘങ്ങൾ ഉപഭോക്താക്കളുടേയും സംഘടനകളാണു്.

പക്ഷേ, സഹകരണസംഘങ്ങൾ മററു സംഘടനകളിൽനിന്നും വ്യത്യസ്തങ്ങളാണു്. സംഘങ്ങൾ വ്യക്തികൾ ഒന്നിച്ചുചേരുന്ന സംഘടനകൾ മാത്രമല്ല; വ്യാപാരസംരംഭങ്ങൾ കൂടിയാണു്. അതാണു് പ്രധാനമായ ഒരു വ്യത്യാസം. കൂടാതെ ഇവയിലെ അംഗത്വം മിക്കവാറും അപരിമിതവും സ്വച്ഛാവർത്തിയുമാണു്. ഉപനിബന്ധനകൾക്കു വിധേയമായി ഏതൊരാൾക്കും യഥേഷ്ടം സംഘങ്ങളിൽ ചേരാനും സംഘങ്ങൾ വിട്ടുപോകാനുമുള്ള സ്വാതന്ത്ര്യമുണ്ടു്.

2. സാമ്പത്തികസംരംഭങ്ങൾ (Economic Undertakings)

എല്ലാസംഘടനകളിലും ഒന്നിച്ചു ചേരുന്നവർ തങ്ങളുടെ പൊതുവായ ആവശ്യങ്ങളെ അംഗീകരിക്കുകയും അവ സാധിക്കാൻ യോജിച്ചു പരിശ്രമിക്കയും ചെയ്യാറുണ്ടു്. എന്നാൽ അതു പലപ്പോഴും പൊതുവ്യാപാരസംരംഭം ആകാറില്ല. രാഷ്ട്രീയപാർട്ടികളും ട്രെയ്ഡ് യൂണിയനുകളും മുദ്രണാലയങ്ങൾ, കാൻറീനുകൾ തുടങ്ങി ചില ചില വ്യാപാരപ്രവർത്തനങ്ങൾ നടത്താറുണ്ടെങ്കിലും അവയൊന്നുംതന്നെ സംഘടനയുടെ പ്രധാന പ്രവർത്തനങ്ങളല്ല. പ്രത്യുത, സഹകരണസംഘങ്ങളിലെ അംഗങ്ങൾ തങ്ങളുടെ പൊതുവായ സാമ്പത്തിക ആവശ്യങ്ങളെ സാധിക്കാനായി വ്യാപാരസംരംഭങ്ങൾ നടത്തുന്നു. മറെറാരുതരത്തിൽ പറഞ്ഞാൽ രാഷ്ട്രീയസംഘടനകൾക്കും മററും പ്രധാനം സാമൂഹ്യവശം മാത്രമായിരിക്കുമ്പോൾ സഹകരണസംഘടനകൾ സാമൂഹ്യവശത്തിനും സാമ്പത്തികവശത്തിനും തുല്യപ്രാധാന്യം കല്പിക്കുന്നു.

3. ലാഭമല്ല, സേവനം (Service and not Profit)

സഹകരണസംഘങ്ങളെ മററു സംഘടനകളിൽനിന്നും വേർതിരിക്കുന്നതു് അവയുടെ സാമ്പത്തികവശമാണല്ലോ. എന്നാൽ കൂട്ടോഹരിക്കമ്പനികൾ, ധർമ്മസ്ഥാപനങ്ങൾ എന്നിവയ്ക്കും സാമൂഹ്യവും സാമ്പത്തികവുമായ വശങ്ങളുണ്ടു്. എന്നാൽ സഹകരണസംഘങ്ങളെ മററു വ്യാപാരസംരംഭങ്ങളിൽനിന്നും പ്രധാനമായും വേർതിരിച്ചു് ഒററ ക്ലാസ്സായി നിത്തുന്നതു് അവയുടെ പ്രവത്തനലക്ഷ്യത്തിലുള്ള വ്യത്യാസമാണു്.

ലാഭസംരംഭങ്ങൾ ലാഭത്തിനുവേണ്ടി മാത്രം നിലകൊള്ളുന്നവയാണു്. ലാഭമാണു് അവയുടെ പരമലക്ഷ്യം; അവ നടത്തുന്ന വ്യവസായവും വാണിജ്യവും അതിനുള്ള ഒരു ഉപാധി മാത്രമാണു്. ആരെ സേവിക്കുന്നുവെന്നു് ഈ സംരംഭങ്ങൾ അവകാശപ്പെടുന്നുവോ അവരുടെ യഥാത്ഥ ആവശ്യങ്ങളുമായി അവയ്ക്കു വളരെ ബന്ധമില്ല. കൊള്ളലാഭമാണു് അവയുടെ മോക്ഷം; അതിനു് ആരെയും ചൂഷണം ചെയ്യാൻ അവ തയ്യാറുമാണു്.

സഹകരണസംഘങ്ങളുടെ നിലപാടു് അങ്ങിനെയല്ലതന്നെ. അംഗങ്ങൾക്കു് ഏററവും ചുരുങ്ങിയ ചിലവിൽ ഏററവും നല്ല സേവനം (Service) നിവ്വഹിക്കുകയെന്നതാണു് അവയുടെ ലക്ഷ്യം. സംഘങ്ങൾ ലാഭമേ ഉണ്ടാക്കുന്നില്ലെന്നു് ഇപ്പറഞ്ഞതിനു് അത്ഥമില്ല. അവയുടെ ശക്തിക്കെന്നല്ല നിലനില്പിനുകൂടി ലാഭമുണ്ടാക്കേണ്ടതു് പലപ്പോഴും അത്യാവശ്യമായി വരാം. എന്നാൽ, അവയേപ്പെട്ടിരിക്കുന്ന വ്യാപാരംതന്നെയാണു് പരമപ്രധാനമായ ലക്ഷ്യം; ആ വ്യാപാരത്തിൽനിന്നുണ്ടാകുന്ന ലാഭമല്ല. ഏററവുമധികം ലാഭമുണ്ടാക്കാനല്ല, ഏററവും മേത്തരം സേവനം നല്കാനാണു് അവ ശ്രമിക്കുന്നതും.

4. സേവനം സൗജന്യമല്ല

സഹകരണസംഘങ്ങളുടെ സേവനം സൗജന്യമല്ല. സേവനം നൽകുന്നതുതന്നെ മിക്കവാറും അംഗങ്ങൾക്കു മാത്രമാണു്. അവ നല്കുന്ന സേവനത്തിനു് ന്യായമായ പ്രതിഫലം—ന്യായമായ ലാഭമടക്കമുള്ള പ്രതിഫലം—വാങ്ങിക്കുന്നുമുണ്ടു്.

മേല്പറഞ്ഞ പ്രത്യേകതയാണു് സഹകരണസംഘങ്ങളെ ധർമ്മസ്ഥാപനങ്ങളിൽനിന്നും വേർതിരിച്ചു നിത്തുന്നതു്. ഉദാരമതികൾ പാവങ്ങൾക്കുവേണ്ടി നടത്തുന്ന ഇത്തരം സ്ഥാപനങ്ങളിൽ ലാഭത്തിന്റെ എന്നുവേണ്ട പ്രതിഫലത്തിന്റെതന്നെ പ്രശ്നം ഉത്ഭവിക്കുന്നില്ല.

5. ഉപയോഗിക്കുന്നവരുടെ ഉടമസ്ഥത (Users' ownership)

ലാഭസംരംഭങ്ങൾ സ്വന്തം താല്പര്യം മുൻനിത്തി മുതലാളികൾ നടത്തുന്നവയും, ധർമ്മസ്ഥാപനങ്ങൾ ഉപഭോക്താക്കളുടെ താല്പര്യം മുൻനിത്തി ഉദാരന്മാർ നടത്തുന്നവയും, രാഷ്ട്രസംരംഭങ്ങൾ പ്രജകളുടെ പൊതുതാല്പര്യം മുൻനിത്തി അവരുടെ പ്രതിനിധികൾ നടത്തുന്നവയുമാണു്. സഹകരണസംഘങ്ങളാവട്ടെ, ഉപയോഗിക്കുന്നവർതന്നെ തങ്ങളുടെ താല്പര്യത്തെ മുൻനിത്തി നടത്തുന്ന സംരംഭങ്ങളാണു്. അംഗങ്ങളുടെ യഥാത്ഥമായ ആവശ്യങ്ങളും അവ നടത്തുന്ന വ്യാപാരവുമായി അഭേദ്യബന്ധവുമുണ്ടു്. അങ്ങിനെ, ഉപഭോക്തൃസംഘങ്ങൾ ഉപഭോക്താക്കളാലും, വായ്പ സംഘങ്ങൾ വായ്പ ആവശ്യമുള്ളവരാലും, വിപണനസംഘങ്ങൾ ഉല്പാദകരാലും സ്വതാല്പര്യങ്ങൾക്കായി നടത്തപ്പെടുന്നവയാണു്.

6. ഏട്ടിലും ഫലത്തിലും ജനായത്തം

സഹകരണസംഘങ്ങൾ ഏട്ടിലും ഫലത്തിലും ജനായത്തം ദീക്ഷിക്കുന്നു. ജനങ്ങൾക്കുവേണ്ടി ജനങ്ങൾതന്നെ നടത്തുന്ന ഭരണമാണു് ജനായത്തം എന്നു പറയുന്നതു്. സഹകരണസംഘങ്ങൾ തങ്ങൾക്കുവേണ്ടി സംഘാംഗങ്ങൾ നടത്തുന്നവയാണു്. അവയുടെ വ്യാപാരനയങ്ങൾ രൂപമെടുക്കുന്നതു് പൊതുസമ്മേളനങ്ങളിൽവെച്ചു ഭൂരിപക്ഷാഭിപ്രായമനുസരി

ച്ചാണ്. ആ നയങ്ങൾക്കു വിധേയമായി നിത്യനിദാനഭരണം അംഗങ്ങൾ തിരഞ്ഞെടുക്കുന്ന ഭരണസമിതി നടത്തുന്നു. ചുരുക്കത്തിൽ, നേരിട്ടുള്ള ജനായത്തം (Direct Democracy) ആണ് അവയിൽ നിലവിലുള്ളത്. സാമൂഹ്യജനാധിപത്യത്തിനു പുറമെ സാമ്പത്തികജനാധിപത്യംകൂടി അവ ദീക്ഷിക്കയും ചെയ്യുന്നുണ്ട്.

കമ്പനികൾ, കോർപറേഷനുകൾ തുടങ്ങിയവയിലും ജനാധിപത്യം നിലവിലുണ്ട്. പക്ഷേ, മിക്കപ്പോഴും ആ ജനാധിപത്യം കാര്യക്ഷമമാവാറില്ല. കമ്പനികളിലെ ജനാധിപത്യം മൂലധനപ്രധാനവും ഏട്ടിൽ മാത്രമുള്ളതുമാണ്. ജനായത്തരാഷ്ട്രത്തിന്റെ വ്യാപാരസംരംഭങ്ങളെന്നതിൽ കവിഞ്ഞ ജനായത്തം കോർപറേഷനുകളിൽ പ്രായോഗികവുമല്ല.

7. സമത്വം—സാമൂഹ്യവും സാമ്പത്തികവും

സാമൂഹ്യവും സാമ്പത്തികവുമായ സമത്വം സഹകരണസംഘങ്ങളുടെ പ്രത്യേകതയാണ്. സ്വന്തം താല്പര്യങ്ങളുടെ സംരക്ഷണാർത്ഥം അംഗങ്ങൾ ഒത്തുചേരുമ്പോൾ ആ ഒത്തുചേരൽ പരിപൂർണ്ണമായും സമത്വത്തിന്റെ അടിസ്ഥാനത്തിലാവുന്നത് സ്വാഭാവികമാണല്ലോ.

സഹകരണസംഘങ്ങളിൽ എല്ലാ അംഗങ്ങളും തുല്യവാന്മാരാണ്. ജാതിമതവിശ്വാസാദിവ്യത്യാസങ്ങളൊന്നും അവ കണക്കാക്കുന്നില്ല. മതകാര്യങ്ങളിലും രാഷ്ട്രീയകാര്യങ്ങളിലും മററും അവ നിഷ്പക്ഷത പാലിക്കുന്നു. ഏതു രാഷ്ട്രീയകക്ഷിയിൽപെട്ടവരായാലും ഏതു മതക്കാരായാലും സംഘങ്ങളിലെ അംഗങ്ങൾക്കു തുല്യമായ അവകാശങ്ങളും ചുമതലകളുമുണ്ട്.

സാമൂഹ്യമായ സമത്വത്തിനു പുറമെ സാമ്പത്തികമായസമത്വംകൂടി സഹകരണസംഘങ്ങളിലുണ്ട്. സംഘത്തിന്റെ മൂലധനത്തിലേക്ക് ഓരോ അംഗവും ഏകദേശം തുല്യമായ ഓഹരികളാണ് കൊടുക്കുന്നത്. വ്യക്തികളായ അംഗങ്ങൾക്ക് എടുക്കാവുന്ന പരമാവധി ഓഹരികളുടെ എണ്ണം സഹകരണനിയമത്തിൽ പലപ്പോഴും ക്ലിപ്തപ്പെടുത്താറുണ്ട്. അംഗങ്ങളെടുക്കുന്ന ഓഹരികളുടെ എണ്ണത്തിൽ വ്യത്യാസമുണ്ടായാൽത്തന്നെ വോട്ടവകാശം മിക്കവാറും സമമായിരിക്കുന്നു. "ഓരോരുത്തനും ഓരോ വോട്ട്" (One man one vote) എന്ന തത്വമാണ് ഇവിടെ അംഗീകരിക്കപ്പെട്ടിട്ടുള്ളത്.

അററാദായത്തിന്റെ വിതരണവും നീതിപൂർവ്വകമാണ്. ലാഭത്തിന്റെ നല്ലൊരു ഭാഗം അംഗങ്ങൾ സംഘവുമായി നടത്തുന്ന വ്യാപാരത്തിന്റെ തോതു് അനുസരിച്ച് അവർക്കിടയിലാണ് വിതരണം ചെയ്യപ്പെടുന്നത്. മാത്രമല്ല, മൂലധനത്തിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യപ്പെടുന്ന 'ഡിവിഡണ്ടി'നു പരിധി നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു.

കമ്പനികളിൽ ജനാധിപത്യം അല്പസ്വല്പം നിലവിലുണ്ടെങ്കിലും സമത്വം നിലവിലില്ല. അവയുടെ നിയന്ത്രണം കൂടുതൽ ഓഹരി എടുത്ത ചുരുക്കം ചിലരുടെ ഹസ്തങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. കൂടുതൽ ഓഹരികളെടുത്തവർക്ക്—ഓഹരികളുടെ തോതനുസരിച്ച്—കൂടുതൽ വോട്ടുചെയ്യാൻ അധികാരമുണ്ട്.

8. ധാർമ്മികമൂല്യങ്ങൾ (Moral values)

സഹകരണസംഘങ്ങൾ വെറും സാമ്പത്തികസംരംഭങ്ങൾ മാത്രമല്ല; ധാർമ്മികസ്ഥാപനങ്ങൾകൂടിയാണ്. അംഗങ്ങളുടെ സാമ്പത്തികനിലക്കു പുറമെ ധാർമ്മികവും സദാചാരപരവുമായ നിലവാരംകൂടി ഉയർത്താൻ അവ പരിശ്രമിക്കുന്നു. സത്യം, ചുമതലാബോധം, മിതവ്യയം, സ്വാശ്രയശീലം, ഇത്യാദി ഗുണങ്ങൾ വളർത്തുകയും ജനായത്തത്തിൽ അവർക്ക് പരിശീലനം നല്കുകയും സഹകരണസംഘങ്ങളുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നവയാണ്.

ലാഭസംരംഭങ്ങൾ സാമ്പത്തികകാര്യങ്ങൾ മാത്രം [illegible]നാക്കുന്നവയാണ്. ധർമ്മസ്ഥാപനങ്ങളാകട്ടെ മനുഷ്യന്റെ വ്യക്തിത്വത്തേയും സ്വാഭിമാനത്തേയും ചോദ്യംചെയ്യുന്നവയുമാണ്.

റോബർട്ട് ഓവൻ

(ടി. കെ. കുഞ്ഞയ്യപ്പൻ)

II

സഹകരണമാർഗ്ഗത്തിലേക്കു്

റോബട്ട്ഓവൻ തന്റെ ഫാക്ടറിയിലെ തൊഴിലാളികളെ സംബന്ധിച്ചു ചെയ്യാവുന്നതൊക്കെ ചെയ്തു. തൊഴിലാളികൾക്കു് ആനുകൂല്യങ്ങൾ അനുവദിച്ചതുകൊണ്ടു ഫാക്ടറിക്കു ദോഷമൊന്നും സംഭവിച്ചില്ല; കൂടുതലഭിവൃദ്ധിയുണ്ടാവുകയും ചെയ്തു. സ്വാനുഭവംവെച്ചുകൊണ്ടദ്ദേഹം മററു ഫാക്ടറിയുടമകളോടു തന്നെ അനുകരിച്ചു തൊഴിലാളികൾക്കാനുകൂല്യങ്ങളനുവദിക്കാനഭ്യർത്ഥിച്ചു. അവരൊക്കെ തന്നെ അനുകരിക്കുമെന്നായിരുന്നു ഓവന്റെ വിശ്വാസം. പക്ഷേ അദ്ദേഹത്തെ ചെവിക്കൊള്ളാനാരുമുണ്ടായില്ല. അവിടുന്നദ്ദേഹം തിരിഞ്ഞതു നിയമമുണ്ടാക്കിച്ചു തൊഴിലാളികളെ രക്ഷിക്കാനാവുമോ എന്നു പരീക്ഷിക്കാനാണു്. പാർളിമെൻറംഗങ്ങളെ അദ്ദേഹം സമീപിച്ചു. കാര്യം പറഞ്ഞുനോക്കി. ഫലമുണ്ടായില്ല. നിയമത്തിന്റെ കർത്തൃത്വവും പേറിനടന്നിരുന്ന അവർക്കു തൊഴിലാളികൾക്കനുകൂലമായ നിയമനിർമ്മാണത്തിന്റെ ആവശ്യകത ബോദ്ധ്യമായില്ല. നിലവിലിരുന്ന സാമ്പത്തികവ്യവസ്ഥയ്ക്കെന്തെങ്കിലും ദോഷമുണ്ടെന്നു തോന്നിയിരുന്നവരായിരുന്നില്ല അവരാരും. അങ്ങനെ ഓവനു ബോദ്ധ്യപ്പെട്ടു മുതലാളിമാരിൽനിന്നോ നിയമനിർമ്മാതാക്കളിൽനിന്നോ യാതൊരു പിന്തുണയും തൊഴിലാളിപ്രശ്നത്തിനു ലഭിക്കുകയില്ലെന്നു്. ഈയനുഭവത്തിൽനിന്നാണു് കൂട്ടായ പ്രശ്നത്തിന്റെ ആശയം അദ്ദേഹത്തിന്റെ ഉള്ളിൽ തറച്ചതു്. അതുകൊണ്ടദ്ദേഹം ഗവമ്മേണ്ടിനേയോ, തൊഴിലുടമകളേയോ സമാശ്രയിക്കാതെ, തൊഴിലാളികളെ സംഘടിപ്പിച്ചു സ്വാഭിവൃദ്ധിക്കായി പ്രവർത്തിപ്പിക്കുവാനുള്ള ശ്രമത്തിൽ പ്രവേശിച്ചു. ഈ സംരംഭമാണു് യഥാർത്ഥത്തിൽ ഓവന്റെ പേരിനനശ്വരത്വം സമ്പാദിച്ചുകൊടുത്തതു് എന്നു പറയാം.

പുതിയ പദ്ധതി

കൂട്ടുപ്രവർത്തനത്തിൽ ഉറച്ച വിശ്വാസമായിരുന്നു ഓവനു്. ഈ വിശ്വാസം ഗ്രാമജീവിതത്തെ

9. മത്സരമല്ല സഹകരണം

പ്രാഥമികസംഘങ്ങൾ ഒന്നിച്ചുചേർന്നു് കേന്ദ്ര സംഘങ്ങൾ സ്ഥാപിക്കുന്ന പതിവു് സർവ്വസാധാരണമാണു്. ഫെഡറേഷനുകൾ, യൂനിയനുകൾ എന്നിങ്ങനെ പല്പേരിലും അറിയപ്പെടുന്ന കേന്ദ്രസംഘങ്ങൾ വ്യാപാരത്തിലോ മേൽനോട്ടത്തിലോ ഏർപ്പെട്ടിരിക്കുന്നവയാവാം. അങ്ങിനെ, വിവിധസംഘങ്ങൾ മത്സരിക്കാതെ അന്യോന്യം സഹകരിച്ചും സഹായിച്ചും കൂടുതൽ ശക്തി നേടുന്നു., എന്നിട്ടും സംഘങ്ങളുടെ വ്യക്തിത്വത്തിനും സ്വാതന്ത്ര്യത്തിനും ഒരു വിധത്തിലും ഹാനി തട്ടുന്നില്ല.

ലാഭസംരംഭങ്ങളോ സദുദ്ദേശത്തോടെ തമ്മിൽ സഹകരിക്കുക പതിവില്ല. അവ തമ്മിൽ കടുത്ത വ്യാപാരമത്സരമാണു് നടക്കുന്നതു്. വല്ലപ്പോഴും അവ യോജിച്ചു പ്രവർത്തിക്കുന്നുവെങ്കിൽ അതു കൂടുതലാഭത്തിനുവേണ്ടി മാത്രമാണു്.

10. മററു പ്രത്യേകതകൾ

സഹകരണസംഘങ്ങളെ മററു സംരംഭങ്ങളിൽനിന്നും വേർതിരിക്കുന്ന പ്രധാനലക്ഷണങ്ങൾ മേല്പറഞ്ഞവയാണു്. സാധാരണമായി അംഗങ്ങളോടുമാത്രം വ്യാപാരം നടത്തുന്ന പതിവു്, ചുരുങ്ങിയ പ്രവർത്തനപരിധി, വിദ്യാഭ്യാസത്തിലുള്ള അതിയായ താല്പര്യം എന്നിവയാണു് അവയുടെ മററു പ്രത്യേകതകൾ.

ലേക്കു പകത്താനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. സഹകരണാടിസ്ഥാനത്തിലുള്ള കോളനികൾ സ്ഥാപിച്ചു നടത്തുകയാണതിനദ്ദേഹം കണ്ട മാർഗ്ഗം. ഭാവനയിലിരുന്ന കോളനികൾക്ക സഹകരണഗ്രാമങ്ങൾ എന്നദ്ദേഹം പേരിട്ടു. മനസ്സുള്ളവർ ഒരുമിച്ചു ചേരുക; പരിപൂർണ്ണസമത്വം പാലിക്കുക; ഉൽപാദകരും ഉപഭോക്താക്കളും എന്ന നിലയിൽ കൂട്ടായി പ്രവർത്തിക്കുക. ആ വഴിക്ക യജമാനത്വവും, ലാഭക്കൊതിയും, ചൂഷണവും അവസാനിപ്പിക്കാമെന്നായിരുന്നു ഉദ്ദേശം. എടത്തട്ടുകാരുടെ പ്രശ്നവും അതോടെ അവസാനിക്കുമല്ലോ. ഗവർമ്മെണ്ടിന്റെ പിന്തുണ ലഭിക്കുകയാണെങ്കിൽ തന്റെ ശ്രമം ഫലിക്കുമെന്നും, വിജയമുടനെ കൈവരുമെന്നും ഓവൻ വിശ്വസിച്ചു. തന്റെ ഈ സഹകരണഗ്രാമപദ്ധതി അതിവേഗം ലോകം മുഴുവൻ വ്യാപിക്കുകയും, ചൂഷണമുറകളില്ലാത്ത, യജമാനഭൃത്യഭേദമില്ലാത്ത പുതിയ ഒരു സാമൂഹ്യക്രമം ഉയർന്നുവരികയും ചെയ്യുമെന്നാശിക്കുകയും ചെയ്തു. അദ്ദേഹം ഗവർമ്മെണ്ടിനേയും പള്ളിമേധാവികളേയും സമീപിച്ചു സഹായമഭ്യർത്ഥിച്ചു. ആതുരാലയങ്ങൾക്കും, ദുരിതാശ്വാസനടപടികൾക്കുമായി ചിലവഴിക്കുന്ന പണമുപയോഗിച്ചു പാവപ്പെട്ടവരും തൊഴിലില്ലാത്തവരുമായ പട്ടിണിപ്പാവങ്ങൾക്കായി കോളനികൾ ഏർപ്പെടുത്തണമെന്നാണ് അദ്ദേഹം നിർദ്ദേശിച്ചതു്. ഏർപ്പെടുത്തിക്കഴിഞ്ഞാൽ കോളനികൾ നഷ്ടം കൂടാതെ പ്രവർത്തിച്ചു സ്വയം നിലനിന്നുകൊള്ളുമെന്നദ്ദേഹം അറിയിച്ചു. ഗവർമ്മെണ്ടും പള്ളിമേധാവികളും അദ്ദേഹത്തെ സഹായിച്ചില്ല. സ്വാധീനശക്തിയുള്ള ജനനേതാക്കന്മാരും അദ്ദേഹത്തിനെതിരു നിന്നു. വ്യക്തിമത്സരം അനുവദിക്കുന്ന, ലാഭേച്ഛയുള്ള മുതലാളിത്തവ്യവസ്ഥിതിക്കെതിരായുള്ള നീക്കത്തെ അവരാരും ഇഷ്ടപ്പെട്ടില്ല. പള്ളിമേധാവികളെതിരാകാൻ മതപരമായ കാരണങ്ങളുമുണ്ട്. സഹായമോ ഇല്ല! എതിരാവുകകൂടി ആയാലോ! ഓവന്റെ പദ്ധതികൾ ഭാവനയിൽ തങ്ങിനിൽക്കേണ്ടിവന്നു. ഈ ചുറ്റുപാടിൽ അദ്ദേഹം നാടു വിടാനാണ് നിശ്ചയിച്ചതു്. അമേരിക്കയിൽ ചെന്നൊന്നു പരീക്ഷിച്ചാലോ എന്നു തോന്നി അദ്ദേഹം അങ്ങോട്ടു തിരിച്ചു. അവിടെ ചെന്നു പ്രസിഡണ്ടിനെക്കണ്ടു് അനുമതി വാങ്ങി ഇന്ത്യാനയിൽ കുറെ സ്ഥലം വിലയ്ക്കു വാങ്ങി കോളനി സ്ഥാപിക്കുകയും ചെയ്തു.

ആദ്യത്തെ കോളനി

ന്യൂ ഹാർമണി (New Harmony) എന്നായിരുന്നു വാങ്ങിയ സ്ഥലത്തിനു പേര്. വിസ്തീർണ്ണത്തിൽ 30,000 ഏക്കർ വരുമായിരുന്നു. സ്ഥലമെടുക്കുമ്പോൾ അവിടെ ഉണ്ടായിരുന്നതു 700 പേരാണ്. ഏതാനും നാളുകളിൽ 900 പേർകൂടി വന്നുചേർന്നു. വിവേചനം കൂടാതെ എല്ലാവരേയും ഓവൻ കോളനിയിൽ അംഗങ്ങളായി സ്വീകരിച്ചു. ആവേശഭരിതമായിരുന്നു ആരംഭം. പൊതുവായ ഉടമയും കൂട്ടായ പ്രവർത്തനവും ജീവിതവുമൊക്കെ എല്ലാവരും അംഗീകരിച്ചു. പക്ഷേ ഒന്നും നീണ്ടുനിന്നില്ല. കോളനിയുടെ പ്രവർത്തനം പരാജയപ്പെടുകതന്നെ ചെയ്തു. പുതുതായി ചേർക്കപ്പെട്ട അംഗങ്ങളിലധികംപേരും വിദ്യാവിഹീനരും, സ്വാർത്ഥലോഭികളും, കൊള്ളരുതാത്തവരുമായിരുന്നു. ഓവൻ അവരെ വിശ്വസിച്ചു. അവരദ്ദേഹത്തെ വഞ്ചിച്ചു. പ്രവർത്തനം കുറെ കാലം ഒരുവിധം ഇഴഞ്ഞു നടന്നു. പിന്നീടു വെട്ടിത്തിരിച്ചു പല യൂണിറ്റുകളാക്കി ഓരോന്നിലുമുള്ള ഭൂമി വ്യക്തികൃഷിക്കാരെ ഏല്പിച്ചു. കമ്യൂണിസ്റ്റടിസ്ഥാനത്തിൽ കോളനി സ്ഥാപിക്കാനുള്ള ഓവന്റെ ശ്രമങ്ങളങ്ങനെ പരാജയപ്പെട്ടു. ഓവൻ ഇംഗ്ലണ്ടിലേക്കു മടങ്ങി.

അനുയായികൾക്കിടയിൽ

ഓവന്റെ പരീക്ഷണം അമേരിക്കയിൽ നടന്നുകൊണ്ടിരുന്നപ്പോൾ അതേവഴിക്കുള്ള ചില ചില പരീക്ഷണങ്ങൾ അദ്ദേഹത്തിന്റെ അനുയായികൾ സ്വദേശത്തും നടത്തിക്കൊണ്ടിരുന്നു. അക്കൂട്ടത്തിൽ കോംബ് (Combe) ഹമിൽട്ടൻ (Hamilton) എന്നിവരുടെ പേരുകൾ

എടുത്തുപറയേണ്ടതായുണ്ടു്. ഓവൻ അമേരിക്കയിൽ ന്യൂ ഹാർമണികോളനി സ്ഥാപിച്ചു ഒരു കൊല്ലം കഴിഞ്ഞപ്പോൾ, 1826–ൽ, കോംബിയും ഹമിൽട്ടനും ചേൎന്നു സ്കോട്ട്ലണ്ടിൽ ഓർബിസ്റ്റൻ (Orbiston) എന്ന സ്ഥലത്തു് ഒരു കോളനിയേർപ്പെടുത്തി. കോളനിയിൽ വലിയ ഒരു കെട്ടിടം പണി കഴിപ്പിച്ചു് ഓവൻെറ അനുയായികൾ ഒട്ടുവളരെ പേർ താമസം അവിടേക്കു മാററി. അവിടെ കൂട്ടുജീവിതം (Community living) ആരംഭിച്ചു. കോളനിയിലെ അന്തേവാസികൾ ഗ്രൂപ്പു തിരിഞ്ഞു, കോളനിക്കകത്തുള്ള പ്രവൃത്തികൾ വിഭജിച്ചേറെറടുത്തു നടത്തി. കുറെ കാലത്തേയ്ക്കെല്ലാം വളരെ ഭംഗിയായി കഴിഞ്ഞുകൂടി. 1827–ൽ കോംബി പെട്ടെന്നു നിര്യാതനായി. കോളനിയുടെ താക്കോൽക്കാരനായിരുന്ന അദ്ദേഹത്തിൻെറ നിര്യാണത്തോടുകൂടി കോളനിയുമവസാനിച്ചു.

മററു പരീക്ഷണങ്ങൾ

ഓർബിസ്റ്റൻകോളനിയുടെ പരാജയം ഓവൻപക്ഷക്കാരെ പ്രവൎത്തനവിമുഖരാക്കിയില്ല. അവർ അവരുടെ കോളനിപ്രവൎത്തനപരീക്ഷണശ്രമം തുടൎന്നുകൊണ്ടേയിരുന്നു. അവയിലേററവും പ്രധാനപ്പെട്ടതു ഹാംപ്ഷയറിലെ (Hamp-shire) ക്വീൻസ്‌വുഡ് കോളനിയായിരുന്നു. 1839–ലാണു് അതാരംഭിച്ചതു്. കോളനിയുടെ ഗവൎണ്ണരായി റോബർട്ട ഓവൻ നിയമിക്കപ്പെട്ടു. എന്നാൽ പൂൎവ്വകാലാനുഭവങ്ങൾ വെച്ചുകൊണ്ടുണ്ടാക്കിയ പരിപാടി നടപ്പിലാക്കുക ഞെരുക്കമാണെന്നു കണ്ടു്, ആ സ്ഥാനത്തദ്ദേഹം അധികനാൾ തുടൎന്നില്ല. അദ്ദേഹമാസ്ഥാനം രാജിവെച്ചു. പകരം മറെറാരാൾ ഗവൎണ്ണരായി വന്നു. കാൎഷികപ്രവൎത്തനങ്ങളിൽ പ്രായോഗികവിജ്ഞാനം കുറവായിരുന്നു മിക്ക പ്രവൎത്തകന്മാൎക്കും. സാമ്പത്തികക്ലേശവും പുരോഗതിക്കെതിരായി നിന്നു. സംരംഭം പരാജയത്തിലേക്കു നീങ്ങി. അവസാനം 1845–ൽ സമാപ്തീകരണവും നടന്നു. അതോടെ സഹകരണഗ്രാമങ്ങൾ സ്ഥാപിക്കാനുള്ള ഓവൻപക്ഷക്കാരുടെ ശ്രമവുമവസാനിച്ചു. ഇതൊക്കെക്കൊണ്ടു് ഓവൻ ഒരു സ്വപ്നജീവിയായി കാണപ്പെടുവാനിടവരികയാണു് ചെയ്തതു്.

പുതിയ പരീക്ഷണം

ഓവനു് അടിക്കടി പരാജയം അനുഭവപ്പെട്ടു. അതുകൊണ്ടൊന്നും അദ്ദേഹം തൻെറ സംരംഭങ്ങളിൽനിന്നു പിൻവാങ്ങിയില്ല. പരാജയംകൊണ്ടു് അധീരനാകുന്ന കൂട്ടത്തിലല്ലായിരുന്നു അദ്ദേഹം. അദ്ദേഹത്തിൻെറ ചിന്ത മറെറാരു വഴിക്കു തിരിഞ്ഞു. സാമൂഹ്യക്രമത്തിൻെറ ഏററവും വലിയ പുഴുക്കുത്തു ലാഭേച്ഛയാണു്. അതേതുവിധവും അവസാനിപ്പിക്കാൻ കഴിഞ്ഞാൽ പാവപ്പെട്ട പണിയാളുകളുടെ ജീവിതം മെച്ചപ്പെടുത്താനൊക്കും. അതുകൊണ്ടു ലാഭക്കച്ചവടം തടയാനുള്ള മാൎഗ്ഗമദ്ദേഹമാരാഞ്ഞു; ഒരുപായം കണ്ടുപിടിക്കുകയും ചെയ്തു. 'ലേബർനോട്ടുകൾ' ഏൎപ്പെടുത്തി കറൻസിയെ വ്യാപാരരംഗത്തുനിന്നു നീക്കംചെയ്യുകയായിരുന്നു അതു്. ഒരു പദാൎത്ഥത്തിൻെറ വില എന്നാലെന്താണു്? അതുൽപാദിപ്പിക്കുവാൻ വേണ്ടിവരുന്ന മാനുഷികയത്നം. സാമാനങ്ങൾക്കുള്ള വില അതുൽപാദിപ്പിക്കുവാൻ വേണ്ടിവരുന്ന സമയമായി നിജപ്പെടുത്തുക. തൊഴിലെടുക്കുന്നവൎക്കു തൊഴിലെടുത്ത സമയത്തിനുള്ള നോട്ടുകൾ നൽകുക. ഓരോ നോട്ടിനും അത്രയും സമയംകൊണ്ടുൽപാദിപ്പിക്കുന്ന പദാൎത്ഥം പകരമായി ലഭിക്കുക. അങ്ങനെ വരുമ്പോൾ പദാൎത്ഥങ്ങളിന്മേൽ ആരും ഒരിടത്തും ലാഭം നൽകേണ്ടിവരുന്നില്ല. ആൎക്കുമൊരിടത്തും ലാഭം വാങ്ങാൻ കഴിയുന്നുമില്ല. ഉൽപാദകനും ഉപഭോക്താവും നേരിട്ടായി എടവാടു്. എടത്തട്ടുസമ്പ്രദായം തിരോഭൂതമായി തൊഴിലാളികൾക്കു കൂലി കൊടുക്കുന്നതിനു് ഈ സമ്പ്രദായമദ്ദേഹമംഗീകരിച്ചു. വേലയെടുത്ത സമയം കുറിക്കുന്ന നോട്ടുകൾ അദ്ദേഹം തൊഴിലാളികൾക്കു നൽകി. അവൎക്കു് ആ നോട്ടു കൊടുത്തു പകരം സാമാനങ്ങൾ വാങ്ങുവാൻ കഴിയുന്നൊരേൎപ്പാടുണ്ടാക്കേണ്ടതും ഒരാവശ്യമായിത്തീൎന്നു. അതും അദ്ദേഹമു

ണ്ടാക്കി. അതിന്റെ പേർ ലേബർ എക്സ്ചേഞ്ച് എന്നായിരുന്നു.

ലേബർ എക്സ്ചേഞ്ച്

1832-ലാണ് അദ്ദേഹത്തിന്റെ ഏതാനും അനുയായികൾ ചേർന്ന് ഒരു "നാഷനൽ ഇക്വിറ്റബിൾ ലേബർ എക്സ്ചേഞ്ച്" ഏർപ്പെടുത്തിയത്. ഉൽപാദകരേയും, ഉപഭോക്താക്കളേയും അതിലംഗങ്ങളാക്കി ചേർത്തു. വ്യാപാരം അംഗങ്ങൾക്കിടയിൽ മാത്രമായിരുന്നു. ഉല്പാദകർ അവരുണ്ടാക്കുന്ന ചരക്കുകൾ എക്സ്ചേഞ്ചിൽ ഡെപ്പോസിറ്റ് ചെയ്ത പ്രകാരം ലേബർനോട്ടുകൾ വാങ്ങി. തൊഴിലാളികൾക്കവരുടെ വേലയ്ക്കും ലേബർനോട്ടുകൾ ലഭിച്ചു. ഇരുകൂട്ടരും ലേബർനോട്ടുകൾവഴി തങ്ങൾക്കാവശ്യമുള്ള സാമാനങ്ങൾ ലേബർ എക്സ്ചേഞ്ചിൽനിന്നു വാങ്ങിച്ചു. ലാഭമില്ല, മത്സരമില്ല, ഏടത്തട്ടുകാരന്റെ സാന്നിദ്ധ്യവുമില്ല.

ഈ പരീക്ഷണവും ഭംഗിയായി കുറേ കാലം നടന്നു. പിന്നെ തകർന്നു. കള്ളന്മാർ എവിടെയും കാണുമല്ലോ. ലേബർ എക്സ്ചേഞ്ചിലും അങ്ങനെ ചിലരുണ്ടായി. അവർ തങ്ങളുടെ ചരക്കുകൾക്ക് ഉൽപാദനസമയം കൂട്ടിപ്പറഞ്ഞു. മറ്റൊന്ന് ഉൽപാദനക്ഷമത എല്ലാവർക്കും തുല്യമാകയില്ലല്ലോ. ഒരു മിടുക്കൻ ഒരു മണിക്കൂറുകൊണ്ടു ചെയ്തുതീർക്കുന്ന പണി ചെയ്തുതീർക്കാൻ സാമർത്ഥ്യം കുറഞ്ഞ അവന്റെ കൂട്ടുകാരന് ഒന്നേകാൽ മണിക്കൂറു വേണ്ടിവന്നേക്കും. ഇരുവരുമുണ്ടാക്കുന്ന പദാർത്ഥം ഒന്നു. വിലയോ, ഒന്നും ഒന്നേകാലും. അപ്പോൾ ഒന്നേകാലിന്റെ ചരക്ക വിററഴിയാതെ കെട്ടിക്കിടക്കേണ്ടിവരുമെന്നതു നിശ്ചയമാണല്ലോ.

മറ്റൊരു വിഷമം. വ്യക്തികളുടെ കാര്യക്ഷമതാഭേദംകൊണ്ടു ചരക്കുകളുടെ ഗുണത്തിലും മാററം വരാം. ഗുണം കുറഞ്ഞ ചരക്കു കെട്ടിക്കിടക്കുകയേ തരമുള്ളു.

അംഗങ്ങൾക്കാവശ്യമായ പദാർത്ഥങ്ങൾ മുഴുവൻ ആവശ്യമനുസരിച്ചു നൽകാൻ എക്സ്ചേഞ്ചിനു കഴിഞ്ഞില്ല. അംഗങ്ങളുടെ കൂറില്ലായ്മ മറ്റൊരു വഴിക്കുകൂടി പ്രത്യക്ഷപ്പെട്ടു. അവർ ലേബർനോട്ടു കൊടുത്തു ഒരത്തി സാമാനങ്ങൾ വാങ്ങി കരിഞ്ചന്തക്കച്ചവടം നടത്തി. ഓവന്റെ ഈ ഏർപ്പാടിനെ പൊളിക്കാൻ നിക്ഷിപ്തതാൽപര്യവും കിണഞ്ഞു പണിയെടുത്തു. ലേബർ എക്സ്ചേഞ്ചുകൾ പ്രവർത്തനം നടത്തിയിരുന്നതു വാടകക്കെട്ടിടങ്ങളിലാണ്. പരീക്ഷണം വിജയിക്കുന്നുവെന്നു കണ്ടപ്പോൾ അവ കൈയടക്കാനായി കെട്ടിടമുടമകളുടെ ശ്രമം. താങ്ങാനാവാത്ത വാടക; അല്ലെങ്കിൽ കെട്ടിടമൊഴിയുക; ഇതായി അവരുടെ പിടുത്തം. തെമ്മാടികളെ വിട്ടു എക്സ്ചേഞ്ചിൽനിന്നു ജോലക്കാരെ തല്ലിപ്പായിച്ച് എക്സ്ചേഞ്ച് കൈയടക്കിയ അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്.

ഓവന്റെ പരീക്ഷണസംരംഭങ്ങൾക്കിടയിൽ ട്രെയിഡ്യൂണിയൻപ്രവർത്തനം അമ്പേ നിലച്ചുപോയിരുന്നു. എക്സ്ചേഞ്ചുപ്രവർത്തനങ്ങളുടെ പരാജയത്തിനതും ഒരു പ്രധാന കാരണമാണ്.

ഉദ്യോഗസ്ഥപക്ഷവും അനുദ്യോഗസ്ഥപക്ഷവും

(എൻ. കെ. ശേഷൻ എം. എ.)

II

സഹകരണപ്രസ്ഥാനം ഇന്ത്യയിൽ ആരംഭിച്ച കാലത്ത് അതു സ്വാഭാവികമായും ഉദ്യോഗസ്ഥപക്ഷത്തിന്റെ നിയന്ത്രണത്തിൻകീഴിലാണായിരുന്നതെന്നു മുൻലേഖനത്തിൽ (1960 നവമ്പർ ഡിസമ്പർ ലക്കം) പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതങ്ങനെ ആയിത്തീരാൻ തക്കതായ കാരണങ്ങളും ഉണ്ടായിരുന്നു. പക്ഷേ കാലക്രമത്തിൽ അതിന്റെ സന്ദേശം നാട്ടിൽ പരന്നു വീശാൻ തുടങ്ങിയതോടെ, അതിന്റെ പ്രയോജനകരമായ സേവനത്തിനു വിധേയരായ സാധാരണജനങ്ങൾ കൂടുതൽ സ്വാതന്ത്ര്യത്തിനും നിയന്ത്രണലഘൂകരണത്തിനുംവേണ്ടി സംഘടിതമായി പ്രവർത്തിക്കാൻ തുടങ്ങി. അതിനെത്തുടർന്നു 1924-ലെ സഹകരണസമ്മേളനത്തിൽ അനുദ്യോഗസ്ഥപക്ഷത്തിനു കൂടുതൽ സ്വാതന്ത്ര്യം കിട്ടണം എന്ന അർത്ഥത്തിൽ ഒരു പ്രമേയം പാസ്സായി. തുടർന്നു കുറെ കൊല്ലക്കാലത്തേയ്ക്ക് ഏതാണ്ടൊരു അധികാരന്യൂനീകരണം കാണാനിടയായി. പക്ഷേ അധികം താമസിച്ചില്ല, സർക്കാർ നിയന്ത്രണം വീണ്ടും പ്രബലമാകാൻ തുടങ്ങി. കാരണം, സ്റ്റേററ് ആക്ഷൻ (പൊതുമേഖലയുടെ വികസിച്ചുവരുന്ന പ്രവർത്തനം) കൂടുതലാകാൻ തുടങ്ങിയതുതന്നെ. ഈയൊരു പ്രവണത ഇപ്പോഴും വളർന്നുവരുന്നതേയുള്ളൂ. തൽഫലമായി ഇതിന്നെതിരായ മുറവിളി അനുദ്യോഗസ്ഥപക്ഷത്തുനിന്ന് ഉയർന്നു വന്നുകൊണ്ടിരിക്കുന്നുണ്ട്. ഈ രണ്ടു നിയന്ത്രണ-സ്വാതന്ത്ര്യ-അവകാശവാദങ്ങളെ ഇന്നത്തെ നില വെച്ചുനോക്കി എത്രത്തോളം സമരസപ്പെടുത്താം എന്നാണിപ്പോൾ ചിന്തിക്കേണ്ടതായിട്ടുള്ളത്.

പൊതുമേഖല വളരുന്നു!

ഇന്ത്യ ഇന്നു കടന്നുപോയിക്കൊണ്ടിരിക്കുന്ന കാലഘട്ടം സാമ്പത്തികപരിവർത്തനത്തിന്റേതാണല്ലോ. സാമ്പത്തികപരിവർത്തനമെന്നു പറഞ്ഞാൽ? ഒരു വാക്കിൽ ഒതുങ്ങാൻമാത്രം കൂട്ടാക്കാത്ത വിധത്തിലുള്ള ഒരു സർവ്വംകഷവികാസപരിപാടിയാണത്. അതിന്റെ ഔപചാരികമായ ആരംഭം 1951-ൽ ഒന്നാംപഞ്ചവത്സരപദ്ധതി പ്രവർത്തിക്കാൻ തുടങ്ങിയതോടെ ആണ്. കാർഷികപ്രധാനമായ പ്രസ്തുത പദ്ധതിയിൽ സഹകരണപ്രസ്ഥാനത്തിനു കുറെ സംഖ്യ നീക്കിവെയ്ക്കപ്പെട്ടിരുന്നുവെങ്കിലും, ഒരു സാമ്പത്തികലക്ഷ്യത്തിലേയ്ക്കെത്താനുള്ള ഒരു പരിപാടിയുടെ കാഴ്ചപ്പാടിലല്ല സഹകരണം കൈകാര്യം ചെയ്യപ്പെട്ടത്. നീക്കിവെച്ച പണം വേണ്ട വിധത്തിൽ യഥാസമയം ചെലവാക്കുകപോലും ഉണ്ടായില്ല. എന്നാൽ രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്തു സഹകരണപ്രസ്ഥാനത്തിനു കുറെക്കൂടി മാന്യമായ ഒരു പദവി ലഭിച്ചു എന്നു പറയാം. കൂടുതൽ സംഖ്യ അതിന്നായി നീക്കിവെച്ചു എന്നതുകൊണ്ടല്ല ഇതു പറയുന്നത്. മറിച്ച്, നമ്മുടെ വികാസോന്മുഖമായ സാമ്പത്തികജീവിതക്രമത്തിൽ സഹകരണപ്രസ്ഥാനത്തിന് അധികൃതവും ഔദ്യോഗികവും ആയ ഒരു സ്ഥാനം അംഗീകരിച്ചു കിട്ടി എന്നതിനാലാണ്. സഹകരണകൃഷിയും, കൂട്ടുകൃഷിയും വിവിധോദ്ദേശസംഘങ്ങളുടെ സ്ഥാപനവും, വിപണനസംഘങ്ങളുടെ ആവിർഭാവവും മററും ഈ അംഗീകാരത്തിന്റെ യാദാസ്തുകളാകുന്നു; അവയിൽ വെച്ചേററവും ഒടുവിലത്തേതു സർവ്വീസ്സംഘങ്ങളുടെ സംഘടനയാണ്. ഗ്രാമീണജീവിതത്തെ സമഗ്രമായി സാമ്പത്തികദൃഷ്ട്യാ ഉയർത്തിക്കൊണ്ടുവരാനുള്ള ഒരു സഹകരണാധിഷ്ഠിതമായ പരിപാടിയാണല്ലോ സർവ്വീസ് സഹകരണസംഘങ്ങൾ. ഇവ നിലവിൽ വന്നു പ്രവർത്തനം മുറയ്ക്കു തുടങ്ങാതിരിക്കുന്നതേയുള്ളൂ. ഇവയ്ക്കു വള

ച്ചയ്ക്കും വികാസത്തിന്നും ധാരാളം പണം ഇപ്പോൾ ആരംഭിച്ചിട്ടുള്ള മൂന്നാംപഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിക്കപ്പെട്ടിട്ടുണ്ട്. ഔദ്യോഗികരേഖകളനുസരിച്ചു പറഞ്ഞാൽ, മൂന്നാംപദ്ധതിയിൽ സഹകരണപ്രസ്ഥാനത്തിന്റെ വിവിധശാഖകളുടെ വികാസപരിപാടികൾക്ക് 80 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതായി കാണുന്നു. ഒന്നാംപദ്ധതിയേയും രണ്ടാംപദ്ധതിയേയും അപേക്ഷിച്ചു നോക്കുമ്പോൾ ഈ വിഹിതം വിപുലമാണെന്നു കാണാം. എന്നാൽ വിഹിതവാഗ്ദാനത്തിന്റെ പിന്നാലെ ഔദ്യോഗികനിയന്ത്രണത്തിന്റെ കൊളുത്തുകളും വരാനിടയുണ്ട്. നിലവിലുള്ള നിയന്ത്രണങ്ങൾക്കു പുറമെ ഇനിയും കുറെക്കൂടി നിയന്ത്രണങ്ങൾ വരികയാണെങ്കിൽ ഉദ്ദേശിച്ച ഫലം ഈ പ്രസ്ഥാനംകൊണ്ടുണ്ടാകാൻ ഞെരുക്കമാണ്. നിയന്ത്രണം ചുമത്തുവാനുള്ള സർക്കാരിന്റെ വ്യഗ്രതയും അധികാരവും മനസ്സിലാക്കാൻ വിഷമമുള്ളതല്ല. തങ്ങൾ കയ്യയച്ചു നൽകുന്ന പണത്തിന്റെ ദുർവ്വിനിയോഗം തടയാനും സദ്വിനിയോഗം ഉറപ്പു വരുത്താനും ഉള്ള സർക്കാരിന്റെ ആഗ്രഹം, ആഡിററ് ആർഡ് എക്കൌണ്ട്സ് കോഡിന്റെയും മററും നിയമപരമായ കാഴ്ചപ്പാടിൽ നിന്നു നോക്കിയാൽ, നീതീകരിക്കത്തക്കതുതന്നെ. പക്ഷേ പ്രായോഗികദൃഷ്ട്യാ നോക്കുമ്പോഴും സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ആവശ്യകതയെ മുൻനിർത്തി നോക്കുമ്പോഴും, പ്രസ്തുത നിയന്ത്രണവ്യഗ്രത ഗുണകരമാകുമോ എന്നു സംശയിക്കുകയാണ്.

ഏകാധിപത്യരാജ്യങ്ങളിലൊഴികെ മററു രാജ്യങ്ങളിൽ സഹകരണപ്രസ്ഥാനം ഏറിയകുറും ഒരനുദ്യോഗസ്ഥപ്രസ്ഥാനമായിട്ടാണ് വളർന്നിട്ടുള്ളത്. സർക്കാരിന്റെ സാമ്പത്തികസഹായം ധാരാളമായി അനുഭവിച്ചിട്ടുണ്ടെങ്കിലും. അവിടങ്ങളിലൊക്കെ സഹകരണം സ്വയം ഉൽപ്പാദിപ്പിക്കുന്നതും (self-generating) സ്വാശ്രയശീലമുള്ളതും (self-depending) ആയ ഒരു പ്രസ്ഥാനമായി മാറിക്കഴിഞ്ഞിട്ടുണ്ടെന്നാണറിവ്. ഈ സ്ഥിതിവിശേഷം അവിടങ്ങളിൽ കൈവരാനുള്ള പല കാരണങ്ങളിൽവെച്ചേററവും പ്രധാനം, പ്രസ്ഥാനത്തിന്റെ ഗുണം അനുഭവിക്കാനുദ്ദേശിക്കപ്പെട്ടിട്ടുള്ള ജനവിഭാഗങ്ങൾ സഹകരണബോധവാന്മാരായിത്തീർന്നിട്ടുണ്ട് എന്നുള്ളതുതന്നെ. എന്തു വന്നാലും തങ്ങൾ ഈ പ്രസ്ഥാനത്തെ തങ്ങളുടെ ദൈനംദിനജീവിതാവശ്യനിർവ്വഹണത്തിന്നുള്ള ഒരു ഉപാധിയാക്കി വളർത്തിയെടുക്കുമെന്നു ദൃഢപ്രതിജ്ഞ ചെയ്തതിന്റെ ഫലമായിട്ടാണ്. കൂട്ടത്തിൽ സർക്കാരിന്റെ ധനപരമായ സഹായസഹകരണങ്ങളും മററും ഉണ്ടായിട്ടുണ്ടാകാം. ഏതായാലും അന്യരാജ്യങ്ങളിലെ സഹകരണപ്രസ്ഥാനത്തിന്റെ വളർച്ച ഒരനുദ്യോഗസ്ഥപ്രവർത്തനമായിട്ടാണ് വന്നുകൂടിയിട്ടുള്ളത്.

ഇന്ത്യയിൽ ഈ നയം കണ്ണടച്ചു നടപ്പാക്കിക്കൂടെ? സഹകരണത്തിന്നു ചെല്ലാവുന്ന എല്ലാ മേഖലയിലും ഇല്ലെങ്കിൽ വേണ്ട, പരീക്ഷണാർത്ഥം കാർഷികമേഖലയിലോ മററേതെങ്കിലും മേഖലയിലോ അനുദ്യോഗസ്ഥപരിശ്രമരംഗമായി സഹകരണത്തെ വിട്ടുകൊടുത്തുകൂടെ? ഇവിടെ അതിന്നുള്ള പൊതുവിദ്യാഭ്യാസവും സഹകരണബോധവും ഇല്ലെന്നും, ലക്ഷക്കണക്കിൽ സർക്കാർ പണം മുടക്കിയിട്ടുള്ള ഒരു രംഗത്തു സർക്കാർ പിന്നോക്കം നില്ക്കണമെന്നു പറയുന്നതു താത്വികമായും പ്രായോഗികമായും ശരിയല്ലെന്നും ഉള്ള ഒരു വാദം ഉയരാൻ വഴിയുണ്ട്. അതിന്നുള്ള സമാധാനം ഇതാണ്: ഒന്നാമത്, നീന്താൻ പഠിച്ചതിന്നുശേഷമേ വെള്ളത്തിലിറങ്ങാവൂ എന്നു പറയുന്നതു ശരിയല്ല. വെള്ളത്തിലിറങ്ങുകയും നീന്താൻ പഠിക്കയും, രണ്ടും മുറയ്ക്കു നടക്കണം; നീന്താൻ പഠിക്കുന്ന കാലത്തു മുങ്ങിച്ചാവാതെ നോക്കണമെന്നതുപോലെ, നീന്തൽ പഠിക്കൽ മേശപ്പുറത്തു സാദ്ധ്യമായ കാര്യമല്ല എന്നതും നാം ഓർക്കേണ്ടതാണ്. അതുകൊണ്ട് സഹകരണപ്രസ്ഥാനത്തെപ്പററിയുള്ള വിപുലമായ പ്രചാരണപരിപാടികൾ ഒരു ഭാഗത്തു മുറയ്ക്കു നടന്നുകൊള്ളട്ടെ. മറുഭാഗത്തു

സഹകരണത്തിന്റെ പ്രായോഗികപ്രവർത്തനം അനുദ്യോഗസ്ഥപരിശ്രമത്തെ കേന്ദ്രീകരിച്ചു കൊണ്ടു നടക്കട്ടെ. ആദ്യത്തെതു കഴിഞ്ഞു രംഗമെല്ലാം ശരിയായതിനുശേഷം രണ്ടാമത്തേതു് അരങ്ങേറിയാൽ മതി എന്നു വാദിച്ചു നില്ക്കാൻ നമുക്കു സമയമില്ല; കാരണം, സാമ്പത്തികദൃഷ്ട്യാ പിൻനിലയിൽ നില്ക്കുന്ന ഈ രാജ്യത്തു പല രംഗങ്ങളിലും പല തരത്തിലും പുരോഗതി സമകാലത്തു് ആവശ്യമായിത്തീർന്നിരിക്കുകയാണു്.

ഈ പറഞ്ഞതിന്റെയെല്ലാം അർത്ഥം, ലക്ഷക്കണക്കിനു പണം ഖജനാവിൽനിന്നെടുത്തു കൊടുത്തു് അനുദ്യോഗസ്ഥപക്ഷത്തെ കയറൂരി യഥേഷ്ടം സഞ്ചരിക്കാൻ വിടണം എന്നല്ല. സർക്കാരിന്റെ നേരിട്ടുള്ള കൈകടത്തൽ ഒഴിവാക്കിക്കൊണ്ടും, എന്നാൽ അതേ സമയംതന്നെ അതിന്റെ ഫലപ്രദമായ പരോക്ഷനിയന്ത്രണം നടപ്പാക്കിക്കൊണ്ടും ഉള്ള ഒരു മാർഗ്ഗം നിർദ്ദേശിക്കാം. അതിലെ തത്വം, മററു പല രംഗങ്ങളിൽ സർക്കാർ സഹായംകൊണ്ടു നടക്കുന്ന സംഘടിതപ്രവർത്തനങ്ങളിൽ ഉൾക്കൊണ്ടു കിടപ്പുള്ളതാണുതാനും. വിപുലാധികാരങ്ങളോടുകൂടിയതും, അനുദ്യോഗസ്ഥതാൽപര്യങ്ങൾക്കു ഭൂരിപക്ഷമുള്ളതും ആയ ഒരു "സഹകരണകോർപ്പറേഷൻ" കേന്ദ്രീകൃതമായും ജില്ലാടിസ്ഥാനത്തിലും ഏർപ്പെടുത്തുക. സ്റ്റാററ്യൂട്ടറി അടിസ്ഥാനം അതിനുണ്ടാക്കിക്കൊടുക്കാനുള്ള ഉദ്ദേശ്യത്തോടെ ഒരു ആക്റ്റ്തന്നെ പാസ്സാക്കി നടപ്പിലാക്കാവുന്നതാണു്. യൂണിവേഴ്സിററി തുടങ്ങിയ സ്ഥാപനങ്ങൾപോലെ വേറെയും അനവധി സ്ഥാപനങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടല്ലോ. അവയുടെ മാതൃകയവലംബിച്ചുകൊണ്ടും അവയുടെ അധികാരാവകാശങ്ങളുടെ രൂപത്തിലും, യഥായോഗ്യമായ ഭേദഗതികളോടെ, ഒരു ആക്റ്റ് നടപ്പിലാക്കി പ്രവർത്തിപ്പിച്ചു നോക്കുന്നതു നന്നായിരിക്കും. ഇതൊരു അബദ്ധപഞ്ചാംഗമാകുമോ? ഇല്ലെന്നു തോന്നുന്നു. സർക്കാരിന്നാകട്ടെ, തങ്ങൾ കൊടുക്കുന്ന സംഖ്യ യഥാവിധി ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നുറപ്പു വരുത്താൻ, ആഡിററു മാത്രം കൈവശമുണ്ടായാൽ മതിയാവുന്നതാണു്. സഹകരണഡിപ്പാർട്ടുമെണ്ടു് എന്ന പെരുമ്പടപ്പുതന്നെ വേണ്ടെന്നു വെയ്ക്കാവുന്ന ഒരു ദശയിലേയ്ക്കു് എത്തിച്ചേരാൻ സാദ്ധ്യതയുള്ള ഒന്നാണീ നിർദ്ദേശം.

നിർദ്ദിഷ്ടമായ സഹകരണകോർപ്പറേഷന്റെ ഘടനാദികാര്യങ്ങളും അതും സർക്കാരും തമ്മിലുള്ള ഔദ്യോഗികബന്ധവും കൂടുതൽ ചർച്ചയാവശ്യമുള്ളതാകകൊണ്ടു് അവ ഇനിയൊരവസരത്തിൽ പരാമർശിക്കപ്പെടാവുന്നതാണു്.

[കുറിപ്പ്:—ലേഖകൻ നിർദ്ദേശിക്കുംവിധമുള്ള 'സഹകരണകോർപ്പൊറേഷ'ന്റെ പ്രായോഗികതയേയും, ആശാസ്യതയേയുംകുറിച്ചു സംശയമുണ്ടു്. നമ്മുടെ മണ്ണിലെ കാലാവസ്ഥയ്ക്കു് അതു ചേരുമോ? വായനക്കാരുടെ അഭിപ്രായങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.— പ.]

THE
'SAHAKARANA PRABODHINI'
TRICHUR.
(Official Organ of the Cochin Central Co-operative Institute)
ESTD: IN 1924
Devoted to Co-operation and allied subjects.
Editor: Prof. Joseph Mundassery, M. A.
ANNUAL SUBSCRIPTION: Rs. 3/- SINGLE COPY: 25 nP.
Advertisement Charges:
Full page: Rs. 30/- per issue. Half page: Rs. 20/- per issue.
Apply to:— THE HONORARY SECRETARY
COCHIN CENTRAL CO-OPT. INSTITUTE LTD, TRICHUR-1

DEPARTMENTAL CIRCULARS

I

GOVERNMENT OF KERALA

Agriculture (Co-operation) Department

NOTIFICATION

No. 31203/59/ADC3. Dated, Trivandrum, 18th July 1961.

S R O No. 184/61. In exercise of the powers conferred by sub-sections 1) and 2) of Section 65 of the Madras Co-operative Societies Act, 1932 (Act VI of 1932) the Government of Kerala hereby make the following amendment to the Rules issued under the said Act, and published with the Madras Development Department Notification No 264 dated 1-8-1933 in the Fort St. George Gazette dated 1-8-1933 as subsequently amended, the same having been previously published as required by sub-section (3) of the said Section.

AMENDMENT

In the said Rules, for the existing rule XI, the following shall be substituted, namely:

XI. *Levy of Audit Fees:*

1. A Co-operative Society shall pay to Government within one month of receipt of the annual audit certificate an audit fee calculated on the working capital on the last day of the Co-operative year to which the audit relates, or on the total value of goods sold during the year, or on the gross income for the year as the case may be, as shown below:-

(i)	Credit society	On working capital
(ii)	Society dealing in goods	On value of sales
(iii)	Multipurpose societies	On working capital or value of sales, whichever is higher
(iv)	Other societies	On gross income

If any doubt arises as to which of the categories, a particular Co-operative society is to be included for the purposes of calculation of audit fees, the matter shall be decided by the Registrar and his decision shall be final.

2. (i) The Registrar shall depute officers of the Department for the audit of Co-operative institutions and societies and recover the cost thereof from the societies concerned in accordance with the rules for deputation under foreign service under the Kerala Service Rules.

(ii) In deputing an auditor under clause (i) the Registrar shall—

(a) provide a separate auditor for every major Co-operative institution having a working capital or annual business turnover, exceeding ten lakhs;

(b) provide a separate auditor for a group consisting of two to four societies each, having a working capital or annual business turnover, exceeding two lakhs but not exceeding ten lakhs.

3. The following classes of societies are exempted from the payment of audit fees:-

(a) Any supervising Union or Institute.

(b) Any society which has its accounts audited at its own expense by an officer of the Co-op. Department by virtue of the provision contained in sub-rule 2 or under an arrangement approved by the Registrar to audit the accounts of the society.

(c) Any society for the first year of audit, irrespective of the date of commencement of business.

(d) Any weavers' society or housing society until it has completed the sixth Co-operative year after its commencement of business.

(e) Any credit society, the working capital of which does not exceed Rs. 2,000 and any other society the sale proceeds or gross income of which does not exceed Rs. 10,000.

4. The audit fee for the purpose of sub-rule 1 shall be calculated at the rate of 30 nP. for every one hundred rupees or part thereof of the working capital, the value of sales, or the gross income as the case may be; provided that such audit fee shall not exceed Rs. 600 in the case of a primary society and Rs. 900 in the case of a central society.

5. Audit fee payable by a society under sub-rule 1 and the cost of Auditor referred to under sub-rule 2 above, shall be deemed to be government dues and if not paid within the time fixed, may be recovered as if they were arrears of land revenue.

By order of the Governor,
C. THOMAS,
Secretary.

II

No. 9262/60/PB6

Office of the Registrar of Co-op. Societies,
Trivandrum, 20—8—1961.

Sub:—Union Co-operative Insurance Society taking shares in.

The Union Co-operative Insurance Society which is transacting business connected with Crop and Cattle Insurance Scheme has solicited the assistance of Co-operatives in the State by subscribing to their Share Capital. The Society is reported to be working profitably and their schemes for Co-operative Insurance and Cattle Insurance deserves encouragement.

It would be desirable that the apex and Central Banks, and other important Institutions of the State may take shares in this society, as a token of encouragement to their Insurance Scheme.

Sd/- P. SIVARAMA PILLAI,
Registrar of Co-operative Societies.

കൃഷി, കന്നുകാലി, സൈക്കിൾ, റേഡിയൊ-
ഇൻഷൂറൻസ് പോളിസികൾ

മററു ഫയർ, മോട്ടോർ തുടങ്ങിയ ജനറൽ ഇൻഷൂറൻസ്
പോളിസികൾക്കു പുറമെ ഞങ്ങൾ കൊടുത്തുവരുന്നു.

✻

സഹകരണസ്ഥാപനങ്ങൾക്ക്
പാക്കേജ് പോളിസി.

✻

പോളിസികൾ എടുക്കുന്നവർക്ക്

ഞങ്ങൾ ബോണസ്സ് കൊടുക്കുന്നുവെന്നതു് ഒരു പ്രത്യേകതയാണു്.

1960-ൽ പ്രീമിയത്തിൻെറ 10 ശതമാനമാണു്. (Tax free)

,, ഓഹരിക്കാൎക്കു് ലാഭവീതം 6¼% (Tax free)

✻

നിങ്ങളുടെ ഓരോ ഇൻഷൂറൻസ് ആവശ്യത്തിനും ഞങ്ങളെ സമീപിക്കുക:—

THE UNION CO-OP. INSURANCE SOCIETY LTD.

(ഒരു അഖിലേന്ത്യാസഹകരണസ്ഥാപനം)

ഹെഡ് ഓഫീസ്:— ബോംബെ - 1.

കേരള ശാഖ:— ബാനർജി റോഡ്, എറണാകുളം. (ഫോൺ: 1091)

മററ് ആപ്പീസുകൾ:—മെയിൻ റോഡ്, തിരുവനന്തപുരം.

സ്റ്റേഷൻ റോഡ്, തൃശ്ശൂർ. (ഫോൺ: C/o 691)

കൈപ്പററി

1. ഷോപ്പ് എംപ്ലോയിസ് ഇൻഡസ്ട്രിയൽ സഹകരണസംഘം തൃശ്ശൂർനിന്നു പുറപ്പെടുവിച്ച "സോവനീർ".

2. സെൻട്രൽ കോക്കനട്ട് കമ്മിററി എറണാകുളത്തുനിന്നു പ്രസിദ്ധംചെയ്യുന്ന "നാളികേരബുള്ളററിൻ"—സ്വാതന്ത്ര്യദിനപ്പതിപ്പ് 1961.

അനുദ്യോഗസ്ഥവിഭാഗം പുനഃസംഘടിപ്പിക്കണം

കൊച്ചിൻ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിട്യൂട്ട് വിളിച്ചുകൂട്ടിയ യൂണിയൻ പ്രവർത്തകസമ്മേളനം യൂണിയനുകളുടെ പുനരുജ്ജീവനകാര്യം പര്യാലോചിച്ചിരിക്കുന്നു. കഴിഞ്ഞ സെപ്റ്റംബർ 1-ാംനു തൃശ്ശൂർ സഹകരണകോളേജു ഹാളിൽ വെച്ചാണ് സമ്മേളനം നടന്നതു്. സമ്മേളനത്തിൽ ഇൻസ്റ്റിട്യൂട്ട് പ്രസിഡെണ്ടു് ശ്രീ. ജോസഫ് മുണ്ടശ്ശേരി ആദ്ധ്യക്ഷം വഹിച്ചു.

തൃശ്ശൂർ എറണാകുളം ജില്ലകളിലുള്ള 13 യൂണിയനുകളിൽനിന്നും, എറണാകുളം ജില്ലാ ബാങ്കിൽനിന്നും പ്രതിനിധികൾ പങ്കെടുത്തിരുന്നു.

അനുദ്യോഗസ്ഥവിഭാഗത്തിന്റെ പുനഃസംഘടനയ്ക്കായി കേരള ഇൻസ്റ്റിട്യൂട്ടിൽനിന്നും ഗവമ്മെണ്ടിലേയ്ക്കു സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയായിരുന്നു ചർച്ചകൾ. അടിയിൽ ബ്ലോക്കുയൂണിയൻ, ബ്ലോക്കുയൂണിയനുകൾ ചേർന്നു ജില്ലാ ലെവലിൽ ജില്ലാ യൂണിയൻ, ജില്ലായൂണിയനുകൾ ചേർന്നു സ്റ്റേറ്റു ലെവലിൽ സ്റ്റേറ്റു യൂണിയൻ ഇതാണ് കേരള ഇൻസ്റ്റിട്യൂട്ട് വിഭാവനം ചെയ്തിരിക്കുന്ന അനുദ്യോഗസ്ഥവിഭാഗത്തിന്റെ ഘടന. ഓരോ നിലവാരത്തിലും നിർവ്വഹിക്കപ്പെടേണ്ട കർത്തവ്യങ്ങളും, വരുമാനമാർഗ്ഗങ്ങളും സാമാന്യമായി റിപ്പോർട്ടിൽ പറഞ്ഞുവെച്ചിട്ടുണ്ട്.

ചർച്ചയിൽ പൊന്തിവന്ന പ്രധാന അഭിപ്രായങ്ങൾ താഴെ പറയുന്നവയാണ്:

തിരുവിതാംകൂർ കൊച്ചി വിഭാഗങ്ങളിൽ പ്രാഥമികസംഘങ്ങളെസംബന്ധിച്ചു യൂണിയനുകൾ നൽകുന്ന അഭിപ്രായങ്ങൾ യഥാർഹം പരിഗണിക്കപ്പെടാതായിരിക്കുന്നു. സൂപ്പർവിഷൻ ചുമതല യൂണിയനുകളുടേതായിരിക്കണം. സൂപ്പർവിഷൻഫണ്ടിന്റെ 0 ശതമാനം യൂണിയനുകളുടെ പ്രവർത്തനച്ചിലവിലേയ്ക്കായി ലഭിക്കേണ്ടതാണ്. യൂണിയനുകൾ ഇന്നു പ്രവർത്തനക്ഷമങ്ങളല്ലാതായിട്ടുണ്ട്. അഭിപ്രായങ്ങൾക്കു പരിഗണന നൽകാതിരിക്കുകയും, പ്രവർത്തനത്തിനു പണം ലഭിക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ടാണ് ഒരു കാലത്തു പ്രയോജനകരമായി പ്രവർത്തിച്ചിരുന്ന യൂണിയനുകൾ ഇന്നു നിർജ്ജീവങ്ങളായിതീർന്നതു്. യൂണിയനുകൾ പുനരുജ്ജീവിപ്പിക്കുക ആവശ്യമാണ്. വിദ്യാഭ്യാസപ്രചരണങ്ങളുടേയും, മേലന്വേഷണത്തിന്റെയും മണ്ഡലങ്ങളിൽ യൂണിയനുകൾക്കു പ്രയോജനകരമായി പ്രവർത്തിക്കുവാൻ കഴിയും. കടംവായ്പാപ്രവർത്തനം വികസിതമായി വരുന്ന ഈ അവസരത്തിൽ, നൽകുന്ന വായ്പകളുടെ ഫോളോ-അപ്പ് പ്രവർത്തനം കാര്യക്ഷമമായി നടത്തുവാൻ പറ്റിയ സ്ഥാപനങ്ങൾ യൂണിയനുകളാണ്. വ്യത്യസ്തവകുപ്പുകൾക്കു കീഴിലുള്ള സംഘങ്ങൾക്കും, വ്യത്യസ്തപ്രവർത്തനം നടത്തുന്ന സംഘങ്ങൾക്കും വെവ്വേറെ യൂണിയനുകൾ ആവശ്യമില്ല. പ്രാഥമികസംഘങ്ങൾ ഏതെങ്കിലും യൂണിയനോടു ചേർക്കപ്പെട്ടിരിക്കണമെന്ന നിയമവ്യവസ്ഥ തികച്ചും പ്രാബല്യത്തിൽ വരുത്തണം. സംഘങ്ങൾ രജിസ്റ്റർ ചെയ്യുമ്പോഴും, റെക്ടിഫിക്കേഷനു വെയ്ക്കുമ്പോഴും, ലിക്വിഡേറ്റു ചെയ്യുമ്പോഴും യൂണിയന്റെ അഭിപ്രായം അറിഞ്ഞിരിക്കണം.

മലബാർഭാഗത്തുനിന്നു വന്ന പ്രതിനിധികൾ ആ പ്രദേശത്തു നിലവിലിരിക്കുന്ന സമ്പ്രദായം വിശദീകരിച്ചു. ആ സമ്പ്രദായം തിരു-കൊച്ചി ഭാഗത്തേയ്ക്കും വ്യാപിപ്പിക്കുകയാണെങ്കിൽ യൂണിയനുകൾ ശരിയായി പ്രവർത്തിച്ചുകൊള്ളുമെന്നു് അഭിപ്രായപ്പെടുകയും ചെയ്തു.

മലബാർ ഭാഗത്തുള്ള യൂണിയനുകൾ ജില്ലാ ബാങ്കിന്റെ ഘടകങ്ങളാണെന്നും, അവയുടെ പ്രവർത്തനം ബാങ്കിന്റെ ആവശ്യത്തോളമേ ചെന്നെത്തുകയുള്ളു എന്നും, ബാങ്കൊഴിച്ചു് അവയ്ക്കൊരു കേന്ദ്രഘടകമില്ലാത്തതിനാൽ വിദ്യാഭ്യാസപ്രചരണങ്ങൾക്കു ഏകീകൃതസ്വഭാവമോ

ഒല്ലൂക്കര റീജിയനൽ ക്രെഡിററ് സൊസൈററി

976 അംഗങ്ങളും, 35,604_25ക. പിരിഞ്ഞ ഓഹരിമൂലധനവും, 2,70,315_73ക. പ്രവർത്തനധനവുമുള്ള ഒരു ഉൾനാടൻ കാർഷിക കടംവായ്പാസംഘമാണ് 514_ാംനമ്പർ ഒല്ലൂക്കര റീജിയനൽ കോ_ഓപ്പറേററീവ് ക്രെഡിററ് സൊസൈററി. 1946_ൽ റജിസ്റ്റർ ചെയ്ത പ്രവർത്തനമാരംഭിച്ചതാണീസംഘം. 2224_50ക. ഓഹരി പിരിക്കുവാൻ സംഘത്തിന് അന്നുതന്നെ കഴിഞ്ഞിരുന്നു. യുദ്ധകാലസാഹചര്യമുപയോഗിച്ച റേഷൻകടനടത്തുകകൂടി സംഘമന്നുദ്ദേശമാക്കിയിരുന്നു. അതോടൊപ്പം പലചരക്കുകച്ചവടവും. റേഷൻഷാപ്പ് ഗവർമ്മെണ്ടിൽനിന്നു സംഘത്തിന് അനുവദിച്ചു നല്കി. റേഷനിങ്ങും കൺട്രോളും നിർത്തലാക്കുംവരെ ആ വ്യാപാരവും പലചരക്കുകച്ചവടവും സംഘം വിജയകരമായി നടത്തിവന്നു.

1950_ലാണ് സംഘം കടംവായ്പാപ്രവർത്തനം ആരംഭിച്ചത്. സാമ്പത്തികക്ലേശങ്ങളോടുകൂടിയാണെങ്കിലും, ആ വഴിക്കും സംഘത്തിനു ക്രമാനുഗതമായ അഭിവൃദ്ധിയുണ്ടായി. രണ്ടാംപദ്ധതിക്കാലത്ത് ഒരു റീജിയനൽ കാർഷികകടംവായ്പാസംഘമായി രൂപാന്തരപ്പെട്ടു. ഗവർമ്മെണ്ടിൽനിന്ന് 10,000ക. ഓഹരിപ്പണമായി സംഘത്തിനു ലഭിച്ചിട്ടുണ്ട്. ഇന്ന് ഒരു സർവീസ് സൊസൈററിയായി സംഘം വീണ്ടും മാറുവാൻ പോവുകയാണ്.

കാർഷികാവശ്യങ്ങൾക്കും അല്ലാതെയും സംഘമിനു ഹ്രസ്വകാല_മദ്ധ്യകാലവായ്പകൾ നല്കുന്നുണ്ട്. പണ്ടം പണയത്തിന്മേലും, ഉല്പന്നപണയത്തിന്മേലും വായ്പകൾ നല്കിവരുന്നു. കുറികൾ, നടത്തുകയും ചെയ്യുന്നു. കടംവായ്പാപ്രവർത്തനത്തിൽ ഇറങ്ങിക്കിടക്കുന്നത്

കേന്ദ്രീകൃതനേതൃത്വമോ ഉണ്ടാകുന്നില്ലെന്നും ചിലർ ചൂണ്ടിക്കാണിച്ചു. യൂണിയനുകളുടെ പുനസ്സംഘടനാകാര്യം പര്യാലോചിക്കുമ്പോൾ വിദ്യാഭ്യാസപ്രചരണങ്ങളുടേയും, സാമാന്യമേലന്വേഷണത്തിന്റേയും ചുമതല വഹിക്കുന്ന അനുദ്യോഗസ്ഥവിഭാഗത്തെ ഒന്നായി കാണണമെന്നാണവരുടെ ന്യായം. ഉദ്യോഗസ്ഥപക്ഷത്തിന്റെ നിയന്ത്രണം ആകാവുന്നിടത്തോളം ഒഴിവാക്കി സംഘങ്ങളെ കേവലം ജനകീയ സ്ഥാപനങ്ങളാക്കുകകൂടി ഉദ്ദേശമാക്കിയാണ് യൂണിയനുകൾ ആദ്യമായേർപ്പെടുത്തിയതെന്ന വസ്തുതയും ചിലർ ചൂണ്ടിക്കാണിച്ചു. 1956നു മുമ്പു യൂണിയനുകൾ അനുഭവിച്ചിരുന്ന അധികാരാവകാശങ്ങൾ പ്രാബല്യത്തിൽ വരുത്തിയാൽ യൂണിയനുകൾ സ്വയം പുനരുജ്ജീവിക്കപ്പെടുമെന്ന അഭിപ്രായവും ഉയർന്നുവന്നു.

ചർച്ച ഇത്രയുമായപ്പോൾ കേരള ഇൻസ്റ്റിട്യൂട്ടിന്റെ ശുപാർശകളും കോൺഫറൻസിൽ നടന്ന ചർച്ചകളും അടിസ്ഥാനമാക്കി കരടുനിർദ്ദേശങ്ങൾ തയ്യാറാക്കി യൂണിയനുകൾക്ക് അഭിപ്രായത്തിന്നായി 'അയച്ചുകൊടുക്കാമെന്ന്' അദ്ധ്യക്ഷൻ പ്രസ്താവിച്ചു. യൂണിയനുകൾ അവ പരിശോധിച്ചു നൽകുന്ന അഭിപ്രായങ്ങൾ വെച്ചുകൊണ്ട് ഇൻസ്റ്റിട്യൂട്ടിൽനിന്നു നിർദ്ദേശങ്ങൾക്ക് അവസാനരൂപം നൽകി കേരള ഇൻസ്റ്റിട്യൂട്ടുവഴി ഗവർമ്മെണ്ടിലേയ്ക്കു സമർപ്പിക്കാമെന്ന് ഏൽക്കുകയും ചെയ്തു. കോൺഫറൻസ് അതംഗീകരിച്ചു.

സിക്രട്ടറി പ്രതിനിധികൾക്കു നന്ദി പ്രകാശിപ്പിച്ചു.

ഉച്ചതിരിഞ്ഞു 12 മണിക്കാരംഭിച്ച കോൺഫറൻസ് 4_30നു പിരിഞ്ഞു.

1,14,721_56ക.യാണ്. സംഘമിടപെട്ടു നടത്തുന്ന മറെറാരു പ്രവൎത്തനം വളംവ്യാപാരമാണ്. സംഘംവക വളംഡെപ്പോവിൽ പല തരം രാസവളങ്ങളും കീടനാശിനികളും സംഭരിക്കുന്നുണ്ട്. കീടനാശിനികൾ ഉപയോഗിക്കുന്നതിനാവശ്യമായ Sprayer, Duster തുടങ്ങിയ ഉപകരണങ്ങളും വാങ്ങിവെച്ചിരിക്കുന്നു. അംഗങ്ങൾ ഇവയൊക്കെ വേണ്ടവണ്ണം ഉപയോഗപ്പെടുത്തുന്നുമുണ്ട്.

സ്ഥാവരവസ്തുക്കളിലും, ഗവൺമെൻറനിക്ഷേപങ്ങളിലും, ബാങ്കുനിക്ഷേപങ്ങളിലുമായി 33660ക. ഇറങ്ങിക്കിടപ്പുണ്ട്. സംഘത്തിനു സാമ്പത്തികസഹായം നല്കുന്ന ജില്ലാബാങ്കിൽ 10,000കയുടെ ഓഹരിയാണ് സംഘമെടുത്തിട്ടുള്ളതു്. ബാങ്കിൽനിന്നു് അനുവദിച്ചിട്ടുള്ളതു 52456ക. വായ്പയും, 20,000ക. ഓഹരി ഡ്രാഫ്ടും, 2000ക. ക്യാഷ് ക്രെഡിററുംകൂടി 74,456ക.യാണ്. ഇതിൽ ഓവർഡ്രാഫ്ട് പണ്ടം പണയഇടപാടുകൾക്കും, ക്യാഷ്ക്രെഡിററ് ഹ്രസ്വകാലകാർഷികവായ്പകൾക്കുമായി വിനിയോഗിക്കുന്നു.

ബാങ്കനുവദിച്ചു നൽകിട്ടുള്ള തുകകൊണ്ടു സംഘാംഗങ്ങളുടെ കടംവായ്പാവശ്യങ്ങൾ മുഴുവൻ നിൎവ്വഹിക്കപ്പെടുന്നില്ല. കടംവായ്പകൾ അനുവദിച്ചു കിട്ടുന്നതിൽ വന്നുപോകുന്ന കാലതാമസവും അംഗങ്ങൾക്ക് അസംതൃപ്തിയുളവാക്കുന്നു. അപേക്ഷകളിന്മേലുള്ള നടപടിക്രമം ലഘൂകരിക്കുകയും, വായ്പയനുവദിക്കുന്നതിൽ വരുന്ന കാലദൈൎഘ്യം ചുരുക്കുകയുംചെയ്യുന്നതിനു ബാങ്ക് നടപടി കൈക്കൊണ്ടുവരുന്നതിൽ സന്തോഷിക്കുന്നു.

സംഘത്തിന്റെ കഴിഞ്ഞ 6 കൊല്ലത്തെ വളൎച്ച കാണിക്കുന്ന കണക്കുകൾ താഴെ ചേൎക്കുന്നു:—

കൊല്ലം	അംഗങ്ങൾ	ഓഹരി	പ്രവൎത്തനധനം
1955_56	441	3897.30	21529.35
1956_57	531	4584.83	24489.67
1957_58	665	22636.75	70998.79
1958_59	785	28291.00	121940.97
1959_60	898	33244.65	147238.44
1960_61	978	35604.25	270315.73

സംഘം അഭിവൃദ്ധിപ്പെടുകയാണ്. അഭിവൃദ്ധി മോശമല്ലതാനും. എന്നാലും പ്രവൎത്തകന്മാർക്ക് അതിന്റെ പ്രവൎത്തനത്തിൽ സംതൃപ്തിപ്പെടാനായിട്ടില്ല. സംഘത്തിന്റെ പ്രവൎത്തനപരിധി രണ്ടു വില്ലേജുകൾ— ഒല്ലൂക്കരയും നെട്ടിശ്ശേരിയും ഉൾപ്പെടുന്ന ഒല്ലൂക്കര പഞ്ചായത്തു മുഴുവനുമാണ്. 20000 ജനങ്ങളും 4000 കുടുംബങ്ങളുമുണ്ട് പഞ്ചായത്തിനകത്തു്. ഭൂരിഭാഗവും കൃഷിക്കാരാണ്. കടംവായ്പാസൗകരും ആവശ്യമുള്ളവരുമാണ്. ജനസംഖ്യയുടെ ഏതാണ്ടു നാലിലൊന്നിനെ സ്പൎശിക്കുവാനേ സംഘത്തിനു കഴിഞ്ഞിട്ടുള്ളു. അതിന്റെതന്നെ മുഴുവൻ സാമ്പത്തികാവശ്യങ്ങളും നിറവേററിക്കൊടുക്കുവാൻ കഴിഞ്ഞിട്ടുമില്ല. ഈ കുറവു സംഘപ്രവൎത്തകന്മാർ കാണുന്നുണ്ട്. ഒരു 2500 കർഷകകുടുംബങ്ങളെയെങ്കിലും സംഘത്തിനകത്തു കൊണ്ടുവരേണമെന്നും, അവരുടെ കാർഷികാവശ്യങ്ങൾക്കുവേണ്ട പണം മുഴുവൻ നല്കുവാൻ സംഘത്തിനു കഴിയണമെന്നുമാണ് പ്രവൎത്തകന്മാർ ഉന്നിയിരിക്കുന്നതു്. ഇതു സാധിക്കണമെങ്കിൽ കാർഷികകടംവായ്പമാത്രം 10 ലക്ഷം ഉറപ്പികയായി വൎദ്ധിപ്പിക്കേണ്ടിവരും. കാർഷികമല്ലാത്ത കാൎയ്യങ്ങൾക്കായുള്ള വായ്പ ഒരു അഞ്ചുലക്ഷം വേറെയും വേണ്ടിവരും. പ്രവൎത്തകന്മാർ ഇതൊക്കെ കണക്കാക്കിവെച്ചിരിക്കുന്നു എന്നതു സന്തോഷജനകമാണ്. ചുമതലയുടെ ഗരിമ അവർ കാണുന്നുണ്ട്; വ്യക്തമായൊരു ലക്ഷ്യം അവർ സ്വീകരിച്ചിട്ടുമുണ്ട്; ലക്ഷ്യപ്രാപ്തിക്കാവശ്യമായ പരിപാടിയിട്ടു നീങ്ങുകയേ ഇനി വേണ്ടൂ. അതവർ ആരംഭിച്ചിരിക്കുന്നു എന്നുവേണം കരുതുവാൻ.

വികേന്ദ്രീകരണം........

[8-ാംപേജിൽനിന്നു തുടർച്ച]

വേരൂന്നിയിട്ടുണ്ട്. പിൽക്കാലത്തും ചന്ദ്രഗുപ്ത മൗര്യന്റെയും അദ്ദേഹത്തിന്റെ സചിവനും ഭരണതന്ത്രജ്ഞനുമായിരുന്ന ചാണക്യന്റെയും കാലത്ത്—ജനാധിപത്യത്തിന്റെ ഭദ്രവും സുശക്തവുമായ രൂപം പ്രത്യക്ഷമായിരുന്നു. ഇന്ത്യയിൽ വൈദേശികാധിപത്യം കൊടികുത്തിയതോടെയാണ് അതിന്റെ തിരോധാനം സംഭവിച്ചത്. ബ്രിട്ടീഷുകാർ കുറച്ചുകാലം ഭരിച്ചപ്പോഴേയ്ക്കും ആ പ്രാചീനഭരണസംവിധാനത്തോടു നമുക്കു വെറുപ്പും അവിശ്വാസവും ജനിച്ചു. അതുളവാക്കുകയെന്നതായിരുന്നു വിദേശഭരണത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങളിലൊന്ന്. ഇന്ത്യക്കാരാണെന്നഭിമാനിക്കാനോ വിശ്വസിക്കാനോ തയ്യാറില്ലാതിരുന്ന, സ്വന്തം ഹൃദയവും വികാരവിചാരങ്ങളും വൈദേശികർക്ക് അടിയറവെച്ചുകഴിഞ്ഞ കുറെ ഇന്ത്യൻ ഓഫീസർമാർ അങ്ങിങ്ങായി ഭരണാധികാരത്തിന്റെ താഴത്തെ പടികളിൽ അവരോധിക്കപ്പെട്ടതോടെ നമ്മുടെ പഴയ പല ആദർശങ്ങളും ചരിത്രത്തിൽ നിന്നുപോലും നിഷ്കാസനം ചെയ്യപ്പെട്ടു. ഈ സത്യം മനസ്സിലാക്കിയതുകൊണ്ടാണ് ഗാന്ധിജി ഇന്ത്യയുടെ സ്വാതന്ത്ര്യം അടിത്തട്ടിൽ നിന്നാരംഭിക്കണമെന്നുദ്ബോധിപ്പിച്ചത്. "പഞ്ചായത്തുകൾക്ക്, അധികാരമെത്രത്തോളം അനുവദിക്കുന്നുവോ അത്രത്തോളം ജനങ്ങൾക്കു നല്ലതാണ്" എന്നദ്ദേഹം പ്രഖ്യാപിച്ചു. നമ്മുടെ ഭരണഘടനയും അതിനെ മാനിച്ചിട്ടുണ്ടെന്നു കാണാം.

"ഗ്രാമപ്പഞ്ചായത്തുകളെ സംഘടിപ്പിക്കാനും സ്വയംഭരണത്തിന്റെ ഘടകങ്ങളായി പ്രവർത്തിക്കാൻ കഴിയുമാറ് അവയ്ക്ക് അധികാരം നല്കാനും രാഷ്ട്രം ശ്രമിക്കുന്നതാണ്". എന്ന പ്രഖ്യാപനത്തിൽ അതു വ്യക്തമാക്കിയിരിക്കുന്നു.

1952-ൽ, ഒന്നാംപഞ്ചവത്സരപദ്ധതിയുടെ ആസൂത്രണം നടന്നപ്പോൾ, ജനങ്ങളുടെ സഹകരണം നേടേണ്ടതിലേയ്ക്ക് ഏറ്റവും സഹായകമായി 'സാമൂഹ്യവികസന പരിപാടി'യെ കാണുകയും ആവിഷ്കരിക്കുകയും ചെയ്തു. ഈ ആദർശത്തെ മുൻനിർത്തിയത്രേ. രണ്ടാംപഞ്ചവത്സരപദ്ധതിയിലും തത്വങ്ങൾ ഇതൊക്കെത്തന്നെയായിരുന്നു. തത്വശാസ്ത്രപരമായി അഭികാമ്യമാണ് സാമൂഹ്യവികസനപരിപാടിയെന്ന് ആരും സമ്മതിക്കും. പക്ഷേ അതിന്റെ ആത്യന്തികലക്ഷ്യമൊന്നുംതന്നെ ഇനിയും നിറവേറിയിട്ടില്ല. രണ്ടുലക്ഷത്തോളം ഗ്രാമപ്പഞ്ചായത്തുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപിതനയം അടുത്ത കാലത്തൊന്നും നടപ്പിലാക്കാൻ കഴിയുമെന്നു തോന്നുന്നില്ല. അപ്രാപ്തിയുടെ പരിപൂർണ്ണവികസനമാണ് ആ രംഗത്തിൽക്കാണുന്നത്. ആത്മാർത്ഥതയുള്ള പ്രവർത്തകർ ആ മണ്ഡലത്തിൽ വളരെക്കുറച്ചേ ഉള്ളൂ. ഉള്ളവർക്കുതന്നെ ജനങ്ങളോടുള്ളതിനേക്കാൾ കൂടുതൽ അടുപ്പം അധികാരപ്രമത്തതയോടാണ്. രാഷ്ട്രീയപ്രവർത്തകരിൽ നല്ലൊരു വിഭാഗത്തെ രാഷ്ട്രപുനർനിർമ്മാണപ്രവർത്തനങ്ങളോടു സഹകരിക്കാൻ അവരനുവദിക്കുന്നില്ല. സങ്കുചിതമായ രാഷ്ട്രീയബോധവും അല്പജ്ഞതയും അപ്രാപ്തിയും മത്സരിച്ചു മുന്നേറിക്കൊണ്ടിരിക്കുന്ന ഈ രംഗത്തിലെ അനഭിലഷണീയപ്രവണതകളെപ്പറ്റി ശ്രീ ബലവന്ത്റായ് മേത്ത തുടങ്ങിയവർപോലും ചൂണ്ടിക്കാണിച്ചിരിക്കുന്നു. ജനങ്ങളുടെ വിശ്വാസവും സഹകരണവും സന്മനോഭാവവുമാർജ്ജിക്കാൻ കഴിയാത്ത ഇത്തരം പ്രസ്ഥാനങ്ങളെ 'ജനകീയപ്രസ്ഥാന'ങ്ങളായി എങ്ങനെ കണക്കാക്കാനാണ്? എന്നാൽ ഇവയ്ക്കുവേണ്ടി നീക്കിവയ്ക്കുകയും വിനിയോഗിക്കുകയും ചെയ്തിട്ടുള്ള, ലാപ്സാവുകയും ചെയ്യുന്ന, വമ്പിച്ച തുകയുടെ കണക്ക് ആരേയും അമ്പരപ്പിക്കും.

ജനാധിപത്യത്തെ വികേന്ദ്രീകരിക്കാനെങ്ങനെ കഴിയുമെന്നത് ശ്രദ്ധേയമായ ഒരു ചോദ്യമാണ്. ഉയർന്ന അധികാരികളിലും അധികൃതകേന്ദ്രങ്ങളിലും നിക്ഷിപ്തമായിട്ടുള്ള അധികാരത്തെ താഴ്ന്നപടികളിലേയ്ക്ക് ഇറക്കിക്കൊണ്ടുവരിക എന്നതാണല്ലോ വികേന്ദ്രീകരണംകൊണ്ടുദ്ദേശിക്കുന്നത്. അതിലേയ്ക്ക് ആദ്യമായി വേണ്ടതു ജനാധിപത്യത്തിൽ വിശ്വാസവും അതിനനുഗുണമായ സമീപനവുമത്രേ. ഏതു രാഷ്ട്രപ്രശ്നത്തെയും ജനാധിപത്യപരമായി വീക്ഷിക്കാനും സമീപിക്കാനും കഴിയുന്ന ഒരു മനോഭാവം നമ്മുടെ അധികൃതരിൽ ഇനിയും പ്ര-

യോഗറിപ്പോർട്ടുകൾ

എയിഡഡ് സ്കൂൾടീച്ചേഴ്സ് സംഘം

354-ാംനമ്പർ മരട് എയിഡഡ് ടീച്ചേഴ്സ് പ. സ. സംഘത്തിന്റെ വാർഷികപൊതുയോഗം 8 7-1961ന്ന മരട ശ്രീദേവി ലോവർ പ്രൈമറി സ്കൂൾഹാളിൽവെച്ച ശ്രീ. എൻ. ജെ. മാനുവലിന്റെ അദ്ധ്യക്ഷതയിൽ നടന്നു.

ഭരണറിപ്പോർട്ടും കണക്കുകളും, 1961-62 ലേയ്ക്കുള്ള ബഡ്ജറ്റും യോഗം ചർച്ചചെയ്തംഗീകരിച്ചു. കൂടുതൽ അംഗങ്ങളെ ചേർത്ത് ഓഹരി മൂലധനം വർദ്ധിപ്പിക്കേണമെന്നു തീരുമാനിച്ചിട്ടുണ്ട്. ഇപ്പോഴത്തെ കമ്മിററി ഭരണമേൽക്കുമ്പോൾ 53 അംഗങ്ങളും 880ക. ഓഹരി മൂലധനവും മാത്രമാണ് സംഘത്തിനുണ്ടായിരുന്നത്. ഇപ്പോൾ മെമ്പർമാർ 163-ം, ഓഹരി 3000ക.യും ആയി വർദ്ധിച്ചിരിക്കുന്നു കണയന്നൂർ താലൂക്കു മുഴുവനുമാണ് അതിന്റെ വ്യാപകാതിർത്തി.

സ: കെ. കെ. രാമൻ (പ്രസിഡണ്ട്), ടി. ഭാസ്കർ (സിക്രട്ടറി), പി. ജി. തുളസീദാസറാവു (ട്രഷറർ), കെ. എം. ഡി. നമ്പൂാർ, എം. കെ. ലീലാമ്മ ഇവരെ കമ്മിററിയംഗങ്ങളായി തിരഞ്ഞെടുത്തു.

ഇടപ്പള്ളിസംഘം

2788-ാംനമ്പർ ഇടപ്പള്ളി നാഷണൽ സഹകരണസംഘത്തിന്റെ ഒരു പൊതുയോഗം ശ്രീ വി. പി. മരയ്ക്കാർ ബി. എസ്സ്സി., ബി. എൽ. ന്റെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. 1960-61ലേയ്ക്കു 558ക. 18 നപ.യുടെ ഒരു സപ്ലിമെൻററി ബജററും, 1961-62ലേയ്ക്കു 8000ക വരവും 4000ക. ചിലവുമുള്ള ഒരു പ്രതീക്ഷാബജററും യോഗം അംഗീകരിച്ചു

എറണാകുളം ജില്ലയിലേയ്ക്കു 3-ാം പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഗോഡൗണുകളിൽ ഒരെണ്ണം ഈ സംഘത്തിനു നല്കണമെന്നാവശ്യപ്പെടുന്ന അപേക്ഷ ശുപാർശ ചെയ്തിട്ടില്ലെന്നറിയുന്നതിൽ യോഗം ഖേദം രേഖപ്പെടുത്തുകയും, ഈ സംഘത്തിന്ന് ഒരു ഗോഡൗൺ പണിയിക്കാനാവശ്യമായ ഗ്രാൻറും ലോണും അനുവദിച്ചുനൽകേണമെന്നപേക്ഷിക്കുകയും ചെയ്യുന്ന ഒരു പ്രമേയം യോഗം പാസ്സാക്കി. പ്രമേയം സഹകരണവകുപ്പുമന്ത്രി, റജിസ്ട്രാർ ഡെപ്യൂട്ടി റജിസ്ട്രാർ, ജില്ലാ ഡെവലപ്പ്മെൻറ് കമ്മിററി ഇവയ്ക്കയച്ചുകൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു.

തൃക്ഷമാകേണ്ടിയിരിക്കുന്നു. ജനാധിപത്യം സ്വതവേതന്നെ കേന്ദ്രീകരണത്തിന്നെതിരാണ്. നമ്മുടെ നാട്ടിലാകട്ടെ ഇന്നു് എന്തും കേന്ദ്രീകരിക്കപ്പെട്ടുകൊണ്ടിരിക്കയാണുതാനും. എന്നിട്ടും നാം വികേന്ദ്രീകരണത്തിന്റെ മുദ്രാവാക്യങ്ങൾ കൂടെക്കൂടെ വിളിക്കുന്നു. ഈ ആത്മവഞ്ചനയുടെ വേര് അറുത്തുകളയുകയാണ് ആദ്യമായി വേണ്ടതു്.

"തിരഞ്ഞെടുക്കപ്പെട്ട ഒരു ഗ്രാമപ്പഞ്ചായത്തായിരിക്കണം സ്വയംഭരണത്തിന്റെ പ്രഥമവും പ്രധാനവുമായ ഘടകം. അതിനുമീതെ നേരിട്ടു തിരഞ്ഞെടുക്കപ്പെടേണ്ടതില്ലാത്ത ഒരു പഞ്ചായത്തു സമിതി. ഏററവുംമീതെ ഓരോ ജില്ലയിലുമുള്ള പഞ്ചായത്തു സമിതിയുടെ പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കുകയും അതിനെ സംയോജിപ്പിക്കുകയും ചെയ്യുന്ന ഒരു ജില്ലാപരിഷത്തു്—ഇത്രയും ആദ്യമായി രൂപവൽക്കരിക്കണെ"മെന്നു ബലവന്ത്റോയ്മേത്താകമ്മിററി നിർദ്ദേശിച്ചിട്ടുണ്ട്. ഈ സമിതികളുടെ ശുപാർശകൾ ദേശീയവികസനക്കമ്മിററി അംഗീകരിച്ച് അതതു സ്റ്റേററിന്റെ സ്വതന്ത്രമായ തീരുമാനങ്ങൾക്കു വിട്ടുകൊടുക്കേണ്ടതാണെന്നും ഈ കമ്മിററി അഭിപ്രായപ്പെട്ടിരിക്കുന്നു. (കമ്മിററിയുടെ നിർദ്ദേശങ്ങളെ പൂർണ്ണരൂപത്തിൽ ഇവിടെ ചർച്ചചെയ്യാനൊരുങ്ങുന്നില്ല, വിസ്തരഭയത്താൽ.)

ക്ഷേമരാഷ്ട്രത്തിലേയ്ക്കാണ് നമുക്കു നീങ്ങേണ്ടതെങ്കിൽ ഈ നിർദ്ദേശങ്ങളിൽ സ്വീകാര്യമായതു സ്വീകരിക്കയും നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതാണ്. 'വികേന്ദ്രീകരണ'ത്തെ നാം എത്രമാത്രം പ്രായോഗികമാക്കുന്നുവെന്നു് അപ്പോഴെ ജനങ്ങൾക്കു ബോധ്യമാവൂ. അല്ലെങ്കിൽ പൊള്ളയായ മുദ്രാവാക്യങ്ങളിലൊന്നായി അതിനേയും അവർ കരുതും.

നന്തിപുലം ലിഫ്റ്റ് ഇറിഗേഷൻ സംഘം

R. 2-ാംനമ്പർ നന്തിപുലം ലിഫ്റ്റ് ഇറിഗേഷൻ സഹകരണസംഘത്തിന്റെ 3-ാം വാർഷികപൊതുയോഗം 16-7-61നു ശ്രീ. കെ. പി. പരമേശ്വരന്റെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

ഭരണറിപ്പോർട്ടും, കണക്കുകളും, 1961-62 ലേക്കുള്ള ബജററും യോഗം സർവ്വസമ്മതമായി പാസ്സാക്കി.

സർവ്വശ്രീ. കെ. പി. പരമേശ്വരൻ, കെ. ആർ. ചുമ്മാർ, കെ. നാരായണൻനായർ, കെ. കൃഷ്ണൻനായർ, കെ. പി. ബാലൻ ഇവർ കമ്മിററിയംഗങ്ങളായി ഭൂരിപക്ഷവോട്ടനുസരിച്ചു തിരഞ്ഞെടുക്കപ്പെട്ടു. തിരഞ്ഞെടുപ്പിൽ വാശിയായ മത്സരമുണ്ടായിരുന്നു.

അന്തിക്കാട്ട കോൾകൃഷിസംഘം

818-ാംനമ്പർ അന്തിക്കാട്ട കോൾകൃഷി സഹ: സംഘത്തിന്റെ വാർഷികപൊതുയോഗം 9-7-61നു അന്തിക്കാട്ട ഹൈസ്കൂളിൽവെച്ചു ശ്രീ. പി. സി. അച്ചുതന്റെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

മുൻപൊതുയോഗത്തിന്റെ മിനിററ്സ്, 1958-59ലെ റിപ്പോർട്ടും കണക്കുകളും, 1961 ജൂൺകൂടിയ മാസാന്തം, ലോക്കൽ ആഡിററ് റിപ്പോർട്ടു തുടങ്ങിയവ വായിച്ചംഗീകരിച്ചശേഷം, മാനേജിങ്ങ്കമ്മററി ഹാജരാക്കിയിരുന്ന ഏതാനും ചില നിയമഭേദഗതികൾ യോഗം വായിച്ചു പാസ്സാക്കി.

കൃഷിക്കാരെക്കൊണ്ട് അവരുടെ കൈവശം നിലത്തിന്റെഅടിസ്ഥാനത്തിൽ — ഏക്കറിനു ഒരോഹരിവീതം — ഓഹരി എടുപ്പിക്കുകയും, പാടവു നടത്തിപ്പിനുള്ള ചിലവുകൾ വീതിക്കുമ്പോൾ അംഗങ്ങളായിട്ടുള്ള കൃഷിക്കാർക്കു പ്രത്യേകസൗജന്യങ്ങൾ അനുവദിക്കുകയും ചെയ്യുക സാദ്ധ്യമാക്കുന്നവയാണ് ഭേദഗതികളിൽ പ്രധാനങ്ങൾ.

1961-62ലേക്കുള്ള ബജററും യോഗം അംഗീകരിച്ചു.

മേലാൽ പടവുനടത്തിപ്പ് അസാദ്ധ്യമാക്കിതീർക്കുന്നവിധം ഇറിഗേഷൻവകുപ്പ് ഇടപെടുന്നു എന്ന കാര്യം പൊതുയോഗത്തിന്റെ ഗാഢമായ ചർച്ചക്കു വിഷയമായി. സഹകരണവകുപ്പിനേയും, ജില്ലാ കലക്ടർ, ഡെവലപ്പ്മെന്റ് കമ്മിററി, ഗവർമെന്റ് എന്നീ നിലകളിൽ നിവേദനം നടത്തി പരിഹാരം കാണുവാൻ ശ്രമിക്കണമെന്നും, പററാതെ വന്നാൽ പടവുനടത്തിപ്പു വേണ്ടെന്നുവെയ്ക്കാമെന്നുമാണ് യോഗം തീരുമാനിച്ചിരിക്കുന്നതു്.

മാനേജിങ്ങ്കമ്മററിയംഗങ്ങളായും, വിവിധ സ്ഥാപനങ്ങളിലേക്കുള്ള പ്രതിനിധികളായും നിലവിലുള്ളവർ തുടരണമെന്നു നിശ്ചയിച്ചു.

എഞ്ചിൻകൂലി മാട്ടക്കൂലി അടുത്ത കൊല്ലത്തേക്ക് ഏക്കറിനു 22ക. യാണ് നിശ്ചയിച്ചിരിക്കുന്നതു്. അംഗങ്ങളായ കൃഷിക്കാർക്ക് അതിൽനിന്നു 2ക. വീതം ഇളവു ലഭിക്കും.

വെള്ളപ്പൊക്കദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി പൊതുനന്മഫണ്ടിൽനിന്നു 101ക. സംഭാവനനൽകാനായി പൊതുയോഗം തീരുമാനിച്ചു.

2-30 (P. M.)ന് ആരംഭിച്ച യോഗം അവസാനിക്കുമ്പോൾ 7 മണി ആയിരുന്നു.

തൃപ്പൂണിത്തുറ പീപ്പിൾസ് ബാങ്ക്

51-ാംനമ്പർ തൃപ്പൂണിത്തുറ പീപ്പിൾസ് കൊ-ഓപ്പറേറീവ് ബാങ്കിന്റെ വാർഷികപൊതുയോഗം ജൂലൈ 23-ാംനു സ്ഥലം ഗേൾസ് ഹൈസ്കൂളിൽവെച്ചു ചേർന്നു, 1961-62ലേക്കുള്ള ബജററ് പാസ്സാക്കുകയും പുതിയ ബോർഡു തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു. മെ: ടി. പ്രഭാകരമേനോൻ, ഇ. കെ. മാധവൻകർത്താവ്, കെ. കൊച്ചുനാരായണമേനോൻ, കെ. കൃഷ്ണൻ, കെ. ഒ. ഔസേപ്പ്, എം. ഐ. വർക്കി എന്നിവരാണ് പുതിയ ബോർഡംഗങ്ങൾ. 1959-60ലെ ഭരണറിപ്പോർട്ടും കണക്കുകളും യോഗം ചർച്ചചെയ്തംഗീകരിക്കുകയും ചെയ്തു.

808-ാംനമ്പർ തിരുമറയൂർ സർവ്വീസ് ബാങ്ക്

ബാങ്കിന്റെ പൊതുയോഗം ആഗ: 20-ാംനു പെരിയനാട്ട ഹൈസ്കൂൾ ഹാളിൽവെച്ചു ശ്രീ. എം. ജെ. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ നടന്നു.

മുൻപൊതുയോഗത്തിന്റെ പ്രൊസീഡിംഗ്സ് വായിച്ചു റിക്കാർട്ടാക്കുക, 1960-61ലെ

റിപ്പോർട്ടും കണക്കുകളും ചർച്ചചെയ്തംഗീകരിക്കുക, 1961–62ലേയ്ക്കുള്ള ബജററു പാസ്സാക്കുക, ബോർഡംഗങ്ങളേയും, പ്രതിനിധികളേയും തിരഞ്ഞെടുക്കുക തുടങ്ങിയവ മുറപോലെ നടന്നു.

ശ്രീ. എം.ഐ. തോമസ്സിൻെറ തിരഞ്ഞെടുപ്പുസംബന്ധിച്ചുണ്ടായ പരാതിയെക്കുറിച്ചു ബോർഡിൽനിന്നു നിശ്ചയിച്ച സബ്കമ്മിററിയുടെ റിപ്പോർട്ടിന്മേൽ റജിസ്ട്രാരുടെ അഭിപ്രായം, ശ്രീ. തോമസ്സിൻെറ നിലപാടിനെതിരാണെങ്കിൽ അടുത്ത പൊതുയോഗത്തിൽ അക്കാര്യം ആലോചിക്കാമെന്നു നിശ്ചയിച്ചു.

പൊതുയോഗവിവരങ്ങൾ അംഗങ്ങൾക്കു യഥാസമയം തപാൽമുഖേനയോ, ലോക്കൽ ഡെലിവറിവഴിയോ നൽകണമെന്നു തീരുമാനിച്ചു.

കാർഷികഹ്രസ്വകാലവായ്പയുടെ കാലം 2 കൊല്ലവും, മദ്ധ്യകാലവായ്പയുടേതു 5 കൊല്ലവുമായി നിശ്ചയിച്ചു കിട്ടേണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം യോഗം പാസ്സാക്കി.

ബാങ്കിൻെറ ഒരു ശാഖ ആരക്കുന്നത്തു സ്ഥാപിക്കുന്നതിനു ബോർഡിനെ അധികാരപ്പെടുത്തി. മെമ്പർമാർക്കു ക്യാഷ്ക്രെഡിററനുവദിക്കണമെന്നാവശ്യപ്പെടുന്നൊരു പ്രമേയം പ്രായോഗികവിഷമങ്ങളോർത്തു നിരാകരിക്കപ്പെട്ടു.

ബാങ്കിനു് അടുത്തകൊല്ലം 5 ലക്ഷം രൂപവരെ കടപ്പെടാനും 5000ക. വരെ കൈയിരുപ്പു വെയ്ക്കാനും അനുമതി നല്കി.

കഴിഞ്ഞ ഏപ്രിൽമാസം നടന്ന പൊതുയോഗത്തിൽ വാർഡടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഡയറക്ടർമാർ അവരുടെ സ്ഥാനം 1963 ലെ വാർഷികപൊതുയോഗംവരെ തുടരാൻ നിശ്ചയിക്കുകയും, ശ്രീ. കെ.വി., ഔസേപ്പ്, ശ്രീ. കെ. വി. പൗലൂസ് എന്നിവരെ നോമിനേററു ചെയ്യണമെന്നു് റജിസ്ട്രാരോടു് അപേക്ഷിക്കുകയും ചെയ്തിരിക്കുകയാണു്.

ഇൻേററണൽ ആഡിററർമാരായി ശ്രീ. കെ. എം. പൗലൂസ്, എൻ. കെ. കൊച്ചുനാരായണൻ എന്നിവരും, യൂണിയൻ പ്രതിനിധിയായി ശ്രീ. എം. ജെ. മാത്യുവുമാണു് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്. യോഗത്തിൽ 158 അംഗങ്ങൾ ഹാജരുണ്ടായിരുന്നു.

തൃശ്ശൂർ ഗ്രൂപ്പ് യൂണിയൻ

യൂണിയൻെറ പൊതുയോഗം 6–8–'61നു ശ്രീ. എൻ. കെ. ശേഷൻെറ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. സിക്രട്ടറിയായിരുന്ന ശ്രീ. വി. രാഘവമേനോൻെറ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടാണു് സഭാനടവടികളാരംഭിച്ചതു്.

ഭരണറിപ്പോർട്ടും കണക്കുകളും, 1961–62 ലേയ്ക്കുള്ള ബജററും യോഗം ചർച്ച ചെയ്തു പാസ്സാക്കി.

യൂണിയൻെറ ഭാവിപ്രവർത്തനങ്ങളെക്കുറിച്ചു പല മെമ്പർമാരും സംസാരിച്ചു. കുടിക്കട സർട്ടിഫിക്കററു് ഒഴിവാക്കി കിട്ടുന്നതിനു ബോർഡു് നടവടിയെടുക്കേണമെന്ന ശ്രീ. കെ. ഇ. കിട്ടുവിൻെറ നിർദ്ദേശം അംഗീകരിച്ചു.

സംഘങ്ങളിൽനിന്നു ഡിപ്പാർട്ടുമെൻറിലേയ്ക്കയക്കുന്ന കടലാസ്സുകളിന്മേൽ മറുപടി ലഭിക്കുകയോ, ഉത്തരവു പാസ്സാക്കുകയോ ചെയ്യുന്നതിൽ വന്നുകാണുന്ന അമിതമായ കാലതാമസത്തിൽ ഖേദം രേഖപ്പെടുത്തുന്നതും, സംഘനിയമങ്ങളിൽ ഭേദഗതി വരുത്തുമ്പോൾ യൂണിയനുകളുടെ അഭിപ്രായംകൂടി അന്വേഷിക്കേണ്ടതാണെന്നാവശ്യപ്പെടുന്നതുമായ ഒരു പ്രമേയം യോഗം അംഗീകരിച്ചിട്ടുണ്ടു്.

യോഗം 3–30 നു് ആരംഭിച്ചു. 5 മണിക്കവസാനിക്കുകയും ചെയ്തു.

കാഞ്ഞൂർ സർവീസ്സ് ബാങ്ക്

454–ാംനമ്പർ കാഞ്ഞൂർ സർവീസ്സ് സഹകരണബാങ്കിൻെറ 19–ാമതു് വാർഷികപൊതുയോഗം ആഗസ്റ്റ്മാസം 20–ാംതീയതി ഞായറാഴ്ച പകൽ 2 മണിക്കു കാഞ്ഞൂർ യൂണിയൻ പ്രൈമറി സ്ക്കൂൾ ഹാളിൽവച്ചു് മി. കെ. സി. വേലായുധനു അവർകളുടെ അദ്ധ്യക്ഷതയിൽ ചേരുകയും റിപ്പോർട്ടും കണക്കുകളും 1961–62 ലെ ബഡ്ജററും ചർച്ചചെയ്തംഗീകരിക്കുകയും ചെയ്തു.

മൂന്നുകൊല്ലം മുൻപു് അക്വിസിഷൻ നടപടിവരെ എത്തിക്കഴിഞ്ഞ കാഞ്ഞൂർ എടനാടു ലിഫ്ററ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം ഇപ്പോഴും സ്തംഭനാവസ്ഥയിൽതന്നെ ഇരിക്കുന്നതിൽ ഉൽകണ്ഠ രേഖപ്പെടുത്തുകയും പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനു ഗവമ്മേൻറിനോടു് അഭ്യർത്ഥിക്കുകയും ചെയ്യുന്ന ഒരു പ്രമേയം യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു

നെൽകൃഷിക്കു് ഏക്കർ ഒന്നിനു് ഇപ്പോൾ കൊടുത്തുവരുന്ന ഹ്രസ്വകാലകാർഷികവായ്പയുടെ പരിധി 100ക.യിൽനിന്നു 200ക. ആയി വർദ്ധിപ്പിക്കേണ്ടതാണെന്നു് അധികൃതസ്ഥാനങ്ങളിൽ അപേക്ഷിക്കുവാൻ തീരുമാനിച്ചു.

പൊതുയോഗത്തിൽ എറണാകുളം ഡിസ്ട്രിക്ട് സഹകരണബാങ്ക് സൂപ്പർവൈസർ ശ്രീ. കെ. ബാലകൃഷ്ണപിള്ള സന്നിഹിതനായിരുന്നു.

SAHAKARANA PRABHODHINI, TRICHUR Sep

L. No. 9/115 Dated 20-11-'39 C. No. 107 M. No. 4200

തൃശ്ശൂർ ഡിസ്ട്രിക്ട്
കോ-ഓപ്പറേറ്റീവ് ബാങ്ക് (ക്ലിപ്തം)

ഹെഡാഫീസ്: തൃശ്ശൂർ

ബ്രാഞ്ച്: എറണാകുളം

എല്ലാതരം ഡെപ്പോസിറ്റുകളും സ്വീകരിക്കുന്നു.

സമ്മതി സിദ്ധിച്ചിട്ടുള്ള ഷെയറിമൂലധനം 25 ലക്ഷം ക.

(പരസ്പരസഹായസംഘങ്ങൾക്ക് 20 ലക്ഷം ക.യും
ഗവർമ്മെണ്ടിന് 5 ലക്ഷം കയും)

NATIONAL LIB.
NO. ....
Date 5 SEP 1961

അടച്ചെത്ത ഷെയറി മൂലധനം: 8,08,642ക

പരസ്പരസഹായസംഘങ്ങളിൽനിന്ന 6,58,642കയും
ഗവർമ്മെണ്ടിൽനിന്ന 1,50,000 ക.യും

റിസർവ് മുതലായ ഫണ്ടുകൾ: 1,94,361

ഡെപ്പോസിറ്റുകൾക്കുള്ള പലിശ നിരക്കുകൾ:

3 മാസം മുതൽ 6 മാസംവരെ	3%
6 ,, 12 ,,	4%
12 ,, 24 ,,	4½%
24 മാസം മുതൽ	4¾%
കറണ്ട് ഡെപ്പോസിററിന്	1%
സേവിങ്ങ്സിന്	2½%

ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരുടെ ജാമ്യസംഖ്യകൾ (പലിശ 3%)
കൺട്രാക്ടർമാരുടെ ജാമ്യസംഖ്യകൾ (പലിശ 2½%)
മുനിസിപ്പൽ പ്രോവിഡണ്ട് ഫണ്ട് ഡെപ്പോസിററുകൾ (പലിശ 3%)
എൻഡോവ്മെൻറ് ഡെപ്പോസിററുകൾ (പലിശ 5%)

മുതലായ ഡെപ്പോസിററുകൾ സ്വീകരിക്കുന്നതിന് ബാങ്കിന് [illegible] അധികാരപ്പെടുത്തിയിട്ടുണ്ട്. ദീർഘകാലത്തേയ്ക്കു നിൽക്കുന്ന ക[illegible] ഡെപ്പോസിററുകൾക്ക് സ്ഥിരംഡെപ്പോസിററുകളുടെ പലിശ നല്കുന്നതാണ്.

എല്ലാ തരത്തിലുള്ള ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു.

വി. ആർ. കൃഷ്ണനെഴുത്തച്ഛൻ,
പ്രസിഡണ്ട്.

എസ്സ്. ഹരിഹരയ്യർ,
സെക്രട്ടറി.

Edited by Prof. Joseph Mundassery & Printed & Published by P. Madhava Menon, B. A., B. T., at the Geetha Press, Trichur-1, for the Cochin Central Co-operative Institute Ltd., Trichur.

സഹകരണപ്രബോധിനി

ORGAN OF

THE COCHIN CENTRAL CO-OPERATIVE INSTITUTE, TRICHUR.

CO-OPERATIVE FARMING SPECIAL.

Vol. 33
1961
ഒക്ടോബർ
No. 4

സഹകരണഫാമിങ്ങ്
വിശേഷാൽപ്പതിപ്പ്

വില
4
അണ

വിഷയവിവരം

1. യഥാർത്ഥകൃഷിക്കാരുടെ ഭാവി നന്നാകണമെങ്കിൽ—

—ജെ. എം.

2. സഹകരണകൃഷി

3. സഹകരണകൃഷി—

അതിൻെറ ആവശ്യവും ഉദ്ദേശവും

—വൈകണ്ഠലാൽ മേത്ത

4. സഹകരണഫാമിങ്ങ്—ചില ചിന്തകൾ

—ആർ. കെ. പട്ടീൽ

5. സഹകരണഫാമിങ്ങ്—

കേരളഗവമ്മേണ്ടിൻെറ പരിപാടികൾ

—ജെ. എസ്സ് യേശുദാസ്സ്, ജോ: റജിസ്ട്രാർ

6. സഹകരണകൃഷിയും തൃശ്ശൂർ ജില്ലയും

—എം. വി. ജോസ്, സ്പെഷൽ ഫാമിങ്ങ് ഇൻസ്പെക്ടർ

7. സഹകരണകൃഷി ഇന്ത്യയിൽ

8. സഹകരണകൃഷിപദ്ധതികൾ

9. കാർഷികവായ്പാപദ്ധതി എങ്ങിനെ വികസിപ്പിക്കാം

—കെ. മാധവമാരാർ

10. പാക്കേജ് പദ്ധതി

—വേലപ്പൻ ആലപ്പാട്, B. A., B. Com. H. D. C.

11. കൃഷി, കന്നുകാലിനാശത്തിനു

ഇൻഷൂറൻസ് പദ്ധതി കേരളത്തിൽ

12. ഡിപ്പാർട്ടുമെൻറൽ സക്കലറുകൾ

13. യോഗറിപ്പോർട്ടുകൾ

പത്രാധിപർ: ജോസഫ് മുണ്ടശ്ശേരി, എം. എ.

സഹകരണപ്രബോധിനി

Vol. 33 | ഒക്ടോബർ 1961 | No. 4

യഥാർത്ഥകൃഷിക്കാരുടെ ഭാവി നന്നാവണമെങ്കിൽ—

(ജോസഫ് മുണ്ടശ്ശേരി)

ഏതു രാജ്യത്തായാലും കാർഷികവൃത്തിയാണ് ഉൽപാദനവിദ്യകളിൽവച്ചേററവും പ്രാചീനം. സാർവ്വത്രികമായ ജീവിതോപായവും അതുതന്നെ. മധ്യശതകങ്ങൾക്കുശേഷം ദ്രുതഗതിയിൽ വ്യവസായവൽകൃതങ്ങളായ പടിഞ്ഞാറൻയൂറോപ്പിലെ രാജ്യങ്ങളിൽ പലതും കാർഷികവൃത്തിയിൽനിന്നു പിൻവാങ്ങിയിട്ടുള്ള മട്ടാണ്. വ്യവസായവൽക്കരണത്തിന്നനുഗുണം മൂലധനവും പ്രോത്സാഹനവും ലഭിക്കുകയും വ്യവസായവൽക്കരണാൽപരം വ്യവസായോല്പന്നങ്ങൾ അന്യരാജ്യങ്ങളിലെ കമ്പോളങ്ങളിൽ വിററഴിച്ചു ധാരാളം സമ്പത്തുണ്ടാക്കുവാൻ കഴിയുകയും ചെയ്തതിനാൽ താരതമ്യേന ആദായം കുറഞ്ഞ കാർഷികവൃത്തിയെ പിന്നിലരാജ്യങ്ങൾക്കു വിട്ടുകൊടുക്കുവാൻ തയ്യാറാവുകയാണ് പടിഞ്ഞാറൻയൂറോപ്പിലെ രാജ്യങ്ങൾ ചെയ്തതു്. കാർഷികവൃത്തി ആ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമല്ലാതായിട്ടുണ്ടിപ്പോൾ. അമേരിക്കയിലാണെങ്കിൽ കൃഷി ഒരു വൻകിടവ്യവസായംപോലെയാണ് നടന്നുവരുന്നതു്. ഓരോരുത്തനും അനേകായിരം ഏക്കർ വീതം വളച്ചുകെട്ടിയെടുത്തു യന്ത്രസഹായത്തോടുകൂടി ഏററവും ശാസ്ത്രീയമായ രീതിയിൽ കൃഷി നടത്തി ധാരാളം ആദായം ഉണ്ടാക്കുന്നുള്ള സാധ്യതയുണ്ടവിടെ. കാർഷികവൃത്തിയിൽ കടിച്ചുതൂങ്ങി എട്ടും പത്തും അംഗങ്ങളുള്ള കുടുംബങ്ങൾക്കു, കഷ്ടിച്ചു ജീവിക്കാൻപോലും പ്രയാസമാവുക എന്നൊരവസ്ഥ അമേരിക്കയിലില്ലതന്നെ. മറെറല്ലാ വ്യവസായവുംപോലെ ആദായകരമായി നടത്താവുന്നൊരു വ്യവസായമാണ് അവിടെ കൃഷിയെന്നു ചുരുക്കം. എന്നാൽ ഇതല്ല വേറെ പല രാജ്യങ്ങളിലേയും സ്ഥിതി. പുതിയ സമ്പ്രദായത്തിലുള്ള വ്യവസായങ്ങൾ കെട്ടിപ്പടുക്കാൻ ഒത്തിട്ടില്ല, ജനസംഖ്യയാണെങ്കിൽ അങ്ങോട്ടുമിങ്ങോട്ടും നിന്നുതിരിയാൻ ഇടംകിട്ടാത്ത തരത്തിൽ വർധിച്ചുമിരിക്കുന്നു — ഇതാണോരോന്നിന്റെയും സ്വഭാവം. ജനസംഖ്യ എത്ര പെരുകിയാലും വേണ്ടില്ല, എല്ലാവർക്കും ഉപജീവനമാർഗ്ഗമായി കരുതാനുള്ളതു കൃഷിമാത്രമാണെന്നു വന്നാൽ ഭാവി അശുഭവ്യാകുലമാകും, നിശ്ചയം. രണ്ടാംലോകമഹായുദ്ധത്തിനു ശേഷം സ്വാതന്ത്ര്യം നേടിവന്ന പിന്നിലരാജ്യങ്ങൾ ഈ ദുർഘടസന്ധിയെ തരണംചെയ്യാൻ പാടുപെട്ടുവരികയാണ്. കാർഷികോല്പന്നങ്ങൾ വിട്ടും ഭൂമിയിൽനിന്നിടാക്കാവുന്ന പലമാതിരി സമ്പത്തുക്കളുണ്ടല്ലോ. പിന്നിലരാജ്യങ്ങളിൽ അത്തരം സമ്പൽസ്രോതസ്സുകൾ കുറവല്ല. അവയെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ പുതിയ വ്യവസായങ്ങൾ പലതും സംഘടിപ്പിക്കാം. അങ്ങിനെ പിന്നിലരാജ്യങ്ങളോരോന്നും വ്യവസായവൽക്കരിക്കാനൊത്തുവെന്നിരിക്കട്ടെ, കാർഷികാദായത്തിൽ മാത്രം കെട്ടിപ്പിടിച്ചു നില്ക്കു

ണം എന്നുള്ള നിർബ്ബന്ധത്തിൽനിന്ന് ഒട്ടൊക്കെ മോചനം നേടാവുന്നതാണ്. ഈ പരിപാടിയിലേയ്ക്ക് ഒന്നാംലോകമഹായുദ്ധത്തിനുശേഷം രണ്ടുംകല്പിച്ചിറങ്ങിച്ചെന്ന ഏതാനും രാജ്യങ്ങളുണ്ട്—സോവിയററയൂണിയനും ജപ്പാനും മററും. അവയിൽ സോവിയററയൂണിയൻ ഇന്നും കാർഷികപ്രവത്തനങ്ങൾക്കു വലിയ വില കല്പിക്കുന്ന രാജ്യമാണ്. പടിഞ്ഞാറൻയൂറോപ്പിലെ രാജ്യങ്ങളെപ്പോലെ ഇതര രാജ്യങ്ങളോടായവിലയ്ക്കു കാർഷികോല്പന്നങ്ങൾ വാങ്ങി സ്വന്തം ആവശ്യങ്ങൾ നിറവേററിക്കളയാം എന്നുള്ള കാഴ്ചപ്പാടില്ല സോവിയററയൂണിയനു്. ചൈനയും ഇന്ത്യയും മററും രണ്ടാംലോകമഹായുദ്ധത്തിനുശേഷമാണ് പഞ്ചവത്സരപദ്ധതികളാസൂത്രണം ചെയ്തു വ്യവസായവൽക്കരണത്തിന്നൊരുമ്പെട്ടിട്ടുള്ളതു്. ചൈനയിലും ഇന്ത്യയിലുമാണെങ്കിൽ ജനപ്പെരുപ്പം പെട്ടെന്നെന്തുചെയ്താലും പിടിച്ചുനിർത്താൻ കഴിയാത്തവിധം മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുകയാണ്. പരമ്പരാഗതമായി കൃഷിയേ ഉള്ളൂ ഭൂരിപക്ഷം ആളുകൾക്കും ഉപജീവനമാർഗ്ഗമായിട്ടവിടങ്ങളിൽ. പുതുതായാരംഭിച്ചിട്ടുള്ള വ്യവസായവൽക്കരണപരിപാടിക്ക് ആവശ്യമായ മൂലധനം ഉണ്ടാക്കുന്നതോ, അതും കൃഷിയിൽനിന്നുതന്നെ വേണം. ഈ രണ്ടാവശ്യങ്ങളും ഒന്നിച്ചുനിറവേററേണ്ടിവന്നിട്ടുള്ളതിനാൽ കെടുതികൾ പോക്കി കാർഷികോല്പാദനത്തെ പണ്ടത്തേതിലും കാര്യക്ഷമമാക്കിത്തീർക്കുക എന്നതു ചൈനയിലും ഇന്ത്യയിലും ഒരടിയന്തിരപ്രശ്നമായിരിക്കുകയാണ്.

ഒരുഭാഗത്തു ജനസംഖ്യയുടെ സമ്മർദ്ദവും മററുഭാഗത്തു കാർഷികോല്പാദനം വർദ്ധിപ്പിച്ചേ കഴിയൂ എന്നുള്ള നിർബന്ധവും ഒന്നുപോലെ നേരിടേണ്ടിവന്നിട്ടുള്ള സോവിയററയൂണിയനിൽ കാർഷികപരിപാടികൾ ഇക്കഴിഞ്ഞ 40 കൊല്ലത്തിനുള്ളിൽ അനേകം തവണ പുനസ്സംഘടിപ്പിക്കേണ്ടിവന്നിട്ടുണ്ട്. ഇന്നും കാർഷികരംഗത്തെ പ്രശ്നങ്ങൾ തികച്ചും തൃപ്തികരമായ പ്രതിവിധികൾ കണ്ടെത്തിക്കഴിഞ്ഞിട്ടില്ലവിടെ. പ്രധാനമന്ത്രി ക്രൂഷ്ചേവു കഴിഞ്ഞ ഒന്നുരണ്ടുകൊല്ലമായി അവിടത്തെ കാർഷികപരിപാടികൾ സാംഗോപാംഗം പരിശോധിച്ചു കൂടുതൽ കാര്യക്ഷമതയുള്ള പുതിയ പുതിയ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്നതായിട്ടാണറിവു്. ചൈനയിലോ? അവിടേയും കാർഷികോല്പാദനം അഭിവൃദ്ധിപ്പെടുത്താൻവേണ്ടി പുതിയപുതിയ പരീക്ഷണങ്ങൾ നടത്തിവരുന്നു. പരാജയങ്ങൾ അപ്പപ്പോൾ മനസ്സിലാക്കി പ്രതിവിധികൾ കണ്ടുപിടിക്കാനുള്ള ബദ്ധപ്പാടാണ് ഈ രണ്ടു കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിലും കാണുന്നതു്. ഈ അനുഭവം കൺമുമ്പിലിരിക്കേ, ഇന്ത്യയിൽ കാർഷികോല്പാദനവർദ്ധനയെച്ചൊല്ലി സമാരംഭിച്ചിട്ടുള്ള പരിപാടികളെപ്പററി എന്താണ് പറയേണ്ടതു്? സോവിയററയൂണിയനോടും ചൈനയോടും താരതമ്യപ്പെടുത്തിയാൽ കുറേക്കൂടി പിന്നിലാണ് നാമെന്നു സമ്മതിക്കണം. എന്നിട്ടും കാർഷികരംഗത്തു് ആ രാജ്യങ്ങൾക്കുള്ളേടത്തോളം ബദ്ധപ്പാടും അടിയന്തിരകർത്തവ്യബോധവും നമുക്കുണ്ടായിട്ടില്ല. പാർലിമെണ്ടറിഡമോക്രസിയിലൂടെ കടന്നുപോകുന്ന ഒരു രാജ്യത്തു് ഏതു പ്രവർത്തനത്തിനായാലും സത്വരതയും സമഗ്രതയും ഇത്രയേ ഉണ്ടാവൂ എന്നു വേണമെങ്കിലൊരു ന്യായം കണ്ടുപിടിക്കാം. പക്ഷേ നമ്മുടെ ഭരണഘടനയ്ക്കു കീഴിൽ യഥാർത്ഥത്തിലുള്ളതു് ഒരു യൂണിററി ഗവമ്മേൻറാണെന്നും ആ ഗവമ്മേൻറിന്റെ കീഴിൽ ആസേതുഹിമാചലം പ്ലാനിംഗിനുത്തരവാദപ്പെട്ട ഒരു കമ്മീഷൻ പ്രധാനമന്ത്രിയുടെതന്നെ അദ്ധ്യക്ഷതയിൽ സ്ഥിരമായി പ്രവർത്തിച്ചുപോരുന്നുണ്ടെന്നും ഓർക്കുമ്പോൾ ഈ ന്യായം അത്ര വലിയൊരു ന്യായമല്ലെന്നു കാണാവുന്നതാണ്.

ഇന്ത്യയിൽ കാർഷികോല്പാദനത്തെ നിരുത്സാഹപ്പെടുത്തുന്ന പല സ്ഥിതിവിശേഷങ്ങളുണ്ട്. അവയിലൊന്നാമത്തേതു കൃഷിഭൂമി തികച്ചും കൃഷിക്കാരന്റേതായിട്ടില്ല എന്നുള്ളതാണ്.

വ്യവസായവൽക്കരണത്തിന്റെ പ്രാരംഭദശയിൽ കാർഷികാദായപ്രാണങ്ങളായിരുന്ന യൂറോപ്യൻരാജ്യങ്ങളിൽ — ജർമ്മനി, ഫ്രാൻസ്, അയർലണ്ട്, ഇററലി തൊട്ടുള്ള രാജ്യങ്ങളിൽ — സമഗ്രമായ കാർഷികപരിഷ്കാരം ഇരുപതാം നൂററാണ്ടിന്റെ തുടക്കത്തിൽത്തന്നെ നടപ്പാവുകയുണ്ടായി. ഒന്നാംലോകമഹായുദ്ധത്തിനുശേഷം സോഷ്യലിസത്തിലേയ്ക്കു വ്യക്തമായിത്തിരിഞ്ഞുപോയ രാജ്യങ്ങളിലാണെങ്കിൽ കൃഷിഭൂമിയിന്മേൽ യഥാർത്ഥകൃഷിക്കാരന്റേതൊഴിച്ചുള്ള എല്ലാത്തരം അവകാശങ്ങളും ഉടനടി റദ്ദാക്കപ്പെട്ടതായിട്ടായിട്ടാണ് അറിയുന്നതു്. ഏകകക്ഷിഭരണനേതൃത്വത്തിന്റെ യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത അധികാരത്തിന്റെ ബയണററിന്മേലാണ് അതൊക്കെ സാധിച്ചതെന്നു് ഒരാക്ഷേപം പറയാനുണ്ട്. അതെങ്ങിനെയുമിരിക്കട്ടെ, നമുക്കിവിടെ പ്രസക്തമായിട്ടുള്ളതു കൃഷിഭൂമി യഥാർത്ഥകൃഷിക്കാരനു വിട്ടുകിട്ടിയെന്ന വസ്തുതയാണ്. ഇന്ത്യയിൽ സ്വാതന്ത്ര്യസിദ്ധിക്കുശേഷം കൊല്ലം പതിനഞ്ചാവുന്നു. ഇത്രയും നീണ്ടൊരു കാലാവധി കിട്ടിയിട്ടും കൃഷിക്കാരനെ ഭൂമിയുടെ ഉടമയാക്കുവാൻ കഴിഞ്ഞിട്ടില്ല. യഥാർത്ഥകൃഷിക്കാരന്റെയും സർക്കാരിന്റെയും മദ്ധ്യേ ഇടത്തട്ടുകാർ ഇനിയും ധാരാളമുണ്ട്, ഓരോ സംസ്ഥാനത്തും ഓരോ തരത്തിൽ. പുതിയ നിയമങ്ങൾ ഓരോന്നും നടപ്പാവുമ്പോൾ അതിനെ തോല്പിക്കാനാണ് ഭൂവുടമകളുടെ കൂട്ടായുള്ള പരിശ്രമം. കാർഷികത്തൊഴിലാളികൾക്കും സ്വന്തം കാലിൽ നില്ക്കാൻ കഴിവില്ലാത്ത യഥാർത്ഥകൃഷിക്കാർക്കും കോടതിയിൽ പോയി തലതല്ലാനേ നേരമുള്ളു. എത്ര ട്രൈബ്യൂണൽ വിധികളും വിധികൾക്കുമേൽ വിധികളും കഴിഞ്ഞിട്ടു വേണം കൃഷിക്കാരനു മോക്ഷം കിട്ടാൻ എന്നു ദൈവം കണ്ടു. ഈ സ്ഥിതിവിശേഷം നിലനില്ക്കുന്ന കാലത്തോളം കാർഷികോല്പാദനം ഇന്നത്തേതിലും കാര്യക്ഷമമാക്കാൻ കൃഷിക്കാരനു പ്രചോദനമുണ്ടാവുമോ?

6. ചെറുകിടകൃഷിക്കാരുടെ മറെറാരു പരാധീനത കാർഷികാവശ്യങ്ങൾക്കു വേണ്ട സാധനസാമഗ്രികൾ അപ്പപ്പോൾ സംഭരിച്ചുപയോഗപ്പെടുത്താൻ കഴിയുന്നില്ല എന്നുള്ളതാണ്. വിത്തു, വളം, കന്നുകാലി, കലപ്പ തൊട്ടുള്ള എല്ലാ ഇനങ്ങൾക്കും വേണം പണം. സ്വന്തം കൈയിലാണെങ്കിൽ ഒററ നയാപൈസപോലും ബാക്കി കാണുകയില്ലവർക്ക്. നാട്ടിൻപുറത്തുള്ള പണമിടപാടുകാർ എന്തു മേൽവട്ടം ആവശ്യപ്പെടുന്നുവോ അതു മുഴുവൻ വകവച്ചു് അവരോടു കടംകൊള്ളുകയാണ് കൃഷിക്കാരുടെ പതിവു്. പലിശയല്ല മേൽവട്ടമാണ് ഓരോ ഉറുപ്പികയ്ക്കും കൊടുക്കേണ്ടിവരുന്നതെന്നോർക്കണം. ഈ പണമിടപാടുകാർ മറെറാരുവിധത്തിലും കൃഷിക്കാരെ പിടിച്ചുകെട്ടുന്നുണ്ട്. കൊയ്ത്തിനുമുമ്പേതന്നെ വിള പണമിടപാടുകാർ തങ്ങൾ നിശ്ചയിക്കുന്ന നിരക്കിനു കടക്കാരായ കൃഷിക്കാരോടു കച്ചവടം ചെയ്യും. കൊടുത്ത പണം കൊയ്ത്തോടൊപ്പം ഈടാക്കാനുള്ളതാണു് ഈ കച്ചവടം. അതോടൊന്നിച്ചു നല്ലൊരു ലാഭവും. കൃഷിക്കാരനു വാഗ്ദാനം ചെയ്യുന്ന നിരക്കു മറെറവിടെ കിട്ടുന്നതിലും അല്പം താണുപോവുക സ്വാഭാവികമാണല്ലോ. കടംകൊണ്ട കൃഷിക്കാർക്കാണെങ്കിൽ ഈ ഊഹക്കച്ചവടത്തെ ധിക്കരിക്കുവാൻ പ്രയാസമാണുതാനും. ഇങ്ങനെ രണ്ടുതരത്തിൽ കൃഷിക്കാരുടെ പിടലിക്കു പിടിക്കുന്ന ഈ ഏർപ്പാട് ഇന്ത്യയിൽ നടപ്പായിട്ടെത്രയോ കാലമായി. ഇതിൽനിന്നു കൃഷിക്കാരെ മോചിപ്പിക്കാൻവേണ്ടി ഏർപ്പെടുത്തിയതാണ് കാർഷികസഹകരണം. ബ്രിട്ടീഷുഭരണകാലത്തു കാർഷികസഹകരണം അത്ര സാരമായൊന്നും കൃഷിക്കാരെ ഉദ്ധരിക്കാൻ പ്രയോജനപ്പെട്ടില്ല. ഒന്നും രണ്ടും പഞ്ചവത്സരപദ്ധതികൾ നടപ്പായതോടെയാണ് കാർഷികസഹകരണത്തിനു പുതിയൊരു ജീവൻ കൈവന്നതു്. നമ്മുടെ കാർഷികമേഖല മുഴുവൻ സഹകരണത്തിന്റെ കൊടിക്കീഴിൽ കൊണ്ടുവരാനാണ് കേന്ദ്രഗവർമ്മെന്റു തീരുമാനിച്ചിട്ടുള്ളതു്. പക്ഷേ ഇന്നോളം പുതിയ പരിപാടിയിൽനി

നുള്ള നേട്ടങ്ങൾ കൃഷിക്കാൎക്ക വേണ്ടുവോളം ആശ്വാസം നൽകിയിട്ടില്ല. ആകെപ്പാടെ വേണ്ടിവരുന്ന കാർഷികകടംവായ്പയിൽ വെറും പന്ത്രണ്ടരശതമാനമാണ് ഇതിനകം സഹകരണസ്ഥാപനങ്ങളിലൂടെ വിതരണം ചെയ്തിട്ടുള്ളതെന്നറിയുന്നു. ആ പന്ത്രണ്ടരശതമാനത്തിൽ തന്നെ സിംഹഭാഗവും വൻകിട കൃഷിക്കാൎക്കാണ് കിട്ടിപ്പോന്നിട്ടുള്ളതെന്നു റിസൎവ്വ് ബാങ്കിന്റെ റിപ്പോർട്ട് വിളിച്ചുപറഞ്ഞിരിക്കുന്നു. പന്ത്രണ്ടരശതമാനം കഴിച്ചുള്ള 87½ ശതമാനത്തിൽ 70-ം നാട്ടിൻപുറത്തെ പണമിടപാടുകാരുടെ കൈപ്പിടിയിലാണത്രേ ഇപ്പോഴും. ആ എഴുപതു ശതമാനക്കാർ മേൽവട്ടമായി തട്ടിയെടുക്കുന്ന സംഖ്യ കുറച്ചാണോ? 1959-60-ൽ ഒട്ടാകെ കൃഷിക്കാൎക്ക പലിശയും മേൽവട്ടവുമായി കൈയൊഴിക്കേണ്ടിവന്ന കാർഷികമിച്ചം ഒരായിരം കോടി ഉറുപ്പികയാണെന്ന് ഈയിടെ ഒരു കണക്ക പ്രസിദ്ധീകരിച്ചുകാണുകയുണ്ടായി. സംഘങ്ങളുടെയും സംഘാംഗങ്ങളുടെയും എണ്ണം കൊല്ലംതോറും വദ്ധിച്ചുവരുന്നതായി കേന്ദ്രഗവൎമ്മെണ്ടിന്റെ കണക്കുകളിൽനിന്നു കാണാമെന്നിരുന്നാലും കടംവായ്പകളുടെ രംഗത്തു നമ്മുടെ ഭൂരിപക്ഷം കൃഷിക്കാരും ചൂഷണപാത്രങ്ങളായിട്ടാണിന്നും കിടക്കുന്നതെന്നു വ്യക്തം. സഹകരണപ്രസ്ഥാനത്തിന്റെ സഹായഹസ്തംപോലും ചെറുകിടകൃഷിക്കാരിലെത്തുന്നില്ലെങ്കിൽ പഞ്ചവത്സരപദ്ധതികളിൽ സംഘടിതമാകുന്ന കാർഷികകടംവായ്പുകളുള്ള പരിപാടി വിപരീതഫലം ചെയ്യുകയില്ലേ എന്നു പേടിക്കേണ്ടിയിരിക്കുന്നു.

കാൎഷികവിളകൾക്ക നല്ല വില കൊടുപ്പിക്കുക എന്ന കാൎയ്യവും പ്ലാനിംഗിന്റെ അധികൃതന്മാർ പരിഗണിക്കാറുണ്ട്. നാട്ടിലെ കാൎഷികവിപണനസംഘങ്ങൾ ഏൎപ്പെടുത്താൻ നിശ്ചയിച്ചിട്ടുള്ളതു പ്രധാനമായി അതിന്റെ പേരിലാണ്. പക്ഷേ ഇന്നോളവും വിപണനസംഘങ്ങൾ മുഖാന്തരമുള്ള ക്രിയാത്മകമായ സഹായം പരക്കേ കൃഷിക്കാൎക്കനുഭവപ്പെട്ടിട്ടില്ല. കേരളത്തിലെ സാധാരണനിരീക്ഷകന്മാൎക്കുതന്നെ ബോദ്ധ്യമാകുന്ന ഒന്നാകയാൽ സ്ഥിതിവിവരക്കണക്കുകളടക്കം വിസ്തരിക്കുന്നില്ല. സാധാരണ കടംവായ്പുകളുള്ള സംഘങ്ങൾതന്നെയും വേണ്ടത്ര പ്രയോജനകരമായിക്കഴിഞ്ഞിട്ടില്ലെങ്കിൽ വിപണനസംഘങ്ങൾകൊണ്ടുള്ള സഹായം എത്രകാലംകൊണ്ടാണനുഭവപ്പെടുക എന്നൂഹിക്കാൻ പ്രയാസം.

കാൎഷികവിളകൾക്ക വില തക്ക തോതിൽ നിജപ്പെടുത്തുന്ന പ്രശ്നം വരുമ്പോൾ അതിന്മേൽ ചാടിവീഴാൻ പല താല്പൎയ്യങ്ങളുമുണ്ട്. ഉപഭോക്താക്കളിൽ ഭൂരിപക്ഷത്തിന്റെയും ക്രയശക്തി കുറഞ്ഞു നില്ക്കുന്ന കാലത്തോളം ഭക്ഷ്യധാന്യങ്ങളുടെ വില കണക്കിലേറെ കയററിക്കെട്ടാമോ? നിശ്ചയമായും പാടില്ല. എന്നാൽ കാൎഷികോല്പന്നങ്ങൾ കുറഞ്ഞ വിലയ്ക്കു വിററഴിക്കാൻ നിർബ്ബന്ധിക്കപ്പെട്ടാൽ കൃഷിക്കാരന്റെ സ്ഥിതിയെന്താവും? അവന്റെ കുടുംബജീവിതത്തിൽ ഒഴിച്ചുവയ്ക്കാൻ വയ്യാത്ത വേറെ പല ഇനങ്ങളും വാങ്ങേണ്ടതുണ്ട്. യന്ത്രനിൎമ്മിതങ്ങളാണെങ്കിൽപോലും അവയ്ക്കു കൊടുക്കേണ്ടിവരുന്ന വിലതോതു താരതമ്യേന വലുതാണ്. ഏററവും ചുരുങ്ങിയതോതിൽ അവയ്ക്കു വേണ്ട പണം നീക്കിവച്ചാൽപോലും നാട്ടിൻപുറത്തെ കൃഷിക്കാരനു മിച്ചമുണ്ടാവില്ല. അവന്റെ കുഞ്ഞുകുട്ടികൾക്ക് ഉയൎന്ന വിദ്യാഭ്യാസം കൊടുക്കുക, അവന്റെ കുടുംബത്തിനു പുതിയ സമ്പ്രദായത്തിലുള്ള വൈദ്യസഹായം സമ്പാദിക്കുക എന്നിങ്ങനെ ഇന്നത്തെ കാലാവസ്ഥയിൽ അവനു ന്യായമായി അവകാശപ്പെടാവുന്ന കാൎയ്യങ്ങൾക്കൊന്നും അവന്റെ ബഡ്ജററിൽ പണമുണ്ടാവില്ല. നഗരങ്ങളിലും വ്യവസായകേന്ദ്രങ്ങളിലും ജീവിച്ചുപോരുന്ന തൊഴിലാളികളേക്കാളും താണ നിലവാരത്തിൽ കഴിഞ്ഞുകൂടേണ്ട വല്ലാത്തൊരു ദൗൎഭാഗ്യമാണ് ഇന്ത്യയിലെ കൃഷിക്കാൎക്കുള്ളത്.

ഇത്രയും ഗതികേടുള്ള കാൎഷികജനസമുദായത്തിൽനിന്നുവേണം നമ്മുടെ വ്യവസായവൽക്ക

ശേഷം 21-ാംപേജിൽ

സഹകരണകൃഷി

കേന്ദ്രഗവമ്മേണ്ടിന്റെ നയപരിപാടികൾ

(ഇന്ത്യാഗവമ്മേണ്ടിന്റെ കമ്യൂണിററി ഡെവലപ്പ്മെൻറ് ആൻറ് കൊ-ഓപ്പറേററീവ് മന്ത്രിവകുപ്പിൽനിന്നു പ്രസിദ്ധീകരിച്ചിരിക്കുന്ന ലഘുലേഖയുടെ വിവൎത്തനമാണിതു്. സഹകരണഫാമിങ്ങിനെ സംബന്ധിച്ച ഗവർമ്മേണ്ടിന്റെ നയപരിപാടികൾക്കധികൃതപ്രമാണമാണല്ലോ ഈ പ്രസിദ്ധീകരണം. സഹകരണഫാമിങ്ങിനെ സംബന്ധിച്ച ഗവർമ്മേണ്ടിന്റെ കാഴ്ചപ്പാടും, സമീപനവും മനസ്സിലാക്കാൻ ഇതുപകരിക്കും. —പ.)

സഹകരണഫാമുകൾ എന്തിനു്?

സഹകരണകൃഷി ഒരു പുതിയ ആശയമല്ല. കൃഷീവലന്മാർ അനാദികാലംമുതൽക്കേ നല്ല വിത്തുകളും, കൃഷിയായുധങ്ങളും കൈമാറി പരസ്പരം സഹായിക്കുകയും, വെള്ളക്കേടിൽനിന്നും വന്യമൃഗാക്രമണങ്ങളിൽനിന്നും കൃഷിയെ രക്ഷിച്ചെടുക്കാൻ കൂട്ടായി പ്രവൎത്തിക്കുകയും ചെയ്തുപോന്നു. നിർഭാഗ്യവശാൽ ആ പഴയ പാരമ്പര്യമിന്നു ക്ഷയോന്മുഖമാണു്. ഉൽപാദനാഭിവൃദ്ധിക്കായുള്ള കൃഷകന്റെ യത്നങ്ങൾ ഇതുമൂലം കൂടുതൽ ശ്രമകരമാകുന്നുണ്ടു്.

2. കൊച്ചുകൃഷിയിടങ്ങളുമായി കഴിയുന്ന ചെറുകൃഷിക്കാരുണ്ടല്ലോ; സ്വന്തമായി കന്നുകളും, കൃഷിയായുധങ്ങളും മററുപകരണങ്ങളും അവൎക്കുണ്ടായെന്നു വരില്ല. ഇനി സ്വന്തമായുണ്ടായെന്നു വെയ്ക്കുക. എന്നാൽ അവ പൂൎണ്ണമായും ലാഭകരമായും ഉപയോഗപ്പെടുത്തുവാൻ അവൎക്കു കഴിഞ്ഞെന്നു വരില്ല. ലഭ്യമാകാവുന്ന മാനുഷികപ്രയത്നശേഷി സംബന്ധിച്ചും നിലയിതാണു്. ഒരു പാടു കൃഷിക്കാർ കൊല്ലത്തിന്റെ മുക്കാലംശവും പണിയെടുക്കാതെ ചുമ്മാ കഴിച്ചുകൂട്ടുന്നവരായുണ്ടു്. കാരണം ഉള്ള ഭൂമിയിൽ കൊല്ലം മുഴുവൻ വേല ചെയ്യേണ്ട ആവശ്യം അവൎക്കുണ്ടാകുന്നില്ല. വല്ല ഉപതൊഴിലിലുമേൎപ്പെടാമെന്നു വെച്ചാൽഅതിനേൎപ്പാടു ചെയ്യാൻവേണ്ട സാമ്പത്തികശേഷി അവൎക്കില്ല.

3. ആകസ്മികമായാപത്തെന്തെങ്കിലും സംഭവിച്ചുപോയാലോ? കാര്യം കൂടുതലവതാളത്തിലായി. കുടുംബത്തു ചെറിയൊരു രോഗബാധയുണ്ടായാൽ മതി, കൊല്ലം മുഴുവൻ ദുരിതപൂൎണ്ണമാകാൻ. എരുതൊന്നു ചാവട്ടെ, പുതുതൊന്നു വാങ്ങാൻ കൃഷകനെക്കൊണ്ടാവില്ല. അവൻ വെറുതെയിരിക്കേണ്ടി വരും. നിലം തരിശുകിടക്കേണ്ടിയും വരും. ഇതിനും ഇതുപോലുള്ള മററു പ്രശ്നങ്ങൾക്കും പരിഹാരമാണു സഹകരണകൃഷി.

സഹകരണകൃഷിയെന്നാലെന്തു്?

4. സഹകരണകൃഷിയെന്നാൽ, ഒരൎത്ഥത്തിൽ കൂട്ടുകുടുംബ ഏൎപ്പാടിനെ, അതു കൃഷിയിലേയ്ക്കു വ്യാപിപ്പിക്കലാണു്. കൃഷിക്കാർ, സ്വന്തമനസ്സാലെ മുൻകൈയെടുത്തു സംഘമുണ്ടാക്കുന്നു. കൃഷിപ്പണികൾ കൂട്ടായിട്ടാകുമവർ നടത്തുന്നതു്. എന്നാലവൎക്കു തങ്ങളുടെ കുടുംബങ്ങൾ സ്വതന്ത്രമായി നിലനിൎത്താനും, വെപ്പും തീനും യഥേഷ്ടം വെവ്വേറെ നടത്തുവാനും സ്വാതന്ത്ര്യമുണ്ടായിരിക്കും.

5. സ്വയം സഹായവും പരസ്പരസഹായവും ആദൎശമാക്കി കർഷകർ സ്വമേധയാ സംഘടിച്ചുണ്ടാകുന്നതാണു സഹകരണകൃഷിസംഘം. ചെറുകിട കർഷകരുടേയും ഭൂമിയില്ലാക്കൎഷകരുടേയും നന്മയാണു് അതു പ്രധാനമായും ലക്ഷ്യമാക്കുന്നതു്. കൃഷിക്കാരവരുടെ കൃഷിനിലങ്ങൾ യോജിപ്പിച്ചൊന്നാക്കുന്നു. എന്നിട്ടു കൂട്ടായി കൃഷി നടത്തുന്നു. ഭൂമിമാത്രമല്ല പ്രയത്നശേഷിയും, മററു കഴിവുകളുംകൂടി അവർ പൊതുവാക്കുന്നു. കഴിവുകൾ കൂടുതൽ ന്യായയുക്തം

വിനിയോഗിക്കുവാനും, ചിലവു ചുരുക്കുവാനും, കൃഷിയിൽ ശാസ്ത്രീയസമ്പ്രദായങ്ങളുപയോഗിക്കുവാനും ഇതുമൂലം സാദ്ധ്യമാകുന്നു.

6. ഉൽപാദനം അഭിവൃദ്ധിപ്പെടുത്തുകയും, കൂടുതൽ തൊഴിലുണ്ടാക്കുകയും സഹകരണകൃഷിയുടെ ഉദ്ദേശമാണ്. സമ്പത്തു വർദ്ധിപ്പിച്ചും വിതരണം നീതിയുക്തം സമീകരിച്ചും കർഷകന്റെ ജീവിതനിലവാരം അഭിവൃദ്ധിപ്പെടുത്തുകയും അതിന്റെ ഉദ്ദേശമാണ്. സൗഹൃദം പുലർത്തുന്ന കെട്ടുറപ്പുള്ള ഒരു ജനസമുദായത്തെ വാർത്തെടുക്കുവാനും അതു യത്നിക്കുന്നു.

7. കൃഷിനിലങ്ങൾ സംയോജിപ്പിച്ചൊന്നാക്കലും ഭരണം കൂട്ടായി നടത്തലും സഹകരണകൃഷിയുടെ അർത്ഥവ്യാപ്തിയിൽപെടുന്നു. കൃഷിനിലങ്ങളുടെ സംയോജനം രണ്ടുവിധമാകാം. 1. നിലങ്ങളുടെ ഉടമാവകാശം വ്യക്തികളിൽ നിലനിർത്തിക്കൊണ്ട്, 2. ഉടമാവകാശം സംഘത്തിനാക്കിക്കൊണ്ട്. ആദ്യത്തെ ഇനത്തിൽ പെട്ട സംഘങ്ങൾ കൂട്ടുകൃഷി (Joint farming) സംഘങ്ങൾ എന്നു പറയപ്പെടുന്നു. രണ്ടാമത്തെ ഇനം കൂട്ടുടമകൃഷി (Collective farming) സംഘങ്ങൾ എന്നും.

കൂട്ടുകൃഷി(Joint farming)സംഘങ്ങൾ

8. കൂട്ടുകൃഷി സംഘത്തിലംഗമാകുന്ന കർഷകനു അവൻ സംഘത്തിലേയ്ക്കു വിട്ടുകൊടുക്കുന്ന കൃഷിഭൂമിയിന്മേൽ അവനുള്ള അവകാശം അവന്റേതായി നിലനിൽക്കും. കൃഷിപ്രവർത്തനം കൂട്ടായി നടക്കുന്നു എന്നുവെച്ച് അവന്റെ ഭൂമിയിന്മേൽ അവനുള്ള അവകാശം തരിമ്പും ബാധിക്കപ്പെടുന്നില്ല. ഭൂമി പൊതുവായി വിടുന്നത് എത്ര കാലത്തേയ്ക്കാണെന്നു സംഘം റജിസ്റ്റർ ചെയ്യുമ്പോൾ അംഗങ്ങൾ നിശ്ചയിക്കുന്നതാണ്. സാധാരണ അത് അഞ്ചു കൊല്ലത്തേയ്ക്കായിരിക്കും. കൂട്ടുപ്രവർത്തനംകൊണ്ടു ഗുണമോ ദോഷമോ എന്നൊന്നു പരീക്ഷിച്ചറിയണമെങ്കിൽ ഒരഞ്ചുകൊല്ലമെങ്കിലും വേണമല്ലോ.

9. സംഘത്തിൽനിന്നൊരുവൻ വിട്ടുപോവുകയാണെന്നിരിക്കട്ടെ. തന്റെ ഭൂമി തിരിച്ചുകിട്ടാൻ അവനവകാശമുണ്ട്. അവന്റെ ഭൂമി അവനു തിരിച്ചുകൊടുക്കാൻ കൃഷിഫാറം വെട്ടിമുറിക്കാതെ തരമില്ലെന്നു വരികയാണെങ്കിൽ അവനു ഭൂമി നൽകുന്നത് ഒരറ്റത്ത് എവിടെയെങ്കിലുമായെന്നു വരും. തരവും ഗുണവും ഒപ്പിച്ചുതന്നെ നൽകും. അല്ല, സമ്മതമാണെങ്കിൽ നൽകുന്നതു വിലയായിട്ടുമാകാം. അക്കാര്യത്തിലംഗീകരിക്കേണ്ട നയം ഇതാണ്, വിട്ടുപോകുന്ന ആൾക്കു കഷ്ടനഷ്ടങ്ങൾക്കിടയാകരുത്. കൃഷിഫാറത്തിനു തകരാറു സംഭവിക്കയുമരുത്. ഭൂമി പൊതുവായി വിടുന്നതിലും, പിൻവലിച്ചുപോകുന്നതിലും വ്യക്തമായൊരു നടവടിക്രമം സംഘം ആരംഭത്തിലേ നിശ്ചയിച്ചിരിക്കണം.

10. വിട്ടുകൊടുത്ത ഭൂമിക്ക് അതിന്റെ വളക്കൂറും, ഉൽപാദനക്ഷമതയും, വിലപിടിപ്പും അടിസ്ഥാനപ്പെടുത്തി പ്രതിഫലം ലഭിക്കുന്നതിന് ഓരോ മെമ്പർക്കും അവകാശമുണ്ട്. സംഘത്തിൽ ചേരാനാഗ്രഹിക്കുന്ന നന്നാലേക്കർ ഭൂമിയുള്ള രണ്ടുപേരെ ഉദാഹരണമായെടുക്കാം. ഒന്നാമത്തേവന്റെ ഭൂമിയിൽ ഏക്കറിനു 14 മന്നു വിളയും; രണ്ടാമന്റെ ഭൂമിയിൽ 7 മന്നും, ഒന്നാമനു രണ്ടാമനെ അപേക്ഷിച്ചു കൂടുതൽ പ്രതിഫലം ലഭിക്കും. എരട്ടിതന്നെ എന്നു കരുതാം.

11. ഉടമസ്ഥാവകാശത്തിനു പ്രതിഫലം നൽകൽ രണ്ടുവിധത്തിലാകാം. ഒന്നു മൊത്തം ഉൽപാദനത്തിൽനിന്നെടുത്തുകൊടുക്കുക. ഇങ്ങനെയാണെങ്കിൽ, പ്രതിഫലം, ഭൂമിക്കു കുടിയായ്മനിയമമനുസരിച്ചു ലഭിക്കാവുന്ന പാട്ടത്തിന്റെ തോതിൽ കവിയരുത്. രണ്ട്, മൊത്തം ഉൽപാദനത്തിൽനിന്നു പ്രയത്നച്ചിലവു കഴിച്ചുള്ള ആദായത്തിൽനിന്നു കൊടുക്കുക. പ്രയത്നച്ചിലവിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു. i. ഭൂനികുതി, ii. ഭൂമി പാട്ടത്തിനേറ്റതാണെങ്കിൽ അതിന്റെ പാട്ടം. iii. വായ്പകളിന്മേലും, ഡെപ്പോസിറ്റുകളിന്മേലും നൽകേണ്ട പലിശ, iv. വാങ്ങിയ വായ്പയുടെ തന്നാണ്ടുതവണ, v. വിത്തു, വളം, ഉപകരണങ്ങൾ ഇവയുടെ വില.

vi. കൂലിച്ചിലവു്, vii. ഭരണച്ചിലവുകളും മററം. ഈ ചിലവുകളൊക്കെ നീക്കി ശേഷിക്കുന്ന ആദായത്തിൽനിന്നു ഭൂമിയിന്മേലും ഭൂമിയിൽ നടത്തിയ ജോലിയിന്മേലും പ്രതിഫലം നൽകുകയും യന്ത്രോപകരണങ്ങൾക്കും മററം തേമാനത്തിനു വക നീക്കുകയും ചെയ്യുന്നു. എല്ലാംകഴിച്ചുണ്ടാകുന്നതാണു് അററ ലാഭം.

12. അററലാഭത്തിൽനിന്നു കരുതൽധനത്തിലേക്കു് ഒരുവീതം നീക്കിയുണ്ടാകുന്ന തുകയിൽനിന്നു് ഒരുഭാഗം അംഗങ്ങൾക്കു ബോണസ്സ നൽകാനുപയോഗിക്കുന്നു. അതിൻെറ സിംഹഭാഗവും അംഗങ്ങൾ ചെയ്തുതീർത്ത പണിയുടെ അടിസ്ഥാനത്തിലായിരിക്കും നൽകുന്നതു്. പണി അധികമെടുക്കുന്നവക്കു് അധികം കിട്ടും. പണികൾ നന്നായി ചെയ്യുന്നവക്കു പ്രത്യേകപ്രോത്സാഹനം നൽകുന്നു. വിദഗ്ധതൊഴിലിനു കൂടുതൽ കൂലി നൽകുകയും ചെയ്യുന്നു. ഒരു വീതം ഭൂമിയുടെ ഉടമാവകാശത്തിന്മേൽ ബോണസ്സ നൽകാനും വിനിയോഗിക്കാം. ഭൂമിയുടെ ഉടമസ്ഥാവകാശത്തിനും, ചെയ്തുതീക്കുന്ന പണിക്കും ബോണസ്സ നൽകുന്നതു സംബന്ധിച്ചുള്ള നയം പൊതുയോഗം നിശ്ചയിക്കുന്നതായിരിക്കും. അററാദായത്തിൽനിന്നു വിവിധഫണ്ടുകൾ രൂപീകരിക്കാൻ ബൈലായിൽ വ്യവസ്ഥപ്പെടുത്തിയിരിക്കും.

കൂട്ടടമകൃഷി (Collective farming).

13. കൂട്ടടമകൃഷിസംഘത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശം അംഗങ്ങൾ സമ്മതിച്ചു സംഘത്തിലേക്കു വിട്ടുകൊടുക്കുകയാണു്. ഉടമസ്ഥാവകാശം വിട്ടുകൊടുക്കുമ്പോൾ, വിട്ടുകൊടുക്കുന്ന ഭൂമിക്കു വിലയിരുത്തും. എന്നിട്ടതു് ഓഹരികളാക്കി മാററം. ഓഹരികളിന്മേൽ അററാദായത്തിൽനിന്നു ഡിവിഡണ്ടു നൽകുന്നു. ഉടമസ്ഥാവകാശത്തിൻെറ പേരിൽ പ്രത്യേകമായ പ്രതിഫലമൊന്നും നൽകില്ല. പ്രതിഫലവും ബോണസ്സും നൽകും, ചെയ്യുന്ന പണിയുടെ അടിസ്ഥാനത്തിൽ. സംഘടന, ഭരണം, നിത്യനിദാനപ്രവത്തനം എന്നിവ സംബന്ധിച്ചേടത്തോളം കൂട്ടടമകൃഷിയും കൂട്ടുകൃഷിയും തമ്മിൽ അന്തരമില്ല.

14. സ്വന്തഭൂമിയുള്ള കൃഷിക്കാർക്കു കൂട്ടുകൃഷി സംഘമുണ്ടാക്കുകയാണെളുപ്പം. അംഗങ്ങളോരോരുത്തരും കൂട്ടുപ്രവത്തനത്തിന്നായി വിട്ടുകൊടുക്കുന്ന ഭൂമികൾ വിസ്തീർണ്ണത്തിലും ഉൽപാദനക്ഷമതയിലും വ്യത്യാസപ്പെട്ടിരിക്കും. ചിലപ്പോൾ സാരമായിട്ടുതന്നെ. ഇതൊക്കെ കണക്കിലെടുത്തുകൊണ്ടായിരിക്കും, കൂട്ടുകൃഷിസംഘം ആദായവിഭജനം നടത്തുന്നതു്.

15. കലക്ടീവ്ഫാമിങ്ങ്സംഘങ്ങൾ സാധാരണ സംഘടിപ്പിക്കുന്നതു സക്കാർഭൂമിയിലോ, തരിശുഭൂമിയിലോ പുതുതായി തെളിയിച്ചെടുത്ത ഭൂമിയിലോ ആയിരിക്കും. അത്തരം ഭൂമികൾ സംഘത്തിനു നേരിട്ടു് അലോട്ടു ചെയ്യുന്നതാണു്. സംഘങ്ങൾക്കു സാമ്പത്തികശേഷിയുണ്ടാകണമെങ്കിൽ അതിനു വേണ്ടുവോളം ഭൂമിയുണ്ടാവുകയും, ഉള്ള ഭൂമി ഒന്നിച്ചുള്ള ബ്ളോക്കുകളായി ലഭിച്ചിരിക്കുകയും വേണം.

16. കലക്ടീവ്ഫാമിങ്ങിലും ജോയിൻറ്ഫാമിങ്ങ് സംഘങ്ങളിലെന്നപോലെ, സ്റ്റേററിൻെറ നിയന്ത്രണമോ നിർദ്ദേശമോ കൂടാതെ അംഗങ്ങൾ ജനകീയാടിസ്ഥാനത്തിൽ പ്രവത്തനം നടത്തുന്നു.

സംഘടനാസ്വഭാവം.

17. മണ്ണു, മഴ, ശീതോഷ്ണാവസ്ഥ എന്നിവയിലെല്ലാം റീജിയനുകൾ തമ്മിലും, ജില്ലകൾതമ്മിലും, ചിലപ്പോൾ ജില്ലയ്ക്കകത്തുതന്നെയും അന്തരം കണ്ടേക്കും. തന്മൂലം കാഷികപ്രവത്തനങ്ങളിലും വിളവെടുപ്പുസമ്പ്രദായത്തിലും കാര്യമായ വ്യത്യാസം അനുഭവപ്പെടുന്നു. കൃഷിയുടെ തീവ്രതയിലുമുണ്ടു് അന്തരം. കഷകക്കു പ്രതിശീഷം ലഭിക്കാവുന്ന ഭൂമിയുടെ തോതും ഒരുപോലെയല്ല. എല്ലാററിലുമുപരി പരിഷ്കൃതകൃഷിരീതികൾ കൈക്കൊള്ളുവാൻ കഷകനുള്ള കഴിവും, സഹകരണകൃഷിസംഘങ്ങളേപ്പെടുത്തി പ്രവത്തിക്കാൻ മുതിരുമ്പോൾ കണക്കിലെടുക്കേണ്ടതാണു്.

18. അംഗീകരിക്കുന്ന സങ്കേതങ്ങളും സമ്പ്രദായങ്ങളും ജനങ്ങളുടെ ബുദ്ധിക്കും പ്രാദേശികസ്ഥിതികൾക്കും ഇണങ്ങിയിരിക്കണം. കേന്ദ്രത്തിൽനിന്നോ, സ്റ്റേററുതലസ്ഥാനത്തുനിന്നോ ഒരു പൊതുരൂപം വാർത്തുവിട്ടാൽ അതു നാട്ടിൽ പ്രയോഗക്ഷമമായെന്നു വരില്ല. അതുകൊണ്ടു നിയതമായൊരു ഫോർമുല അക്കാര്യത്തിൽ ലഭിക്കുമെന്നാശിക്കേണ്ട.

19. സംഘം റജിസ്റ്റർ ചെയ്യുംമുമ്പെ അംഗങ്ങൾക്കു താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തമായൊരു ധാരണയുണ്ടായിരിക്കേണ്ടതാണ്. i. കൂട്ടായ പ്രവർത്തനംകൊണ്ട് ഉൽപാദനം, തൊഴിൽ, വരുമാനം ഇവ എത്രകണ്ടു വർദ്ധിപ്പിക്കാം. ii. ആത്യന്തികമായും തുടർന്നങ്ങോട്ടും എന്തെല്ലാം ചുമതലകളും, പദ്ധതികളും ഉൽപാദനാഭിവൃദ്ധിക്കായി കൈയേററു നടത്തണം. iii. ഏതെല്ലാം ഭാഗത്തുനിന്ന് എത്രകണ്ടു സാമ്പത്തികസഹായം ലഭിക്കാം. iv. അംഗങ്ങൾക്ക് എന്തെല്ലാം അവകാശങ്ങളും ചുമതലകളുമുണ്ട്. v. കൃഷിയിടങ്ങളുടെ ഭരണപരമായ നടവടിക്രമം എങ്ങിനെയിരിക്കണം. vi. സംഘത്തിന്റെ പ്രവർത്തനത്തിനാവശ്യമായ നിയമങ്ങളും റൂളുകളും.

20. പാടത്തിറങ്ങി പണിയെടുക്കാനും, അംഗീകരിക്കപ്പെടുന്ന മററു കൃത്യങ്ങൾ നടത്താനും തയ്യാറുള്ളവർക്കായി അംഗത്വം തുറന്നുവിട്ടിരിക്കണം. ഫാമിൽ പ്രവർത്തിക്കാൻ കഴിയാത്തവരേയും അംഗങ്ങളായി ചേർക്കാം; ഫാമിൽ പണിയെടുക്കാൻ കഴിയാത്തതു പ്രായാധിക്യംമൂലമോ, ആരോഗ്യക്കുറവിനാലോ, ജോലിയോ ഭൂമിയോ ഫാമിനു പുറത്തെങ്ങാനുമായതിനാലോ ആണെങ്കിൽ. എന്നാൽ ഫാമിൽ പ്രവർത്തിക്കാത്തവരും താമസിക്കാത്തവരുമായ അംഗങ്ങളുടെ എണ്ണം ആകെ അംഗങ്ങളുടെ നാലിലൊന്നിൽ കവിഞ്ഞുപോകരുതു്. അംഗങ്ങളല്ലാത്തവരുടെ ഭൂമി, നിയമമനുസരിക്കുമെങ്കിൽ പാട്ടത്തിനേൽക്കാൻ വിരോധമില്ല.

21. സഹകരണകൃഷിസംഘത്തെ ക്രമത്തിലെങ്കിലും സാമ്പത്തികശേഷിയുള്ളതാക്കിത്തീർക്കണം. അതിനു മതിയായത്ര ഭൂമിയും അംഗങ്ങളുമെങ്കിലും ഉണ്ടായിരിക്കാൻ മനസ്സിരുത്തേണ്ടതാണ്. പ്രാദേശികസ്ഥിതികൾ നോക്കി സ്റ്റേററുഗവൺമെണ്ടുകൾ നിശ്ചയിക്കേണ്ട കാര്യമാണിതു്. വലുപ്പംകുറഞ്ഞ സംഘങ്ങളും റജിസ്റ്റാക്കാം. എന്നാൽ അവയ്ക്കു പ്രത്യേകമായ സഹായങ്ങൾക്കർഹതയുണ്ടാവില്ല.

22. വലുപ്പം എത്രകണ്ടാകാമെന്നു ചോദിക്കുകയാണെങ്കിൽ ഭൂമി പടവായി കിടക്കുന്നതും ഒരേ തരത്തിലുള്ളതുമാകുന്നതാണ് കൂടുതൽ നന്നാവുക എന്നേ പറയാനുള്ളു. അങ്ങനെയായാൽ ആളുകൾ തമ്മിൽ അടുപ്പവും ബന്ധവും ഉണ്ടാകും. ഉരസലുകൾക്കും തെററിദ്ധാരണകൾക്കും കഴിയുന്നതും ഇട്‌വെയ്ക്കാതിരിക്കണം.

ജനകീയസ്ഥാപനം

23. സഹകരണസംഘം ഒരു ജനകീയസ്ഥാപനമാണ്. അംഗങ്ങൾക്കു സമ്മതമല്ലാത്ത ആശയം അടിച്ചേൽപിക്കലോ കുത്തിച്ചെലുത്തലോ അതിലില്ല. വ്യാപാരമമതയ്ക്കും, മാനുഷികമൂല്യങ്ങൾക്കുമാണ് കൂടുതൽ പ്രാധാന്യം നൽകുന്നതു്.

24. ഓരോ അംഗത്തിനുമുണ്ട് ഒരു വോട്ടിനവകാശം. എവനും ഒരു വോട്ടിനേ അവകാശമുള്ളു. അക്കാര്യത്തിൽ സംഘത്തിലേയ്ക്കു വിട്ടുകൊടുത്ത ഭൂമിയുടെ വിസ്തീർണ്ണമോ, എടുത്ത ഓഹരിയുടെ എണ്ണമോ, ചെയ്ത ജോലിയുടെ തുകയോ ഗണനീയമല്ല. ഉൽപാദനപരിപാടിയനുസരിച്ചു ഫാമിൽ പണിയെടുക്കാനെല്ലാ അംഗത്തിനും അവകാശമുണ്ട്. പരസ്പരം സമ്മതിച്ചു നിശ്ചയിച്ചതനുസരിച്ചു ആദായത്തിൽനിന്നു് അവനു വീതം ലഭിക്കുകയും ചെയ്യുന്നു.

25. പൊതുയോഗത്തിൽ പങ്കെടുക്കാനും സ്വതന്ത്രമായി തുറന്നഭിപ്രായം പറയുവാനും ഓരോ അംഗത്തിനും അവകാശമുണ്ട്. അംഗങ്ങൾ പൊതുയോഗത്തിൽ ഹാജരായി അഭിപ്രായപ്രകടനം നടത്തുകയും, തീരുമാനങ്ങളിൽ പ്രേരണ ചെലുത്തുകയും ചെയ്യുന്നതിന്റെ തോതു